കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# സുൽത്താൻ ബത്തേരി നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട് 2018-2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail: dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.എം.3-119/2020

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ – 673121
തീയതി: 12.03.2020
ഫോൺ: 04936-203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)

സുൽത്താൻ ബത്തേരി നഗരസഭ.

സർ,

വിഷയം :- സുൽത്താൻ ബത്തേരി നഗരസഭ - 2018-2019സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സുൽത്താൻ ബത്തേരി നഗരസഭയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 1-17, 1-36 എന്നീ ഖണ്ഡികകളിലേക്കും ഭാഗം 3-ലെ 3-1, 3-2 എന്നീ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം സുൽത്താൻ ബത്തേരി നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997-ലെ കേരള നഗരപാലികാ-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997-ലെ കേരളാ നഗരപാലികാ പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)(3)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ(ഇൻചാർജ്),

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.tഎം.3-119/2020

തിയതി: 12/03/.2020

**വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭയുടെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 31.03.2018 മുതൽ 30.06.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. പി. മോഹനൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14.01.2020മുതൽ 29.01.2020വരെ | |
| ഓഡിറ്റ് നടത്തിയ | : | ശ്രീ. അഗസ്റ്റ്യൻ | ഓഡിറ്റ് ഓഫീസർ |

| | | | |
|---|---|---|---|
| ഉദ്യോഗസ്ഥർ | | ഒ.കെ. | |
| | | ശ്രീ. നവാസ് കെ.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. ബിന്ദു കെ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. അലി അക്ബർ കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. ഇന്ദു കെ നായർ. | ഓഡിറ്റർ |
| | | ശ്രീമതി. സൗമ്യ ജോൺ. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർപേഴ്സൺ | 1 | ശ്രീ. സഹദേവൻ സി.കെ. | 01.04.2018 മുതൽ 03.04.2018 വരെ (04.04.2018 മുതൽ 25.04.18 വരെ ഇലക്ഷൻ കാരണം ഒഴിവ്) |
| | 2 | ശ്രീ. സാബു ടി.എൽ. | 26.04.2018 മുതൽ 31.03.2019 വരെ |
| വൈസ് ചെയർപേഴ്സൺ | | ശ്രീമതി. ജിഷാ ഷാജി | 01.04.2018 മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(വികസനകാര്യം) | 1 | ശ്രീ. സി.കെ.സഹദേവൻ | 26.04.2018 മുതൽ 31.03.2019 വരെ |
| | 2 | ശ്രീ. ടി.എൽ.സാബു | 01.04.2018 മുതൽ |

| | | | |
|---|---|---|---|
| | | | 03.04.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ക്ഷേമകാര്യം) | | ശ്രീമതി. പി.കെ.സുമതി | 01.04.2018 മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ആരോഗ്യം | | ശ്രീ. ബാബു അബ്ദുൾ റഹിമാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (പൊതുമരാമത്ത് ) | | ശ്രീ.എൽ.സി.പൗലോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വിദ്യാഭ്യാസം ) | | ശ്രീമതി. വത്സ ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | പേര് | | കാലയളവ് |
| മുനിസിപ്പൽ സെക്രട്ടറി | 1 | ശ്രീ. പ്രവീൺ | 01.04.2018 മുതൽ 11.06.2018 വരെ |
| | 2 | ശ്രീ. മുനവ്വർ കെ. | 12.06.2018 മുതൽ 01.07.2018 വരെ |
| | 3 | ശ്രീ.അലി അസ്ഹർ.എൻ.കെ | 02.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി. സുമിന.ടി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രിൻസിപ്പാൾ | | ശ്രീ. കെ.കരുണാകരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മുൻസിപ്പൽ എഞ്ചിനീയർ | | ശ്രീ. കെ.മുനവർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | 1 | ശ്രീ. ജയേഷ്.വി | 01-04- |

| | | | |
|---|---|---|---|
| | | | 2018മുതൽ 30-07-2018 വരെ |
| | 2 | ശ്രീ. ജയകൃഷ്ണൻ | 31-07-2018 മുതൽ 31-03-2019വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി. പ്രജിഷ | 01.04.2018 മുതൽ 31.03.2019 വരെ |
| ടി.ഇ.ഒ | | ശ്രീമതി. ഗിരിജ.പി.വി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ചെതലയം | 1 | ഡോ.സിന്ദു | 01-04-2018 മുതൽ 09-08-2018 വരെ |
| | 2 | ഡോ.നിധിൻ.എസ്.എൽ | 10-08-2018 മുതൽ 31-03-2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | | ശ്രീമതി. സാലി ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ.ഹരിലാൽ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | | ഡോ.മോഹനൻ | 01.04.2018 മുതൽ 31.03.2019 വരെ |
| എസ്.ഇ.ഡി.ഒ | | ശ്രീമതി. ജീന.സി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശ്രകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണസംവിധാനം-ഫലപ്രദമല്ല. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | രശീതി പിരിവ് - അപാകതകൾ | 1-12 |
| 13 | നഗരസഭയുടെ കീഴിലുള്ള കംഫർട്ട് സ്റ്റേഷനുകൾ ലാഭകരമായി പ്രവർത്തിക്കുന്നു. | 1-13 |
| 14 | വരുവിനങ്ങളിലെ കുടിശ്ശിക വർദ്ധിക്കുന്നു. | 1-14 |
| 15 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-15 |
| 16 | കെട്ടിട വാടക വർദ്ധനവ് - വാടക വർദ്ധനവിൽ നൽകിയ ഇളവ് തുടരുന്നതിനാൽ വാടകയിനത്തിൽ കുറവ് | 1-16 |
| 17 | വസ്തുനികുതി നിരക്ക് പുനർ നിർണ്ണയിച്ചത് വിജ്ഞാപനം ചെയ്തില്ല | 1-17 |
| 18 | കെട്ടിട നിർമ്മാണ ചട്ടപ്രകാരം ആവശ്യം ഒഴിച്ചിടേണ്ട സ്ഥലം പാർക്കിംഗ് ഏരിയയായി കാണിച്ച് പെർമ്മിറ്റ്/ഒക്യുപെൻസി നൽകുന്നു. | 1-18 |
| 19 | ലൈസൻസിനുള്ള അപേക്ഷയിൽ വ്യാജ കെട്ടിട നമ്പരിൽ ലൈസൻസ് നൽകി | 1-19 |
| 20 | ബസ്സ്റ്റാന്റ് ഫീസ് പിരിവ് - പിഴ ഈടാക്കിയതിൽ കുറവ് | 1-20 |
| 21 | മന്ദംകൊല്ലി ചപ്പക്കൊല്ലി റോഡ് റീടാറിംഗ് -അനാവശ്യനിയമനടപടികൾ മൂലം നഗരസഭക്ക് നഷ്ടം | 1-21 |
| 22 | കേസ് നടത്തിപ്പ് -വിധി നടപ്പാക്കുന്നതിൽ താമസം | 1-22 |
| 23 | പൈപ്പ് ലൈൻഎക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. | 1-23 |
| 24 | എസ്.എസ്.എ.ക്ക് നൽകിയ തുകയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. | 1-24 |
| 25 | പദ്ധതിരൂപീകരണം -നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകതകൾ | 1-25 |
| 26 | സൗഭാഗ്യ ഭവനപദ്ധതി വായ്പ തിരിച്ചടക്കുന്നതിൽ അപാകങ്ങൾ-പലിശക്ക് മേലെ വീണ്ടും പലിശ അടക്കുന്നു. | 1-26 |
| 27 | അങ്കണവാടികളുടെ നിർമ്മാണം | 1-27 |

| | | |
|---|---|---|
| | -തുക ഡെപ്പോസിറ്റ് ചെയ്തു-പദ്ധതി പൂർത്തീകരിച്ചില്ല. | |
| 28 | മാലിന്യസംസ്കരണപ്ലാന്റ് യാഥാർത്ഥ്യമായിട്ടില്ല. | 1-28 |
| 29 | വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-29 |
| 30 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - രേഖകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ | 1-30 |
| 31 | നെൽകർഷകർക്ക് നെൽകൃഷിസബ്സിഡി- | 1-31 |
| 32 | അങ്കണവാടികളിലേക്കുള്ള പോഷകാഹാര പദ്ധതി- അപാകതകൾ | 1-32 |
| 33 | ലൈഫ്- ജനറൽ പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണം - മുൻ ഭവന പദ്ധതിയിൽ പൂർത്തീകരിച്ച ഘട്ടങ്ങൾക്കും ആനുപാതിക വർദ്ധനവ് അനുവദിച്ചതിനാൽ അധികച്ചെലവ്. | 1-33 |
| 34 | ലൈഫ് ഭവന പദ്ധതി - ആരംഭഘട്ടത്തിലെ സ്റ്റേജ് വ്യക്തമാകുന്നില്ല. | 1-34 |
| 35 | ലൈഫ് ഭവന പദ്ധതി - ഫേസ് 1 – വീടുകൾ പൂർത്തീകരിട്ടില്ല. | 1-35 |
| 36 | ഇ ടെണ്ടർ വിളിക്കാതെ സാധനങ്ങൾ നേരിട്ട് വാങ്ങി - തടസ്സം 23,12,623/-രൂ | 1-36 |
| 37 | പൊതുമരാമത്ത് ഫയലുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-37 |
| 38 | ഇ ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിച്ച തുക മുൻസിപ്പാലിറ്റിയിൽ അടവാക്കിയിട്ടില്ല. | 1-38 |
| 39 | ടാർ ഉപയോഗിക്കാതെ അവശേഷിക്കുന്നു. | 1-39 |
| 40 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല | 1-40 |
| 41 | ജലസേചന /കുടിവെള്ള പ്രവൃത്തി-ഗുണഭോക്തൃ വിഹിതം ഈടാക്കാത്തത് | 1-41 |
| 42 | കുടിവെള്ള പദ്ധതി പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ എല്ലാ ഇനങ്ങളും പൂർത്തിയാക്കാത്തതിനാൽ കുടിവെള്ള പദ്ധതിഉപയോഗപ്രദമല്ല. | 1-42 |
| 43 | ആധുനിക മത്സ്യ മാർക്കറ്റ് പ്രവർത്തന ക്ഷമമായില്ല | 1-43 |
| 44 | തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിലും രേഖകൾ | 1-44 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നതിലും അപാകങ്ങൾ | |
| 45 | തെരുവുനായനിയന്ത്രണം-A.B.C.പ്രോജക്ട് -തുക ഡെപ്പോസിറ്റ് ചെയ്തത് വിനിയോഗവിവരങ്ങൾ ലഭ്യമല്ല. | 1-45 |
| 46 | വാഹനത്തിൽ ഇന്ധനം നിറക്കുന്നതിലും ലോഗ് ബുക്ക് സൂക്ഷിക്കുന്നതിലും അപാകങ്ങൾ. | 1-46 |
| 47 | ജലസേചന/കുടിവെള്ള പ്രവൃത്തി-ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല. | 3-1 |
| 48 | മന്ദംകൊല്ലി ചപ്പക്കൊല്ലി റോഡ് റീടാറിംഗ് -അനാവശ്യനിയമനടപടികൾ മൂലം നഗരസഭക്ക് നഷ്ടം | 3-2 |
| 49 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 50 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 51 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 53 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 54 | സ്ഥിര നിക്ഷേപം | 4-6 |
| 55 | ഓഡിറ്റ് റിക്കവറി | 4-7 |
| 56 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 57 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 58 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 59 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 60 | ന്യൂനതകളുടെ സംഗ്രഹം | അനുബന്ധം -2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

17.03.2018 -ാം തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 20.02.2019-ാം തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

നഗരസഭ അംഗീകരിച്ച ബജറ്റ് പ്രകാരം തൻവർഷത്തെ പ്രതീക്ഷിത വരവ് ₹36,84,29,600/- ഉം പ്രതീക്ഷിത ചെലവ് ₹ 39,56,96,764/- യുമാണ്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം വരവ് ₹27,65,30,691/-ഉം ചെലവ് ₹28,83,54,056/-മാണ്. യാഥാർത്ഥ്യത്തോട് യാതൊരു പൊരുത്തവുമില്ലാത്ത ബജറ്റ് ആണ് നഗരസഭ തയ്യാറാക്കി അംഗീകരിച്ചത്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.07.2019 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| പരിശോധന നടത്തിയ തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 21.08.2019 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി എം2-649/19<br>തീയതി 22.08.2019 |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിച്ചിട്ടില്ല. ആയത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 4,24,74,219/- |
| വരവ് | ₹ 27,65,30,691/- |
| ആകെ | ₹ 31,90,04,910/- |
| ചെലവ് | ₹ 28,83,54,056/- |
| നീക്കിയിരിപ്പ് | ₹ 30,650,854/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി (₹) | അലോട്ട്മെന്റ് വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി/ ലാപ്സ്ഡ് (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 31105070 | 31105070 | 31105070 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 7469000 | 7469000 | 7274000 | 195000 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 21347000 | 21347000 | 17600454 | 3746546 |
| മെയിന്റനൻസ്റോഡ് (ACR പ്രകാരം) | - | 26095000 | 26095000 | 26086226 | 8774 |
| മെയിന്റനൻസ് | - | 6252000 | 6252000 | 6252000 | - |

| | | | | | | |
|---|---|---|---|---|---|---|
| നോൺ-റോഡ് (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | | - | 17143747 | 17143747 | 10480444 | 6663303 |
| കെ.എൽ.എസ്.ജി. ഡി.പി (ACR പ്രകാരം) | | - | - | - | - | - |
| ബി ഫണ്ട് | | - | 65640 | 65640 | 41160 | 24480 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | - | 17187940 | 17187940 | 17187940 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 29628221 | 55734153 | 85362374 | 74286923 | 11075451 |
| | ട്രഷറി അക്കൗണ്ട് | 1130950 | 17187940 | 18318890 | 14616852 | 3702038 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 545 | 262495268 | 345 | 137676215 | - | 200 | 63.3% |

പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവേദം | 3 | 3 | 10,00000 | 969592 | 97 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 825000 | 805041 | 97.6 |
| കൃഷി ഓഫീസർ | 10 | 8 | 5979520 | 4159604 | 69.6 |
| ട്രൈബർ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 80410 | 80410 | 100 |
| സെക്രട്ടറി നഗരസഭ | 42 | 31 | 54547838 | 33801521 | 62 |
| വെറ്റിനറി സർജൻ | 4 | 3 | 3098000 | 632282 | 20.4 |
| ഡെപ്യൂട്ടി ക്ഷീര വികസനം | 2 | 2 | 2300000 | 2300000 | 100 |
| മുനിസിപ്പൽ എഞ്ചിനീയർ | 432 | 256 | 175632256 | 80628697 | 45.9 |
| ഐ.സി.ഡി.എസ് ഓഫീസർ | 16 | 13 | 9577344 | 6506532 | 67.9 |
| പ്രിൻസിപ്പാൾ ഹയർ സെക്കന്ററി | 21 | 14 | 6754900 | 6241923 | 92.4 |
| മെഡിക്കൽ ഓഫീസർ | 11 | 11 | 2700000 | 1550613 | 57.4 |

| | | | | | |
|---|---|---|---|---|---|
| പി.എച്ച്.എസ്.സി | | | | | |
| ആകെ | 545 | 345 | 262495268 | 137676215 | 63.3% |

തയ്യാറാക്കിയ പദ്ധതികളിൽ 63.3% മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. വകയിരുത്തിയ തുകയിൽ 52.4% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തി, തുകകൾ വകയിരുത്തി തയ്യാറാക്കിയ പദ്ധതികൾ പൂർണ്ണമായും നടപ്പാക്കാൻ കഴിയാത്തത് വീഴ്ചയായി കാണുന്നു. പദ്ധതിനടത്തിപ്പ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| | | | ഭരണ ചെലവുകൾ | ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | |
| 1026837 | 5058045 | 6084882 | 114000 | 3284175 | 2686707 |

വാർഷിക കണക്കുകളുമായി കാഷ് ബുക്ക് യോജിക്കുന്നില്ല. 2017-18 ഓഡിറ്റ് റിപ്പോർട്ടിലെ മുൻബാക്കിയുമായി യോജിക്കുന്നില്ല.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46,080/- | 24 |
| കർഷകതൊഴിലാളി പെൻഷൻ | 60,93,700/- | 554 |
| വിധവാപെൻഷൻ | 2,04,01,600/- | 1750 |
| വാർദ്ധക്യകാലപെൻഷൻ | 2,56,58,400/- | 2333 |
| വികലാംഗപെൻഷൻ | 57,14,400/- | 459 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 5,40,000/- | 6 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2020-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,04,288/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം-ഫലപ്രദമല്ല.

നഗരസഭയിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ യോഗം എല്ലാമാസവും വിളിച്ചുചേർത്ത് പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. 2018-19 കാലയളവിൽ സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുണ്ടെങ്കിലും യോഗമിനിട്സുകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല. പങ്കെടുത്ത ആളുകളുടെ ഒപ്പുകൾ മാത്രം രേഖപ്പെടുത്തി, തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദ്യോഗസ്ഥരുടെ ജോലി പുരോഗതി, നഗരസഭയുടെ മൊത്തത്തിലുള്ള പ്രവർത്തനം പ്രത്യേകിച്ച് ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ കാര്യമായി വിലയിരുത്തപ്പെടുന്നില്ല. ജീവനക്കാരുടെ ജോലി വിഭജനം സംബന്ധിച്ച് സമഗ്രമായ ഓഫീസ് ഉത്തരവ് തയ്യാറാക്കിയിട്ടില്ല. ഉദ്യോഗസ്ഥർക്ക് ചുമതലകൾ ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2018ലെ ജീവനക്കാരുടെ കാഷ്വൽ ലീവ് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല. വിവിധ രജിസ്റ്ററുകളുടെയും അക്കൌണ്ടുകളുടെയും സൂക്ഷിപ്പ് കുറേക്കൂടി കാര്യക്ഷമമാകേണ്ടതുണ്ട്. വാർഷികകണക്ക് പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. സെക്ഷനുകൾ തൻപതിവേട് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചുമതലകൾ നിർവഹിക്കുന്നതിലും പോരായ്മകൾ വന്നിട്ടുണ്ട്. വിവിധ നികുതിയിനങ്ങളിൽ വൻതുകകൾ പിരിഞ്ഞുകിട്ടാൻ ബാക്കിയുണ്ടെങ്കിലും അവ പിരിച്ചെടുക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തുനികുതി, വ്യാപാരികളുടെ തൊഴിൽനികുതി എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഒരു യോഗത്തിൽപോലും പിരിവ് പുരോഗതി അവലോകനം ചെയ്തിട്ടില്ല. ചെലവുകൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതാണോ എന്ന് പരിശോധന നടത്തിയിട്ടില്ല.

നിർവഹണോദ്യോഗസ്ഥരുടെ വാങ്ങലുകൾ സംബന്ധിച്ച് പർച്ചേസിംഗ് കമ്മിറ്റി തീരുമാനം എടുക്കുന്നതിൽ അപാകതകൾ വന്നിട്ടുണ്ട്. ദൈനംദിനപിരിവ് സംബന്ധിച്ച് സാംഖ്യ ഡേബുക്ക്, ബാങ്ക് ബുക്ക്, ക്യാഷ്ബുക്ക്, ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ എന്നിവ കൃത്യമായി പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. രശീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നതിലും നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സ് ചില പേജുകൾ പ്രിന്റ് എടുത്ത് പേജ് നമ്പർ നൽകിയ പേജുകളിൽ ഒട്ടിച്ചതായി കണ്ടു. ഇത് അഭികാമ്യമല്ല.

വിദ്യാഭ്യാസ, കലാ, സാംസ്കാരികസ്റ്റാൻഡിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ അവലോകനം ചെയ്തതിൽ സ്കൂളുകൾ സന്ദർശിക്കാൻ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും സ്കൂളുകൾ

സന്ദർശിച്ച് ഭൗതികസാഹചര്യങ്ങൾ വിലയിരുത്തിയതായോ, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചതായോ കാണുന്നില്ല. ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റിയും അവരുടെ മേഖലയിലുള്ള പദ്ധതിനടത്തിപ്പും മറ്റ് പ്രവർത്തനങ്ങളും അവലോകനം ചെയ്തതായി കാണുന്നില്ല.

എസ്.എസ്.എ ക്ക് നൽകിയ തുക വിനിയോഗിച്ച് ഏതൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്ന് മോണിട്ടർ ചെയ്യുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.08.2015 | 2014-2015 | 25.08.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-12-2018 മുതൽ 31-12-2018 വരെ | 2013-14 മുതൽ 2017-18 വരെ | 7-02-2019 |

## 1-12 രശീതി പിരിവ് - അപാകതകൾ

രശീതികളുപയോഗിച്ചുള്ള പണം പിരിവും രേഖകളുടെ സൂക്ഷിപ്പും പരിശോധിക്കപ്പെടുന്നില്ല.

രശീതികളുപയോഗിച്ചുള്ള പണം പിരിവ്, ഒടുക്ക് എന്നിവയുടെ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യ രശീതികളായി ഇഷ്യൂചെയ്ത സ്റ്റേഷനറികൾ ഉപയോഗിക്കുകയോ, ഏതെങ്കിലും കാരണത്താൽ ഉപയോഗിക്കാതെ വരികയോ ചെയ്യുന്ന രസീതികൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്റ്റേഷനറി നം. |
|---|---|
| 1 | 0068022 |
| 2 | 0057797 |
| 3 | 0057617 |
| 4 | 0059350 |

2. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് 2007, റൂൾ 11(4) പ്രകാരം രശീതികളിൽ തിരുത്തലുകൾ വന്നാൽ അത്തരം രശീതികൾ റദ്ദ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഉപയോഗിച്ച മാനുവൽ രശീതികളിൽ തിരുത്തലുകൾ വന്നിട്ടുണ്ടെങ്കിലും രശീതുകൾ റദ്ദ് ചെയ്യാതെ ഉപയോഗിച്ചു.

ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | 11.03.2019 ന് ശ്രീമതി നീന, ക്ലാർക്ക് ഉപയോഗിച്ച 43-ാം നം. രശീത് ബുക്കിലെ 4250 -ാം നമ്പർ രശീതിയിൽ തിരുത്തലുകൾ വന്നിട്ടുണ്ട്. |
| 2 | 30.03.2019 ന് ശ്രീ സ്റ്റീഫൻ റെബെല്ലോ, ക്ലാർക്ക് ഉപയോഗിച്ച 73-ാം നം. രശീത് ബുക്കിലെ 7298-ാം നമ്പർ രശീതിയിൽ തിരുത്തലുകൾ വന്നിട്ടുണ്ട്. |
| 3 | 18.03.2019 ന് ശ്രീമതി വിനീത, ക്ലാർക്ക് ഉപയോഗിച്ച 48-ാം നം. രശീത് ബുക്കിലെ 4800-ാം നമ്പർ രശീതിയിൽ തിരുത്തലുകൾ വന്നിട്ടുണ്ട്. |
| 4 | 17.05.18 ന് വെറ്ററിനറി സർജ്ജൻ ഉപയോഗിച്ച 23-ാംനം. രശീത് ബുക്കിലെ 2229-ാം നമ്പർ രശീതിയിൽ തിരുത്തലുകൾ വന്നിട്ടുണ്ട്. |

3. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് പ്രകാരം രശീതികൾ ഉപയോഗിച്ച് പണം പിരിവ് നടത്തുമ്പോൾ ഒറിജിനൽ രശീതി കാര്യാലയത്തിൽ സൂക്ഷിക്കുകയും പകർപ്പ് വ്യക്തിക്ക് നൽകുകയുമാണ് ചെയ്യേണ്ടത്. എന്നാൽ കൃഷി ഓഫീസർ ഉപയോഗിച്ച രസീത് ബുക്ക് നം. 61 മുതൽ 69 വരെയുള്ളവയുടെ രശീതികളുടെ പകർപ്പാണ് കാര്യാലയത്തിൽ സൂക്ഷിച്ചിരിക്കുന്നത്.

4. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ്, ചട്ടം 74 പ്രകാരം രശീതി ബുക്കുകൾ ലഭിച്ചു കഴിഞ്ഞാൽ പേജ് നമ്പർ എണ്ണി സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ മാനുവൽ രശീതി ബുക്കുകളിൽ സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

5. സർക്കുലർ നം. 48544/ എബി-1/13/തസ്വഭവ തീയ്യതി 22.04.2014 പ്രകാരം ഡേ ബുക്ക് - ഫ്രണ്ട് ഓഫീസ് കളക്ഷൻ വിവരങ്ങൾ അതാത് ദിവസം പ്രിന്റ് ഔട്ട് എടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി ഓരോ വർഷവും ബുക്കായി ബൈൻഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

6. കാഷ് ബുക്ക്, ബാങ്ക് ബുക്ക് സംക്ഷിപ്തം ദിനം പ്രതി പ്രിന്റ് ഔട്ട് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7. ഓരോ മാസവും ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തി പത്രിക തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 നഗരസഭയുടെ കീഴിലുള്ള കംഫർട്ട് സ്റ്റേഷനുകൾ ലാഭകരമായി പ്രവർത്തിക്കുന്നു.

ചുങ്കം ബസ്സ് സ്റ്റാന്റ്, പഴയ ബസ്സ് സ്റ്റാന്റ്, മുനിസിപ്പാലിറ്റി കോംപ്ലക്സ് എന്നിവിടങ്ങളിലായി ബത്തേരി നഗരസഭയുടെ മൂന്ന് കംഫർട്ട് സ്റ്റേഷനുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മേൽ കംഫർട്ട് സ്റ്റേഷനുകളുടെ മേൽനോട്ടത്തിനും

നടത്തിപ്പിനുമായി സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ആറ് വനിതാ കുടുംബശ്രീ പ്രവർത്തകരെ 250/- രൂപ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ലഭ്യമാക്കിയ രേഖകളുടെയും രജിസ്റ്ററുകളുടെയും അടിസ്ഥാനത്തിലും ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിലും നഗരസഭാ കംഫർട്ട് സ്റ്റേഷനുകൾ നല്ല രീതിയിൽ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മുൻ വർഷങ്ങളിൽ ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി ലേലം വിളിച്ച് സേവനദാതാക്കളെ കണ്ടെത്തുന്ന രീതിയായിരുന്നു അവലംബിച്ചിരുന്നത്. അതിൽ നിന്നും വ്യത്യസ്തമായി രണ്ട് , അഞ്ച് രൂപയുടെ ടോക്കണുകൾ കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നവർക്ക് നൽകി പണം സ്വീകരിക്കുന്ന രീതിയാണ് നിലവിലുള്ളത്. അതാത് ദിവസത്തെ വരുമാനം ഒന്നിച്ച് തൊട്ടടുത്ത ദിവസം രാവിലെ നഗരസഭയിൽ ഒടുക്കുന്നുണ്ട്. 2018-19 ലെ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ടോക്കണുകൾ ഉപയോഗിച്ചുള്ള രീതി നഗര സഭയുടെ വരുമാനം കൂട്ടിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള വരുമാനം(₹) |
|---|---|---|
| 1 | 2015-16 | 1,37,000/- |
| 2 | 2016-17 | 6,36,000/- |
| 3 | 2017-18 | 10,49,911/- |
| 4 | 2018-19 | 14,66,539/- |

നഗരസഭയുടെ കീഴിലുള്ള കംഫർട്ട് സ്റ്റേഷനുകൾ വളരെ ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. എന്നിരുന്നാലും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലി, ടോക്കണുകൾ ഉപയോഗിച്ചുള്ള പണം പിരിവ് എന്നിവ പരിശോധിക്കപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.നഗരസഭ കംഫർട്ട് സ്റ്റേഷൻ ഉപയോഗിക്കുന്നവരിൽ നിന്ന് ഫീസ് ഈടാക്കുന്നതിനായി രണ്ട്, അഞ്ച് രൂപയുടെ ടോക്കണുകൾ നൽകിയിട്ടുണ്ട്. ചുങ്കം ബസ്സ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷനിൽ അഞ്ച് രൂപയുടെ ടോക്കണുകൾ സ്ഥലപരിശോധനയിൽ കണ്ടില്ല. നഗരസഭയിലെ ടോക്കൺ വിതരണം ചെയ്തതായി രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം ടോക്കൺ നം. 48000- 51200 വരെയുള്ള ടോക്കണുകളാണ് വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ സ്ഥലപരിശോധനയിൽ കണ്ട പ്രതിദിന വരവ് രേഖപ്പെടുത്തുന്ന നോട്ട് പുസ്തകത്തിൽ 05.01.2020 മുതൽ 19.01.2020 തീയ്യതി വരെ 51201- 53793 നമ്പറുകളിലുള്ള ടോക്കണുകൾ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 19.01.2020 ൽ ടോക്കൺ നം. 15872 വരെ ഉപയോഗിച്ചതായി പ്രതിദിന വരവ് രേഖപ്പെടുത്തുന്ന നോട്ട് പുസ്തകത്തിൽ എഴുതിയിട്ടുണ്ടെങ്കിലും ടോക്കൺ നം. 15157 മുതൽ ഉള്ളവ ഉപയോഗിക്കാതെ കൈയിൽ സൂക്ഷിച്ചിട്ടുണ്ട്. മാത്രമല്ല കംഫർട്ട് സ്റ്റേഷൻ ഉപയോഗിച്ചതിന് പണം നൽകുന്നവർക്ക് ടോക്കണുകൾ നൽകുന്നില്ല. മറ്റ് കംഫർട്ട് സ്റ്റേഷനുകളിലും സമാനമായ അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. പ്രതിദിന വരവുകൾ നഗരസഭയിൽ

ഒടുക്കുന്നുണ്ടെങ്കിലും നഗരസഭ വിതരണം ചെയ്ത ടോക്കണുകൾ ഉപയോഗിക്കുന്നുണ്ടോ , ഏതുവരെ ഉപയോഗിച്ചു എന്നുള്ള വിവരങ്ങൾ ഉത്തരവാദിത്തപ്പെട്ടവർ പരിശോധിക്കുന്നില്ല. പ്രതിദിന വരവുകൾ നഗരസഭയിൽ സ്വീകരിക്കുന്നതോടൊപ്പം ടോക്കണുകളുടെ ഉപയോഗം കൂടി പരിശോധിക്കുന്നത് ഉചിതമായിരിക്കും.

നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച മുകളിൽ സൂചിപ്പിച്ച കംഫർട്ട് സ്റ്റേഷനുകളിൽ ടോക്കൺ ഉപയോഗിച്ചുള്ള പണം പിരിവ് രീതി വളരെ ഫലപ്രദമായി നടക്കുന്നുണ്ട്. ഇപ്രകാരം ചെയ്തതിലൂടെ നിർദ്ധനരായ ആറ് വനിതകൾക്ക് തൊഴിൽ നൽകുന്നതിനും അതിലൂടെ അവരുടെ കുടുംബങ്ങൾക്ക് ഒരു കൈത്താങ്ങാവുന്നതിനും നഗരസഭക്ക് സാധിച്ചത് പ്രശംസനീയമാണ്.

## 1-14 വരവിനങ്ങളിലെ കുടിശ്ശിക വർദ്ധിക്കുന്നു.

1) വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2018-19 ലെ വാടകയുടെ കുടിശ്ശിക ഡിമാന്റ് 28,97,602/- രൂപയും, കളക്ഷൻ 4,19,336/- രൂപയും എഴുതി തള്ളിയത് 7,928/- രൂപയും ബാലൻസ് 24,70,338/- രൂപയുമാണ്. 1985-86 മുതലുള്ള കുടിശ്ശിക ഇതിൽ ഉൾപ്പെടുന്നു. രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|---|
| 1 | 1985-86 | 593 | - | 593 |
| 2 | 1986-87 | 4800 | - | 4800 |
| 3 | 1987-88 | 904 | - | 904 |
| 4 | 1989-90 | 12753 | - | 12753 |
| 5 | 1990-91 | 11540 | - | 11540 |
| 6 | 1991-92 | 16891 | - | 16891 |
| 7 | 1992-93 | 61334 | - | 61334 |
| 8 | 1993-94 | 36536 | - | 36536 |
| 9 | 1994-95 | 450 | - | 450 |
| 10 | 1996-97 | 1060 | - | 1060 |
| 11 | 1997-98 | 20724 | - | 20724 |
| 12 | 1998-99 | 355757 | - | 355757 |
| 13 | 1999-2000 | 70724 | - | 70724 |
| 14 | 2000-01 | 166116 | - | 166116 |
| 15 | 2001-02 | 293558 | - | 293558 |
| 16 | 2002-03 | 112420 | - | 112420 |
| 17 | 2003-04 | 454157 | - | 454157 |
| 18 | 2004-05 | 290705 | - | 290705 |
| 19 | 2005-06 | 52152 | - | 52152 |
| 20 | 2006-07 | 69000 | - | 69000 |
| 21 | 2007-08 | 23571 | - | 23571 |
| 22 | 2008-09 | 11479 | - | 11479 |
| 23 | 2010-11 | 10743 | - | 10743 |
| 24 | 2014-15 | 25141 | - | 25141 |
| 25 | 2015-16 | 215207 | 10000 | 205207 |
| 26 | 2016-17 | 67830 | 7875 | 53571 |

| | | | | |
|---|---|---|---|---|
| | | | (6384 രൂപ write off ചെയ്തു) | |
| 27 | 2017-18 | 511457 | 401461 (1554 രൂപ write off) ചെയ്തു) | 108442 |
| | ആകെ | 2897602 | | 24,70,328 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.45/18-19/29.01.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് 539 പ്രകാരം കുടിശ്ശിക ആയ തിയ്യതി മുതൽ മൂന്ന് കൊല്ലത്തിനുശേഷം,യാതൊരു ജപ്തിയും ചെയ്യുകയോ, യാതൊരു വ്യവഹാരവും നടത്തുകയോ, യാതൊരു ശിക്ഷാ നടപടിയും ആരംഭിക്കുകയോ കുടിശ്ശിക ഈടാക്കുന്നതിന്റെ ഭാഗമായി ചെയ്യാൻ പാടുള്ളതല്ല. ആയതിനാൽ കാലതാമസ്സം മൂലം മുനിസിപ്പാലിറ്റിക്കുണ്ടാകുന്ന നഷ്ടത്തിന് ഉദ്യോഗസ്ഥർ ഉത്തരവാദികളാവുന്നതാണ്.

2)വസ്തുനികുതി കുടിശ്ശിക - വസ്തു നികുതിയിനത്തിൽ വാർഷിക കണക്ക് പ്രകാരം 2018-19 ലേക്കുള്ള കുടിശ്ശിക ഡിമാന്റ് 43,41,767 /- രൂപയാണ്. നഗരസഭയിൽ 2018-19 വർഷത്തെ കുടിശ്ശിക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും 2020 ജനുവരി വരെയുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വർഷം | കുടിശ്ശിക |
|---|---|---|
| 1 | 2009-10 | 4015 |
| 2 | 2010-11 | 8100 |
| 3 | 2011-12 | 9328 |
| 4 | 2012-13 | 72719 |
| 5 | 2013-14 | 1700270 |
| 6 | 2014-15 | 1726789 |
| 7 | 2015-16 | 2840527 |
| 8 | 2016-17 | 4955163 |
| 9 | 2017-18 | 5939576 |
| | ആകെ | 17256487 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടതിന് ( നം.45/18-19/29.01.2020)മറുപടി ലഭ്യമാക്കിയിട്ടില്ല.

6.3.2019 ലെ സ.ഉ(സാധാ) നം.540/2019/ത.സ്വ.ഭ.വ പ്രകാരം നഗരസഭകളിലെ വസ്തുനികുതി പരിഷ്ക്കരണത്തിന്റെ പ്രാബല്യ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചിയിക്കുകയും കുടിശ്ശിക തുകയ്ക്ക് പിഴ പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട് . മേൽ ഉത്തരവ് പ്രകാരം വസ്തുനികുതി പരിഷ്ക്കരണം പൂർത്തിയാകാത്ത നഗരസഭകളിലെ എല്ലാ കെട്ടിടങ്ങളുടെയും വിവര ശേഖരണം ,ഫോറം 6 ലെ ഡാറ്റാ എൻട്രി , വെരിഫിക്കേഷൻ , അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടി ക്രമങ്ങളും 2019 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ പൂർത്തീകരിക്കേണ്ടതും 1.04.2016 മുതൽ 31.03.2019 വരെയുള്ള കുടിശ്ശിക 31.12.2019 നുള്ളിൽ ഈടാക്കേണ്ടതുമാണ്. എന്നാൽ ഇത് കുടിശ്ശിക ഈടാക്കിയിട്ടില്ല എന്നാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള

വിവരങ്ങൾ വ്യക്തമാക്കുന്നത്.2018-19 ലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ ,ബാലൻസ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.കേരള മുനിസിപ്പാലിറ്റി ആക്ട് 539 പ്രകാരം കുടിശ്ശിക ആയ തിയ്യതി മുതൽ മൂന്ന് കൊല്ലത്തിനുശേഷം,യാതൊരു ജപ്തിയും ചെയ്യുകയോ, യാതൊരു വ്യവഹാരവും നടത്തുകയോ, യാതൊരു ശിക്ഷാ നടപടിയും ആരംഭിക്കുകയോ കുടിശ്ശിക ഈടാക്കുന്നതിന്റെ ഭാഗമായി ചെയ്യാൻ പാടുള്ളതല്ല. ഇത്തരത്തിൽ 2009-10 മുതൽ 2015-16 വരെയുള്ള വസ്തുനികുതി കുടിശ്ശിക 63,61,748/- രൂപ കാലഹരണപ്പെട്ട തുകയാണ്. വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിലെ കാലതാമസം മൂലം മുനിസിപ്പാലിറ്റിക്കുണ്ടാകുന്ന നഷ്ടത്തിന് ഉദ്യോഗസ്ഥർ ഉത്തരവാദികളാവുന്നതാണ്.

വരവിനങ്ങളുടെ കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

നഗരസഭയിലെ തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ തൊഴിൽനികുതി പിരിക്കുന്നതിലും ആയത് സംബന്ധിച്ച രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ശ്രദ്ധ പതിപ്പിച്ചിട്ടില്ല എന്ന് കാണുകയുണ്ടായി. തൊഴിൽനികുതി സംബന്ധിച്ച പ്രധാന രജിസ്റ്ററുകളായ സ്ഥാപന രജിസ്റ്റർ,വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തൊഴിൽനികുതി റിട്ടേണുകൾ,വ്യാപാരികളുടെ-കച്ചവടക്കാരുടെ വിവരം കാണിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് തുടങ്ങിയ രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആയത് പരിശോധിക്കുകയോ ചെയ്തതായി കാണുന്നില്ല.ഇതിൽ നിന്നും നഗരസഭയുടെ പ്രധാന വരുമാന സ്രോതസ്സായ തൊഴിൽനികുതി ഈടാക്കുന്നതിൽ അധികൃതർ ഗുരുതരമായ വീഴ്ച വരുത്തിയതായി കാണുന്നു.ട്രേഡേഴ്സ് ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ തൊഴിൽനികുതി മുഴുവനായും കൃത്യമായ നിരക്കിൽ പിരിച്ചെടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. തൊഴിൽനികുതി സംബന്ധിച്ച് നഗരസഭയിൽ നിന്നും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഇന്ത്യൻ ഓവർസീസ് ബാങ്ക് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 2 | വികൂറി ഹോസ്പിറ്റൽ | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 3 | ആഷിവ് കെമിക്കൽസ് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 4 | കെ.എസ്.എഫ്.ഇ രണ്ടാം ബ്രാഞ്ച് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 5 | പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രി റൂറൽ ഡവലപ്പ്മെന്റ് ബാങ്ക് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 6 | ഹോട്ടൽ റിസോർട്ട് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 7 | ഐശ്വര്യ തിയേറ്റർ | അർദ്ധവർഷം - 2 സ്ഥാപന |

| | | |
|---|---|---|
| | | തൊഴിൽനികുതി |
| 8 | ബീനാച്ചി എസ്റ്റേറ്റ് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 9 | യു.എ.ഇ എക്സ്ചേഞ്ച് ആന്റ ഫിനാൻഷ്യൽ സർവീസസ് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 10 | വയനാട് ജില്ലാ കോപ്പറേറ്റീവ് ബാങ്ക് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 11 | ഭീമാ ജ്വലറി | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 12 | കെ.വി.ആർ ബജാജ് 3 വീലർ | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 13 | ഇൻഫോസ് എഡ്യുകെയർ | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 14 | കരുണ ഹോസ്പിറ്റൽ | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 15 | ഗഹന ഗോൾഡ് പാലസ് പ്രൈ. ലിമിറ്റഡ് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 16 | മിൽക്ക് സൊസൈറ്റി | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 17 | സുൽത്താൻ ബത്തേരി കോപ്പറേറ്റിവ് ഹൗസിംഗ് സൊസൈറ്റി | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 18 | വിനായക ഹോസ്പിറ്റൽ | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 19 | ഗ്രോഗൾഫ് ഗ്ലോബൽ സർവീസസ് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 20 | കേരള ട്രാൻസ്പോർട്ട് പ്ലാസ്റ്റിക് സൊസൈറ്റി | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 21 | മഹീന്ദ്ര & മഹീന്ദ്ര | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 22 | ബ്രില്ല്യൻസ് കോളേജ് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 23 | ഗാർഡൻ ബേക്സ് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 24 | ആക്സിസ് ബാങ്ക് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 25 | ബജാജ് അലിയൻസ് ഇൻഷുറൻസ് കോപ്പറേറ്റീവ് സൊസൈറ്റി | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 26 | ഐ.ഡി.ബി.ഐ ബാങ്ക് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |

| | | |
|---|---|---|
| 27 | സൗഭാഗ്യ സ്ട്രക്ചറൽ & ഡിസൈൻസ് | അർദ്ധവർഷം - 2 സ്ഥാപന തൊഴിൽനികുതി |
| 28 | ഫെഡറൽ ബാങ്ക് | അർദ്ധവർഷം - 1സ്ഥാപന തൊഴിൽനികുതി |
| 29 | പഞ്ചാബ് നാഷണൽ ബാങ്ക് | അർദ്ധവർഷം - 1 സ്ഥാപന തൊഴിൽനികുതി |
| 30 | ഇന്ത്യൻ കോഫീ ഹൗസ് | സ്ഥാപന തൊഴിൽനികുതി & ജീവനക്കാരുടെ തൊഴിൽനികുതി അർദ്ധവർഷം 1, 2 |
| 31 | എച്ച്.ഡി.എഫ്.സി ബാങ്ക് | സ്ഥാപന തൊഴിൽനികുതി അർദ്ധവർഷം 1, 2 |
| 32 | മുത്തൂറ്റ് മെർക്കന്റൈൽ ലിമിറ്റഡ് | സ്ഥാപന തൊഴിൽനികുതി അർദ്ധവർഷം 1, 2 |
| 33 | സാൻ ജോർജ്ജിയു ഓഫ് സെറ്റ് പ്രിന്റേഴ്സ് | സ്ഥാപന തൊഴിൽനികുതി അർദ്ധവർഷം - 1 |
| 34 | അഡീക്കോ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | സ്ഥാപന തൊഴിൽനികുതി അർദ്ധവർഷം 1, 2 |
| 35 | സിന്റിക്കേറ്റ് ബാങ്ക് | സ്ഥാപന തൊഴിൽ നികുതി 1-ാം അർദ്ധ വർഷം |
| 36 | പി.എൻ.വി ഓട്ടോമേറ്റീവ് മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് | സ്ഥാപന തൊഴിൽ നികുതി1, 2-ാം അർദ്ധ വർഷം |
| 37 | ന്യൂ ഇന്ത്യ അഷ്വറൻസ് ലിമിറ്റഡ് | സ്ഥാപന തൊഴിൽ നികുതി 1ാം അർദ്ധ വർഷം |
| 38 | ന്യൂ ഇന്ത്യൻ മാരുതി സർവീസ് സ്റ്റേഷൻ | സ്ഥാപന തൊഴിൽ നികുതി 1, 2-ാം അർദ്ധ വർഷം |
| 39 | ഓസ്ക്കാർ ഡ്രൈവിംഗ് സ്ക്കൂൾ | സ്ഥാപന തൊഴിൽ നികുതി 1, 2-ാം അർദ്ധ വർഷം |
| 40 | എസ്.എം.എൽ ഫിനാൻസ് | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം |
| 41 | സുൽത്താൻ ബത്തേരി സർവീസ് സഹകരണ ബാങ്ക് | സ്ഥാപന തൊഴിൽ നികുതി 1, 2-ാം അർദ്ധ വർഷം |
| 42 | ഇന്ത്യൻ ഓവർസസീസ് ബാങ്ക് | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം |
| 43 | നിരവത്ത് ചിട്ട്സ് | സ്ഥാപന തൊഴിൽ നികുതി 2-ാം അർദ്ധ വർഷം |
| 44 | യുണൈറ്റഡ് ഇന്ത്യ | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം |
| 45 | ഭാരത് ഹജ്ഹന ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം |

| | | |
|---|---|---|
| 46 | സുൽത്താൻ ബത്തേരി കോപ്പറേറ്റീവ് എഡ്യുക്കേഷനൽ സൊസൈറ്റി | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം |
| 47 | ബി.എസ്.എൻ.എൽ | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം |
| 48 | ചെമ്മണ്ണൂർ ജ്വല്ലേഴ്സ് | ജീവനക്കാരുടെ തൊഴിൽ നികുതി 2-ാം അർദ്ധ വർഷം |
| 49 | കാർഷിക വികസന ബാങ്ക് | സ്ഥാപന തൊഴിൽ നികുതി 1,2-ാം അർദ്ധ വർഷം, ജീവനക്കാരുടെ തൊഴിൽ നികുതി 2-ാം അർദ്ധ വർഷം |
| 50 | ഐ.സി.റ്റി.സി | ജീവനക്കാരുടെ തൊഴിൽ നികുതി 2-ാം അർദ്ധ വർഷം |

2015 നവംബറിൽ നഗരസഭ നിലവിൽ വന്നെങ്കിലും വാർഡ് തല സ്ഥാപന/ ട്രേഡേഴ്സ് രജിസ്റ്റർ, നഗരസഭ പരിധിയിലുള്ള അഭിഭാഷകർ, പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, കരാറുകാർ എന്നിവരുടെ ഡിമാന്റ് രജിസ്റ്റർ നാളിതുവരെയായിട്ടും തയ്യാറാക്കിയിട്ടില്ല. കൂടാതെ നഗരസഭ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺസ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ ആവശ്യപ്പെട്ട രേഖകളും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയവയും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.43/18-19/29.01.2020 ) മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള രജിസ്റ്ററുകൾ രേഖകൾ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. തൊഴിൽ നികുതിയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ മുഴുവൻ തുകയും ലഭ്യമാകുന്നെണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 കെട്ടിട വാടക വർദ്ധനവ് - വാടക വർദ്ധനവിൽ നൽകിയ ഇളവ് തുടരുന്നതിനാൽ വാടകയിനത്തിൽ കുറവ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിയമാനുസൃതമല്ലാതെ ഇളവ് നൽകിയത് മൂലം വർഷങ്ങളായുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും വിവിധ വ്യക്തികൾ നിയമാനുസൃതമായ ലേല നടപടികളിലൂടെ കൈവശം വെച്ചു വരുന്നതുമായ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ലേല വ്യവസ്ഥകൾക്കും 1998 ലെ കേരള പഞ്ചായത്ത് രാജ് കരാറുകാർക്കും പാട്ടക്കാർക്കും കിഴിവു നൽകൽ ചട്ടങ്ങൾക്കും വിരുദ്ധമായി, പ്രതിമാസ വാടക ഒടുക്കേണ്ട തുകയിൽ ഇളവ് നൽകി ഈടാക്കിയതു കാരണം തനത് ഫണ്ട് വരുമാനത്തിൽ 2006-07 മുതൽ നഷ്ടം സംഭവിച്ചത് സംബന്ധിച്ച് 2006-07 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-7, 2008-09 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4, 2012-13 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8, 2013-14,2014-15 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6, 2015-16 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8(10(ബി)) 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-12 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്. 2018-19 വർഷത്തിലും യഥാർത്ഥത്തിൽ ഈടാക്കേണ്ടതിലും കുറഞ്ഞ നിരക്കിൽ തന്നെയാണ് വാടക

ഈടാക്കിക്കൊണ്ടിരിക്കുന്നത്. അതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കൈവശക്കാരന്റെ പേര്/ റൂം നം | ഭരണസമിതി തീരുമാനപ്രകാരം 5% വർദ്ധനവ് | | 2018-19ൽ വാങ്ങിയ പ്രതിമാസ വാടക | പ്രതി മാസം നഷ്ടമായ തുക | 2018-19 വർഷത്തെ ആകെ നഷ്ടമായ തുക |
|---|---|---|---|---|---|---|
| | | 2017-18 ൽ വാങ്ങേണ്ടിയിരുന്ന പ്രതിമാസ വാടക | 2018-19 ൽ വാങ്ങേണ്ടിയിരുന്ന പ്രതിമാസ വാടക | | | |
| 1 | ജോർജ്ജ് ജോസഫ്/ ഫിലോമിന ജോർജ്ജ്/ ഷോപ്പിംഗ് സെന്റർ ലോഡ്ജ് 109 | ₹45,586 | ₹47865 | ₹36480 | ₹11385 | ₹136620 |
| 2 | കുഞ്ഞുമുഹമ്മദ്, ഷോപ്പിംഗ് സെന്റർ-96 | ₹3,627 | ₹3808 | ₹2020 | ₹1788 | ₹21456 |
| 3 | പി.പി.ഷറഫുദ്ദീൻ കംഫർട്ട് സ്റ്റേഷൻ റൂം-72(4) | ₹10,361 | ₹10879 | ₹8159 | ₹2720 | ₹32640 |
| 4 | എം.റ്റി. മുഹമ്മദ് കംഫർട്ട് സ്റ്റേഷൻ റൂം-73(5) | ₹8,949 | ₹9396 | ₹7046 | ₹2350 | ₹28200 |
| 5 | നാസീർ,എമ്പസ്സി വീട് കംഫർട്ട് സ്റ്റേഷൻ റൂം-74(6) | ₹13,470 | ₹14143 | ₹10608 | ₹3535 | ₹42420 |
| 6 | ജോസ് s/o മാത്യു കംഫർട്ട് സ്റ്റേഷൻ റൂം-75(7) | ₹9,476 | ₹9950 | ₹7460 | ₹2490 | ₹29880 |
| 7 | മേരി സ്കറിയ കംഫർട്ട് സ്റ്റേഷൻ റൂം-78( 8) | ₹5,851 | ₹6144 | ₹2830 | ₹3314 | ₹39768 |
| 8 | അബ്ദുൾ കരീം എൻ കംഫർട്ട് സ്റ്റേഷൻ റൂ.82(12) | ₹5,851 | ₹6144 | ₹2830 | ₹3314 | ₹39768 |
| 9 | കെ.റ്റി. അരവിന്ദാക്ഷൻ ബസ്സ് സ്റ്റാന്റ് കോംപ്ലക്സ്-77 | ₹12,682 | ₹13316 | ₹8484 | ₹4832 | ₹57984 |
| 10 | പി.ജെ.സേവ്യർ മാനിക്കുന്ന് ബിൽഡിംഗ്-56 | ₹26,226 | ₹27537 | ₹23407 | ₹4130 | ₹49560 |
| 11 | ഉണ്ണികൃഷ്ണൻ ലൈബ്രറി ബിൽഡിംഗ് റും.5 | ₹2,177 | ₹2286 | ₹1346 | ₹940 | ₹11280 |
| 12 | പി.കെ.മണികണ്ഠൻ ചുങ്കം ബസ് സ്റ്റാന്റ് റൂം.132(4) | ₹6,650 | ₹6983 | ₹4716 | ₹2267 | ₹27204 |
| 13 | എം.രാമകൃഷ്ണൻ | ₹5,740 | ₹6027 | ₹4487 | ₹1540 | ₹18480 |

| | | | | | | |
|---|---|---|---|---|---|---|
| | കോട്ടക്കുന്ന് ഷോപ്പിംഗ് സെന്റർ റൂം 156(4) | | | | | |
| | ആകെ | | | | | ₹535260 |

നാളിതുവരെ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 23/18-19/25.01.2020) മറുപടി ലഭ്യമായിട്ടില്ല. നിയമാനുസൃത വാടക വർദ്ധനവ് വരുത്തി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി നിരക്ക് പുനർ നിർണ്ണയിച്ചത് വിജ്ഞാപനം ചെയ്തില്ല

സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിനെ 30.04.2015 ലെ 153/15 / ത.സ്വ.ഭ.വ നമ്പർ വിജ്ഞാപന പ്രകാരം നഗരസഭയായി ഉയർത്തുകയും കൗൺസിലിന്റെ 7(1)/14.02.2017 നമ്പർ തീരുമാന പ്രകാരം വസ്തു നികുതി നിരക്കുകൾ പുനർ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തു. പ്രസ്തുത വിജ്ഞാപനത്തിൽ ക്രമ നമ്പർ 1 ൽ ക്വാർട്ടേഴ്സിന് ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തുനികുതി നിരക്ക് 30 രൂപയാണ് . കൗൺസിലിന്റെ 29.12.2018 ലെ 12(1)- ാം നമ്പർ തീരുമാനത്തിൽ 2011 ലെ മുൻസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപ നികുതിയും ) ചട്ടങ്ങളിലെ ചട്ടം 5(1) ൽ ക്വാർട്ടേഴ്സുകൾ പാർപ്പിട ആവശ്യത്തിന് ഉപയോഗിക്കുന്നതാകയാൽ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്കിലേക്ക് (ചതുരശ്ര മീറ്ററിന് അടിസ്ഥാന വസ്തുനികുതി നിരക്ക് 10 രൂപ) ഏകീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് വിജ്ഞാപനം ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/18-19/29.1.2020) ന് മറുപടി നൽകിയിട്ടില്ല. പുനർനിർണ്ണയിച്ച വസ്തുനികുതി വിജ്ഞാപനം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 കെട്ടിട നിർമ്മാണ ചട്ടപ്രകാരം ആവശ്യം ഒഴിച്ചിടേണ്ട സ്ഥലം പാർക്കിംഗ് ഏരിയയായി കാണിച്ച് പെർമ്മിറ്റ്/ ഒക്യുപെൻസി നൽകുന്നു.

കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ,1999 അനുസരിച്ച് ഓരോ കെട്ടിട വിഭാഗത്തിനും പ്ലോട്ടിൽ തന്നെ വേണ്ട മോട്ടോർ കാറുകളുടെ കുറഞ്ഞ പാർക്കിംഗ് വിവരങ്ങൾ (ചട്ടം 34), ഓരോ കെട്ടിടത്തിനു ചുറ്റും ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലങ്ങളുടെ വിശദാംശങ്ങൾ (ചട്ടം 52 മുതൽ 58 വരെ) എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. ഒരു തെരുവിലേക്കുള്ള വാഹനങ്ങളുടെ പ്രവേശനം, ഡ്രൈവ് - ഇൻ , വാഹനങ്ങൾ തിരിക്കുന്നതിനുള്ള സ്ഥലം എന്നിവയോട് കൂടി വേണം പാർക്കിംഗ് വ്യവസ്ഥ ചെയ്യാൻ. ചട്ടപ്രകാരം വ്യവസ്ഥ ചെയ്യേണ്ട തുറസ്സായ സ്ഥലത്തിന് മതിയായ വാഹന പ്രവേശന മാർഗ്ഗവും വളഞ്ഞു തിരിയുന്നതിനുള്ള സ്ഥലവും ഉള്ള പക്ഷം ആ തുറസ്സായ സ്ഥലത്തിന്റെ 50% ത്തിൽ കവിയാത്ത സ്ഥലം പാർക്കിംഗിനായി പരിഗണിക്കാം . ചട്ടം 34(8) പ്രകാരം ഏതെങ്കിലും കെട്ടിടങ്ങൾക്ക് ചുറ്റും നിർബന്ധമായും വേണ്ട തുറന്ന പ്രദേശങ്ങൾ വിൽക്കാനോ, പാർക്കിംഗിനായി അനുവദിക്കാനോ പാടില്ല. എന്നാൽ മേൽ ചട്ടങ്ങൾ പാലിക്കാതെ മതിയായ പാർക്കിംഗ് ഇല്ലാതെ പെർമ്മിറ്റ്/ഒക്യുപെൻസി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1) പെർമ്മിറ്റ് നമ്പർ - BA-BA(61630)/2018 dt:1.03.2018, നിർമ്മൽ രാജ് & റ്റിന്റു ജോർജ്ജ്

പൂർത്തീകരണ തീയതി - 29.01.2019

പൂർത്തികരണ പ്ലാൻ പ്രകാരം - പ്ലോട്ട് വിസ്തീർണ്ണം - 345 ച.മീ , തറ വിസ്തീർണ്ണം- 339.82 ച.മീ,കാർപ്പെറ്റ് വിസ്തീർണ്ണം - 271.84ച.മീ , ഫ്രണ്ട് യാർഡ് - 3.20 മീ - 3.50മീ , പിന്നാമ്പുറം- 2.20 മീ - 3 മീ , പാർശ്വാങ്കണം - സൈഡ് യാർഡ് 1- 1.40 മീ , 271.84 ച.മീ കാർപ്പെറ്റ് വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഒരു കാർ പാർക്കിംഗിന് 75ച.മീ തോതിൽ (271.84/75 = 3.6) 4 കാർ പാർക്കിംഗാണ് ആവശ്യമുള്ളത് .എന്നാൽ പൂർത്തീകരണ പ്ലാനിൽ 3 പാർക്കിംഗ് മാത്രമാണ് കാണിച്ചിരിക്കുന്നത് . 28.01.2020 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

ചുങ്കം ബസ്സ്റ്റാന്റ് റോഡിൽ നിന്നുമാണ് സൈറ്റിലേക്കുള്ള പ്രവേശന മാർഗ്ഗം. 35.75 മീറ്റർ നീളത്തിലുള്ളതും 3.20 മീറ്റർ മുതൽ 3.50 മീറ്റർ വരെ വിതിയുള്ളതുമായ ഫ്രണ്ട് യാർഡിലാണ് കാർ പാർക്കിംഗ് നൽകിയിട്ടുള്ളത് . പ്രവേശന മാർഗ്ഗത്തിന്റെ വലത് ഭാഗത്ത് ഒന്നും, ഇടതു ഭാഗത്ത് രണ്ട് പാർക്കിംഗുമാണ് ഉള്ളത്. നിലവിൽ ടി കെട്ടിടത്തിന്റെ താഴത്തെനിലയിൽ പ്രവേശന മാർഗ്ഗത്തിന്റെ വലത് ഭാഗത്ത് ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. അതിന് മുൻപിൽ പാർക്കിംഗായി കാണിച്ചിരിക്കുന്ന ഭാഗം ട്രസ്സ് വർക്ക് ചെയ്ത് സ്ഥാപനത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനാൽ നിലവിൽ പാർക്കിംഗ് സാധ്യമല്ല. ഇടത് ഭാഗത്ത് നിന്നും റോഡിലേക്ക് നേരിട്ട് പ്രവേശനം സാധ്യമല്ല. ഈ ഭാഗത്തെ ആകെ വീതി 3.5 മീറ്റർ ആയതിനാൽ 3മീറ്റർ ഡ്രൈവ് ഇല്ല. അതിനാൽ തന്നെ ഒരു കാർ പാർക്ക് ചെയ്യുന്നതിന് മാത്രമേ സാധിക്കുകയുള്ളൂ. കൂടാതെ ഇരുചക്ര പാർക്കിംഗിനുള്ള സ്ഥലം പ്ലാനിൽ കാണിച്ചിട്ടില്ല.

നാല് പാർക്കിംഗ് ആവശ്യമുള്ള കെട്ടിടത്തിന് പൂർത്തീകരണ പ്ലാനിൽ 3 പാർക്കിംഗ് കാണിച്ചിട്ടും മതിയായ പരിശോധന നടത്താതെ ഒക്യുപെൻസി നൽകിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് (നം. 42/18-19/29.01.2020 ) മറുപടി ലഭ്യമാക്കിയിട്ടല്ല.

2 അപേക്ഷകർ - ശ്രീധരൻ,ബിജു,രഘു പുളിക്കൽ .കോളേരി

പെർമ്മിറ്റ് നമ്പർ - ബി.എ -13 /16 – 17 / 13.4.2016 , 13.04.2017 , പ്ലോട്ട് വിസ്തീർണ്ണം - 930 ച.മീ , തറ വിസ്തീർണ്ണം- 1208.06(Existing-426.50 , new-782.10) ച.മീ,കാർപ്പെറ്റ് വിസ്തീർണ്ണം - 966.88 (Existing-341.2 , new- 628.68)ച.മീ , മുൻവശം - 3 മീ - 3.84 മീ , പിന്നാമ്പുറം - 1.20മീ- 5 മീ , പാർശ്വാങ്കണം - 1.50 മീ. - 0.75 മീ

ഉപയോഗ ക്രമം - വാണിജ്യം,

നിലവിലുള്ള 426.50ച.മീ വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടത്തിന് പുറകിൽ കെട്ടിത്തോട് ചേർത്ത് ആകെ 782.10 ച.മീ വിസ്തീർണ്ണമുള്ള രണ്ട് ഇരുനില കെട്ടിടങ്ങൾ പണിയുന്നതിനാണ് പെർമ്മിറ്റ് നൽകിട്ടുള്ളത്. നിലവിലുള്ളതും(341.2 ച.മീ), പുതിയതും (625.68ച.മീ) ഉൾപ്പെടെ ആകെ കാർപ്പറ്റ് വിസ്തീർണ്ണം 966.88ച.മീറ്ററുള്ള വാണിജ്യ ഉപയോഗ ക്രമത്തിൽ വരുന്ന കെട്ടിടത്തിന് 13 പാർക്കിംഗ് ആവശ്യമാണ് (966.88/75 = 12.89=13). പെർമ്മിറ്റ് പ്ലാനിൽ 11 കാർ പാർക്കിംഗുകളാണ് കാണിച്ചിരിക്കുന്നത് .

നിർമ്മാണം നടത്താനുദ്ദേശിക്കുന്ന ഇരുനില കെട്ടിടങ്ങൾക്കിടയിലുള്ള സ്ഥലമാണ് പാർക്കിംഗിനായി തെരെഞ്ഞെടുത്തിട്ടുള്ളത് . ഇതിലേക്ക് നാഷണൽ ഹൈവേയിൽ നിന്ന് നിലവിലുള്ള രണ്ട് കെട്ടിടങ്ങൾക്കിടയിലൂടെ 3 മീറ്റർ വീതിയുള്ള പ്രവേശന മാർഗ്ഗവും, പുറകിലുള്ള പോലീസ് സ്റ്റേഷൻ റോഡിൽ നിന്ന് 3 മീറ്റർ പ്രവേശന മാർഗ്ഗവും കാണിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ അനുമതി നൽകിയ പ്ലാനിൽ പാർക്കിംഗ് കാണിച്ചിരിക്കുന്നത് നിർമ്മിക്കാനുദ്ദേശിക്കുന്ന രണ്ട് ഇരുനില

കെട്ടിടങ്ങൾക്കുമിടയിലാണ്. പ്രസ്തുത രണ്ട് കെട്ടിടങ്ങൾക്കും മുൻപിലുള്ള വരാന്ത (1.20+1.20 =2.40 മീ) 2.40 മീറ്റർ ഉൾപ്പെടെയുള്ള 7.95 മീറ്ററിൽ ഉപയോഗിക്കാൻ സാധിക്കുന്നത് (7.95 – 2.40 =5.55) 5.55 മീറ്ററാണ്. . കെട്ടിടത്തിന്റെ നീളം 37.86മീറ്ററാണ്. പാർക്കിംഗിന് ലഭ്യമാകുന്നത് 37.86x 5.55 ച.മീ ച.മീ ആണെങ്കിലും 3 മീ ഡ്രൈവ് വേ കിഴിച്ചാൽ ലഭ്യമാകുന്നത് 37.86 x 2.55ച.മീറ്റർ മാത്രമാണ്. ഒരു കാർ പാർക്കിംഗിന് കുറഞ്ഞത് 5.5 മീറ്റർ x 2.7 മീ വിസ്തീർണ്ണം ആവശ്യമാണ്. അതായത് പ്ലാൻ പ്രകാരം ഒരു കാർ പാർക്കിംഗ് മാത്രമേ ലഭിക്കുകയുള്ളൂ. 28.01.2020 ന് നടത്തിയ പരിശോധനയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് പുറകിലായി നിർമ്മിച്ച ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലകൾക്ക് 6/450A -I നമ്പർ നൽകിയിട്ടുണ്ട്. ഈ കെട്ടിടത്തിൽ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മുകളിലത്തെ നില നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന് നമ്പർ നൽകിയിട്ടില്ല.പുറകിലുള്ള പോലീസ് സ്റ്റേഷൻ റോഡിൽ നിന്ന് 3 മീറ്റർ വീതിയുള്ള പ്രവേശന മാർഗ്ഗവും കാണിച്ചിട്ടുണ്ടെങ്കിലും മൺതിട്ടയായതിനാൽ പുറകിലൂടെയുള്ള പ്രവേശനം നിലവിൽ സാധ്യമല്ല. താഴത്തെ നിലയുടെ പൂർത്തീകരണ പ്ലാൻ അനുസരിച്ച് നിലവിലെ മൂന്ന് നില കെട്ടിടത്തിന്റെയും,നിർമ്മാണം പൂർത്തിയായ തറനിലയുടെയും, നിർമ്മാണത്തിലിരിക്കുന്ന ഒന്നാംനിലയുടെയും കാർപ്പെറ്റ് വിസ്തീർണ്ണം ആകെ ( 340.6+133.71+151.85 ച.മീ ) 626.16ച.മീ ആണ്. വാണിജ്യകെട്ടിടമായതിനാൽ (626.16/75 = 8.3 ) 9 കാർ പാർക്കിംഗും, അതിന്റെ 25% ഇരുചക്ര പാർക്കിംഗും ആവശ്യമാണ്. നിലവിൽ പാർക്കിംഗ് സ്ഥലം തയ്യാറാക്കാത്തതിനാൽ കാർ പാർക്കിംഗ് സാധ്യമല്ല.

3)അപേക്ഷകൻ - ശ്രീ കൽദൂൺ ,എളാഞ്ചേരി

പെർമ്മിറ്റ് നമ്പർ -ബി.എ 5/14 – 15 / 11/04/2014 , 11/04/2017 പ്ലോട്ട് വിസ്തീർണ്ണം - 1538 ച.മീ,തറ വിസ്തീർണ്ണം-3645.34ച.മീ, കാർപ്പെറ്റ് വിസ്തീർണ്ണം - പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.
അപേക്ഷ പ്രകാരം - 2689.97, നിലകളുടെ എണ്ണം - ബേസ്മെന്റ് + തറ നില+ 4

മുൻവശം - 10.90 മീ , പിന്നാമ്പുറം - 3 മീ. , പാർശ്വാങ്കണം 1 - 6 മീ , പാർശ്വാങ്കണം 2 – 3.50 മീ - 3.85 മീ

ഉപയോഗ ക്രമം - വാണിജ്യം & ഹോട്ടൽ

പെർമ്മിറ്റ് പ്ലാൻ പ്രകാരം സെല്ലാർ നില പാർക്കിംഗ് ഏരിയയാണ്. .ആവശ്യമായ 31 പാർക്കിംഗിൽ 1 മുതൽ 17 വരെയുള്ളവ സെല്ലാറിലും 18 മുതൽ 31 വരെയുള്ള കാർ പാർക്കിംഗ്, ഇരുചക്ര പാർക്കിംഗ്, ലോഡിംഗ് & അൺലോഡിംഗ് ഏരിയ എന്നിവ കാണിച്ചിരിക്കുന്നത് കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള സൈഡ് യാർഡിൽ ആണ്.സൈഡ് യാർഡ് മുഴുവൻ പാർക്കിംഗിനായി ഉപയോഗിച്ചിട്ടുണ്ട്.

2019- 20 ൽ ഹാജരാക്കിയ പൂർത്തീകരണ പ്ലാൻ പ്രകാരം നിലവിൽ ഈ കെട്ടിടത്തിന്റെ ഉപയോഗ ക്രമം വാണിജ്യ / ഹോട്ടൽ / ലോഡ്ജിംഗ് ആണ്. നമ്പർ നൽകിയിട്ടില്ല.

ആവശ്യമായ പാർക്കിംഗ്

| ഉപയോഗ ക്രമം | കാർപ്പെറ്റ് ഏരിയ | പാർക്കിംഗ് |
|---|---|---|
| വാണിജ്യം | 1072.97 ച.മീ<br>(1000/75 +72.79/50 ) | 16 എണ്ണം |
| ലോഡ്ജിംഗ് | 20 ച.മീ താഴെയുള്ള 28 റൂമുകൾക്ക് യൂണിറ്റിന് 2.5 തോതിൽ<br>20 ച.മീ മുകളിലുള്ള 6 റൂമുകൾക്ക് യൂണിറ്റിന് 2.5 തോതിൽ | 12 എണ്ണം<br>4 എണ്ണം |

| | | |
|---|---|---|
| | ആകെ - 16 | |
| ഹോട്ടൽ | ഡൈനിംഗ് ഏരിയ – 90.88 ച.മീ - 20 ച.മീ ഒന്ന് എന്ന തോതിൽ - | 5 എണ്ണം |
| ഭിന്നശേഷിക്കാർക്കുളള പാർക്കിംഗ് | | 1 എണ്ണം |
| ആകെ | | 38 കാർ പാർക്കിംഗ് |

പാർക്കിംഗിനായി നീക്കി വെച്ചിട്ടുള്ള കെട്ടിടത്തിന്റെ സെല്ലാർ നിലയിൽ 17 കാർ പാർക്കിംഗുകളും, ഇരുചക്ര പാർക്കിംഗും ആണുള്ളത് . കെട്ടിടത്തിനു ചുറ്റുമുള്ള തുറസ്സായ സ്ഥലങ്ങളാണ് അവശേഷിക്കുന്ന പാർക്കിംഗിനായി നീക്കിവെച്ചിട്ടുള്ളത്. 18 മുതൽ 36 വരെയുള്ള പാർക്കിംഗ് സ്പേസുകൾ കാണിച്ചിരിക്കുന്നത് കെട്ടിടത്തിന്റെ പടിഞ്ഞാറുഭാഗമാണ്(പാർശ്വാങ്കണം1 ) .ആയതിന്റെ വിസ്തീർണ്ണം 59.30 X 6 ച.മീ. സൈഡ് യാർഡിൽ ലഭ്യമാകുന്ന തുറസ്സായ സ്ഥലം (26.20X6 +33.10X6) 355.8 ച.മീറ്റർ ആണ്. ആയതിന്റെ 50% - 177.9 ച.മീറ്ററാണ് പാർക്കിംഗിനായി ഉപയോഗിക്കാവുന്നത്. അതായത് 11 പാർക്കിംഗുകൾ മാത്രമാണ് ലഭ്യമാകുന്നത് .

ചട്ട പ്രകാരമുള്ള പാർക്കിംഗ് സൗകര്യം ലഭ്യമല്ലെന്നിരിക്കെ പെർമിറ്റ് / ഒക്യുപെൻസി അനുവദിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടതിന് ( നം.42/18-19/29.01.2020 ) മറുപടി നൽകിയിട്ടില്ല.

ഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും , ക്രമ നമ്പർ (1),(2),(3) എന്നിവയിൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തി ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 242(1) പ്രകാരം നിർണ്ണയിക്കപ്പെട്ട വസ്തുനികുതിയുടെ മൂന്നിരട്ടി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ലൈസൻസിനുള്ള അപേക്ഷയിൽ വ്യാജ കെട്ടിട നമ്പരിൽ ലൈസൻസ് നൽകി

ബത്തേരി നഗരസഭയിൽ 16-ാം ഡിവിഷനിൽ വികാർ ,സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് എന്നവരുടെ 16/08/2018 ലെ ടി.പി1-17902/18 -ാം നമ്പർ അപേക്ഷ പ്രകാരം നിലവിൽ ആശുപത്രി ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടം വാണിജ്യ / കച്ചവട ഗണത്തിലേക്ക് മാറ്റുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. ടി അപേക്ഷയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 1.9875 ഹെക്ടർ സ്ഥലത്ത് വിവിധ ഗണങ്ങളിൽപ്പെട്ട കെട്ടിടങ്ങൾ നിലവിലുണ്ടെന്നും നിലവിൽ 9/912ബി നമ്പർ കെട്ടിടത്തിന് 1730ച.മീറ്ററിന് മാത്രമാണ് നികുതി അടച്ചു വരുന്നതെന്നും സമർപ്പിച്ച പ്ലാനിൽ 3793.82 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിലവിലുള്ളതെന്നും ഒരു വാണിജ്യ സ്ഥാപനം പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും ഓവർസീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ഹെൽത്ത് വിഭാഗം നടത്തിയ പരിശോധനയിൽ മേൽ സൂചിപ്പിച്ച സൈറ്റിൽ 6/622 -ാം എന്ന വ്യാജമായ നമ്പറിൽ അബ്ദുൾ സലാം എന്നയാൾക്ക് മോട്ടോർ ബൈക്ക് കച്ചവടം നടത്തുന്നതിന് ലൈസൻസ് നൽകിയിരുന്നുവെന്നും ലൈസൻസ് റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഹെൽത്ത് വിഭാഗവും റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 ബസ്സ്റ്റാന്റ് ഫീസ് പിരിവ് - പിഴ ഈടാക്കിയതിൽ കുറവ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ്സ്റ്റാന്റിൽ നിന്നും 2018-19 വർഷത്തേക്ക് ഫീസ് പിരിക്കുന്നതിനുള്ള ലേലം 02.03.2018 ൽ നടത്തുകയും ഉയർന്ന ലേലതുകയായ 3,60,600 രൂപയ്ക്ക് ലേലം ഉറപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ലേലനിബന്ധനകൾ അനുസരിച്ച് ലേലം സ്ഥിരപ്പെടുത്തിയാൽ 2018 മാർച്ച് 31 ന് മുമ്പ് ലേലതുകയുടെ മൂന്നിൽ ഒരു ഭാഗം ഒടുക്കേണ്ടതും ബാക്കി ഒടുക്കാനുള്ള മൂന്നിൽ രണ്ട് ലേലതുകയെ നാല് തുല്യഗുക്കളായി വിഭജിച്ച് മെയ്,ജൂലൈ,സെപ്തംബർ,നവംബർ എന്നീ മാസങ്ങളിൽ 10-ാം തീയതിക്ക് മുമ്പായി ഒടുക്ക് വരുത്തേണ്ടതും അല്ലാത്തപക്ഷം പ്രതിമാസം 1% പിഴ ഈടാക്കുന്നതുമാണ്.

ഒന്ന്, രണ്ട് ഗഡുക്കൾ കൃത്യസമയത്ത് അടവാക്കിയിട്ടുണ്ടെങ്കിലും മൂന്ന്, നാല് ഗഡുക്കൾ അടവാക്കിയത് താമസിച്ചാണ്. ലേലതുക താമസിച്ച് അടവാക്കിയതിന് ലേലനിബന്ധനകൾ പ്രകാരം ഈടാക്കിയ പിഴ തുക കുറവാണ്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ലേലനിബന്ധന പ്രകാരം ഈടാക്കേണ്ട തുക/തീയതി | ഈടാക്കിയ തീയതി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | വ്യത്യാസം |
|---|---|---|---|---|---|
| 1 | 60100/10.09.2018 | 60100/9.11.2018 | 601 | - | 601 |
| 2 | 60100/10.11.2018 | 60100/14.03.2019 | 2404 | 1202 | 1202 |
| | ആകെ | | 3005 | 1202 | 1803 |

പിഴ തുക പൂർണ്ണമായും ഈടാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 22/18-19/25.01.2020)തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

## 1-21 മന്ദംകൊല്ലി ചപ്പക്കൊല്ലി റോഡ് റീടാറിംഗ് -അനാവശ്യനിയമനടപടികൾ മൂലം നഗരസഭക്ക് നഷ്ടം

നഗരസഭ 2015-16 വർഷം നടപ്പാക്കിയ മന്ദംകൊല്ലി ചപ്പക്കൊല്ലി റോഡ് റീടാറിംഗ് പ്രവൃത്തി നടത്തിപ്പിൽ നിർവഹണോദ്യോഗസ്ഥന്റെ അശ്രദ്ധ മൂലം നഗരസഭ അനാവശ്യനിയമനടപടികൾ നേരിടുന്നതിനും കേസ് നടത്തിപ്പിന് തുക ചെലവഴിക്കേണ്ടി വരുകയും ചെയ്തു. വിശദവിവരങ്ങൾക്ക് ഖ.3-2 കാണുക.

## 1-22 കേസ് നടത്തിപ്പ് -വിധി നടപ്പാക്കുന്നതിൽ താമസം

ടൗണിലെ അപകടാവസ്ഥയിലായ കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭക്ക് എതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് നഗരസഭ തുക ചെലവഴിച്ച് നടത്തുകയും നഗരസഭക്ക് അനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തെങ്കിലും വിധി നടപ്പാക്കാനായിട്ടില്ല.

കേസ് നമ്പർ- WPC-17676/18,ബഹു.കേരള ഹൈക്കോടതി

ചുങ്കം ജംഗ്ഷനിൽ അപകടാവസ്ഥയിലായ കെട്ടിടം പൊളിച്ചുനീക്കുന്നതിനായി നോട്ടീസ് നൽകിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന കേസ് നഗരസഭക്ക് അനുകൂലമമായി 2.08.2018 ന് വിധി വരികയും കെട്ടിടം പൊളിച്ചുനീക്കുന്നതിന് നിലവിൽ തടസ്സം ഇല്ലയെന്ന് നിയമോപദേശവും ലഭിക്കുകയും ചെയ്യു. കൗൺസിലിന്റെ 13.08.18 ലെ 13-)ം നമ്പർ തീരുമാനപ്രകാരവും കെട്ടിടം 10 ഡിഗ്രിയോളം ചരിഞ്ഞുനിൽക്കുന്നതിനാൽ പെട്ടെന്ന് പൊളിച്ചുനീക്കണം എന്ന് തീരുമാനം എടുത്തിട്ടുണ്ട്.

എന്നാൽ നാളിതുവരെ കോടതിവിധി നടപ്പാക്കാനായിട്ടില്ല.ഓഡിറ്റ് എൻക്വയറി.നം. 28 /18-19തീയതി 25.01.2020 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. വിധി നടപ്പാക്കിയതിന്റെ തുടർനടപടിവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-23 പൈപ്പ് ലൈൻഎക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല.

ഓഡിറ്റ് വർഷം സെക്രട്ടറി താഴെ പറയുന്ന തുക വിവിധ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾക്കായി കേരള വാട്ടർ അതോറിറ്റി,ബത്തേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പേര് | പ്രോജക്ട് | ബിൽ നം.തീയതി | ചെലവ് തുക |
|---|---|---|---|---|
| 1 | 21/19 | സർവജന ശ്മശാനം-കൈപ്പഞ്ചേരി റോഡ് കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 17/17.09.18 | 135000 |
| 2 | 25/19 | 24-)ഡിവിഷനിൽ കെ.ഡബ്ല്യു. എ. പൈപ്പ് ലൈൻ നീട്ടൽ | 18/17.09.18 | 100000 |
| 3 | 26/19 | 26-)ംഡിവിഷനിൽ കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 19/17.09.18 | 160000 |
| 4 | 27/19 | 33-)ംഡിവിഷനിൽ കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 20/17.09.18 | 400000 |
| 5 | 28/19 | കക്കടം കുന്നിലെ കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 21/17.09.18 | 150000 |
| 6 | 29/19 | 15-)ംഡിവിഷനിൽ കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 22/17.09.18 | 140000 |
| 7 | 30/19 | 26-)ം ഡിവിഷനിൽ മാവാടിക്കുന്ന് കിണർ വഴി കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 23/17.09.18 | 75000 |
| 8 | 38/19 | വെള്ളപ്പാട്ട്കോളനിയിലേക്ക് | 24/17.09.18 | 150000 |

| | | | | |
|---|---|---|---|---|
| | | കെ. ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | | |
| | | ആകെ | | 1310000 |

വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് ഇല്ലാതെയാണ് പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ എഗ്രിമെന്റ് വെച്ചിട്ടുമില്ല. നഗരസഭയുടെ 31.08.2018 -ലെ 7-)ം നമ്പർ തീരുമാനപ്രകാരമാണ് തുക മുൻകൂർ ആയി ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി.നം. 8 /18-19തീയതി 22.01.2020 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് നൽകിയ മറുപടിയിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ലയെന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. എഗ്രിമെന്റ് ,എസ്റ്റിമേറ്റ് എന്നിവ ഇല്ലാതെ തുക അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 13,10,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 എസ്.എസ്.എ.ക്ക് നൽകിയ തുകയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

ഓഡിറ്റ് വർഷം 46,32,000/- രൂപ നഗരസഭ എസ്.എസ്.എ വിഹിതം നൽകിയിട്ടുണ്ടെങ്കിലും എസ്.എസ്.എ. നഗരസഭാപരിധിയിൽ നടത്തിയിട്ടുണ്ടെന്ന് പറയുന്ന പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്തിട്ടില്ല.

പ്രോജക്ട് നമ്പർ- 2/19

പ്രോജക്ട്-എസ്.എസ്.എ.വിഹിതം നൽകൽ.

നിർവഹണം-സെക്രട്ടറി

ചെലവഴിച്ച തുക- 46,32,000/- രൂപ

ട്രഷറി ബിൽ നമ്പർ/തീയതി -4/21.07.18

ജില്ലാ പ്രോജക്ട് ഓഫീസർ 23.05.19 ന് നൽകിയ വിവിധപദ്ധതികളുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന പത്രികയിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്കുൾപ്പെടെ തുക വിനിയോഗിച്ചതായി പറഞ്ഞിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | ചെലവഴിച്ച തുക | ചെലവഴിച്ച നഗരസഭാ വിഹിതം |
|---|---|---|---|---|
| 21 | Dilapidated Building | 4 | 3800000 | 1036914 |
| 23 | Girls Toilet | 2 | 280000 | 76404 |
| 24 | CWSN ഫ്രണ്ട്ലി ടോയ് ലെറ്റ് | 1 | 130000 | 35473 |
| 27 | റാംപ്പ് വിത്ത് ഹാൻഡ് റയിൽസ് | 1 | 22000 | 6003 |
| 28 | ഇലക്ട്രിഫിക്കേഷൻ | 2 | 22000 | 6003 |
| 30 | യു.പി.സ്കൂളിലെ ഹെഡ് ടീച്ചറെ നിയമിക്കുന്നത് | 5 | 0 | 409308 |
| 31 | യു.പി.സ്കൂളിലെ പാർട്ട് ടൈം | 15 | 1199646 | 343819 |

| | | | | |
|---|---|---|---|---|
| | ഇൻസ്ട്രക്ടറെ നിയമിക്കുന്നത് | | | |

എന്നാൽ ഈപ്രവൃത്തികൾ എവിടെയാണ് നടത്തിയതെന്ന വിവരവും മറ്റ് തുകകൾ ചെലവഴിച്ചതിന്റെ മോണിട്ടറിംഗ് വിവരങ്ങളും ഫയലിൽ ലഭ്യമല്ല.വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലോ ,സ്റ്റാൻഡിംഗ് കമ്മിറ്റിയിലോ ഈ വിഷയം സംബന്ധിച്ച് യാതൊരു ചർച്ചകളും നടത്തിയിട്ടില്ല.

ഓഡിറ്റ് എൻകയറി.നം. 7 തീയ്യതി 22.01.2020 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടതിന് സെക്രട്ടറി നല്കിയ മറുപടിയിൽ എസ്.എസ്.എ.കൺവീനർ നഗരസഭാപരിധിയിലെ സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് വിവരങ്ങൾ അന്വേഷിച്ചു കത്ത് നൽകിയിട്ടുണ്ടെന്നും തുടർവർഷങ്ങളിൽ പ്രവർത്തനങ്ങൾ മോണിട്ടർ നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ തുകകൾ വിനിയോഗിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്. പ്രവ്രത്തനങ്ങൾ നടപ്പാക്കിയിട്ടില്ലയെങ്കിൽ നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവരങ്ങളുടെ അഭാവത്തിൽ 46,32,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 പദ്ധതിരൂപീകരണം -നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകതകൾ

പതിമൂന്നാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നഗരസഭകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 9.1.17 ലെ ജി.ഒ.(എം.എസ്) 11/2017.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)79/2017 ത.സ്വ.ഭ.വ തീ 03.04.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരം നഗരസഭയിൽ 15 വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം രൂപീകരിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്) 11/2017./ത.സ്വ.ഭ.വ/ 9.1.17 പ്രകാരം പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി രൂപീകരിച്ച് ഫോറം 1ലും വിവിധ വർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്ത ഫോറം നം 2 ലും തയ്യാറാക്കി നഗരസഭയുടെ ഉത്തരവായി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ പദ്ധതി രൂപീകരണം നടത്തിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2018-19 വർഷത്തെ വികസനസെമിനാർ നടന്നത് 10.03.18നാണ്.അതിനുമുൻപ് 12.01.18 ന് മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം നടന്നിട്ടുള്ളത്. 12.01.18-ലെ യോഗത്തിൽ എല്ലാ വ്രക്കിംഗ് ഗ്രൂപ്പുകളിലും ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് പ്രവ്രത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. 2018-19വർഷത്തെ പദ്ധതിനടത്തിപ്പ് അവലോകനം ചെയ്യുന്നതിന് വ്രക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ല.

ഫെബ്രുവരി 2018 -ൽ നടന്ന വാർഡ് സഭായോഗങ്ങളിൽ 2017-18 വർഷത്തെ പദ്ധതി അവലോകനവും 2018-19 വർഷത്തെ പദ്ധതിരൂപീകരണവും അജണ്ടയായി ഉൾപ്പെടുത്തിയത് എടുത്തുപറയേണ്ട കാര്യമാണ്.എന്നാൽ വാർഡ് സഭാചർച്ചകൾ പരിശോധിച്ചതിൽ 2017-18 ലെ പദ്ധതിനടത്തിപ്പ് അവലോകനം ചെയ്തതായി കാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകളിൽ ശുപാർശ ചെയ്യുന്ന പ്രോജക്റ്റുകൾ വാർഡ് സഭകളിൽ ചർച്ച ചെയ്ത് അന്തിമപദ്ധതിയിലേക്ക് എത്തുന്നതായി കാണുന്നില്ല.വ്രക്കിംഗ് ഗ്രൂപ്പുകളിലും വാർഡ് സഭകളിലും പദ്ധതിനിർദ്ദേശങ്ങൾ വരുന്നു എന്നതല്ലാതെ പദ്ധതികൾ സംബന്ധിച്ച് ക്രിയാത്മകചർച്ചകൾ നടന്ന് അന്തിമപദ്ധതികൾ

രൂപപ്പെടുന്നതായി കാണുന്നില്ല.പ്രോജക്ട് നടപ്പാക്കേണ്ടതിന്റെ ആവശ്യകതയോ, എങ്ങനെ നടപ്പാക്കണം എന്നുപോലുമോ വർക്കിംഗ് ഗ്രൂപ്പുകളിലോ സ്റ്റാൻഡിംഗ് കമ്മിറ്റികളിലോ ചർച്ച ചെയ്യപ്പെടുന്നില്ല.കൂടാതെ പ്രോജക്ട് തയ്യാറാക്കുമ്പോൾ പോലും പ്രോജക്ടിലെ പ്രവ്രത്തനങ്ങൾ എന്താണെന്നോ,തുക എങ്ങനെ വിനിയോഗിക്കണമെന്നോ വ്യക്തത വരുത്തുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളതിൽ അധികവും.ഉദാഹരണമായി അസി.എഞ്ചിനീയർക്ക് പൊതുമരാമത്ത് മേഖലയിൽ 415 പദ്ധതികൾ നടപ്പാക്കാൻ ഉണ്ടായിരുന്നെങ്കിലും 7 പദ്ധതികൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടുള്ളത്.

പദ്ധതിനിർദേശങ്ങൾ നൽകിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിനും വികസന സെമിനാറിനും ഇടക്ക് മറ്റ് വ്രക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ഇല്ലാത്തതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നല്ലൊരു പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പദ്ധതിനിർദ്ദേശങ്ങൾ ,സ്റ്റാറ്റസ് റിപ്പോർട്ട് , കരട് വികസനരേഖ എന്നിവ വാർഡ് സഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.

വിവിധ വിഭവസമാഹരണസാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക, തദ്ദേശഭരണസ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേക്കുംഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ, സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ, അതനസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല . നടപ്പു പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല. ചേർന്ന യോഗത്തിന്റെ വ്രക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ എഴുതിപൂർത്തീകരിച്ചില്ല. പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നടന്നിട്ടില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു അനുസൃതമല്ലാതെ പദ്ധതിരൂപീകരണം നടത്തിയതും പദ്ധതികൾ നടപ്പാക്കിയതും ക്രമപ്രകാരമല്ല.ഇത് സംബന്ധിച്ച് നൽകിയന ഓഡിറ്റ് എൻക്വയറി.നം. 20 /18-19തീയതി 24.01.2020 ക്ക് സെക്രട്ടറി നൽകിയ മറുപടിയിൽ പോരായ്മകൾ കൌൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി ഭാവിയിൽ പദ്ധതിരൂപീകരണ നടപടിക്രമങ്ങൾ പാലിച്ച് പദ്ധതിരൂപീകരണം നടത്തുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സൗഭാഗ്യ ഭവനപദ്ധതി വായ്പ തിരിച്ചടക്കുന്നതിൽ അപാകങ്ങൾ-പലിശക്ക് മേലെ വീണ്ടും പലിശ അടക്കുന്നു.

സൗഭാഗ്യ ഭവനപദ്ധതി നടപ്പാക്കുന്നതിനായി 2014-15 വർഷം വയനാട് ജില്ലാ സഹകരണബാങ്ക് സുൽത്താൻ ബത്തേരിശാഖയിൽ നിന്നും 12.5% പലിശ നിരക്കിൽ വായ്പയെടുത്തിട്ടുണ്ട്. ലോൺ സംബന്ധിച്ച ഫയലിൽ 2 കോടി രൂപ വായ്പയെടുത്തതായാണ് കാണുന്നത് എങ്കിലും ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നാളിതുവരെ 19300000 രൂപയാണ് വായ്പ എടുത്തതായി കാണുന്നത്.

ബാങ്കും ഗ്രാമപഞ്ചായത്തും തമ്മിൽ 04.03.2014 ന് ചമച്ച കരാർ പ്രകാരം 10 വർഷം കൊണ്ട് തുല്യഗഡുക്കളായി വായ്പ തിരിച്ചടക്കേണ്ടതാണ്.വായ്പ എടുക്കുന്നതിന് സർക്കാർ

നൽകിയ അനുമതിയിൽ (സ.ഉ.(എം.എസ്)83/13 ത.സ്വ.ഭ.വ.11.03.14) വായ്പാമുതൽ തുക വികസനഫണ്ടിൽ നിന്നും പലിശ തനതുഫണ്ടിൽ നിന്നുമാണ് അടക്കേണ്ടത്. മുതൽ വാർഷികമായും പലിശ പാദവാർഷികമായുമാണ് അടക്കേണ്ടത്.

ബാങ്കും നഗരസഭയും തമ്മിൽ ചമച്ച കരാറിലെ ഖണ്ഡിക 7 പ്രകാരം ദൈനംദിന ബാലൻസ് തുകക്കാണ് പലിശ കണക്കാക്കേണ്ടത് . എന്നാൽ ബാങ്ക് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം ബാക്കിനിൽക്കുന്ന മുതലിന്റെ കൂടെ അന്നുവരെയുള്ള പലിശകൂട്ടി ആയതിന് പലിശ (കൂട്ടുപലിശ) കണക്കാക്കുന്ന രീതിയാണ് കണ്ടത്.പാദവാർഷികമായി നഗരസഭ പലിശ അടക്കാത്തതിനാലാണ് ഇപ്രകാരം പലിശക്ക് മേലെ വീണ്ടും പലിശ അടക്കേണ്ടിവരുന്നത്.

രേഖകൾ പരിശോധിച്ചതിൽ ചില വർഷങ്ങളിൽ മുതലും പലിശയും അടക്കുന്നതിൽ നഗരസഭ വീഴ്ച വരുത്തിയതായി കണ്ടു. 2018-19 വർഷം തനതുഫണ്ടിൽ നിന്ന് 11 ലക്ഷം രൂപ മാത്രമാണ് അടച്ചത്.ഈ തുകയിൽ 886638 രൂപ മുതലിലേക്കും 211003 രൂപ പലിശയിലേക്കും 2359 രൂപ പിഴപ്പലിശയിലേക്കുമാണ് വരവ് വെച്ചിട്ടുള്ളത്.

1,93,00,000/- രൂപ വായ്പയെടുത്തത് എഗ്രിമെന്റ് പ്രകാരം 10 വർഷം കൊണ്ട് തുല്യഗഡുക്കളായി തിരിച്ചടക്കുകയാണെങ്കിൽ ഒരു വർഷം 19,30,000/- രൂപയാണ് മുതലിനത്തിൽ അടക്കേണ്ടത്. അതനുസരിച്ച് 2014-15 മുതൽ 2018-19 വരെ മുതലിനത്തിൽ മാത്രം 96,50,000/- രൂപ അടക്കേണ്ടിയിരുന്നു.

എഗ്രിമെന്റ് പ്രകാരം തിരിച്ചടച്ചുവെങ്കിൽ 31.03.19 ന് മുതലിനത്തിൽ (1,93,00,000 - 96,50,000=) 96,50,000/- രൂപ നീക്കിബാക്കിയുണ്ടാകേണ്ട സ്ഥാനത്ത് 1,27,73,706/- രൂപ അടക്കാൻ ബാക്കിയുണ്ട്. അതനുസരിച്ച് (1,27,73,706 – 96,50,000 = ) 31,23,706/- രൂപയിൻമേൽ 12.5% നിരക്കിൽ പലിശ വീണ്ടും അടക്കേണ്ടി വരുന്നുണ്ട്. 2016-17, 2017-18 , 2018-19 വർഷങ്ങളിൽ മതിയായ തുക വകയിരുത്തി വായ്പത്തുകയും പലിശയും അടച്ചതിൽ കുറവ് വന്നതിനാലാണ് തുടർ വർഷങ്ങളിൽ ആവശ്യമായതിലും കൂടുതൽ പലിശയും, പലിശയുടെ മേലെ പലിശയും പിഴപ്പലിശയും അടക്കുന്ന സാഹചര്യം നിലവിലുണ്ട്.

മുതൽ/പലിശ ഇനത്തിൽ തുക അടവാക്കുന്നത് സംബന്ധിച്ച രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ മുതൽ, പലിശയിനത്തിൽ നാളിതുവരെയുള്ള വായ്പാ തിരിച്ചടവ് സംബന്ധിച്ച കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി എത്ര രൂപ വായ്പ എടുത്തുവെന്ന വിവരവും , പലിശ കണക്കാക്കുന്ന വിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വായ്പാമുതലും പലിശയും യഥാസമയം ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും അനാവശ്യ പിഴപലിശ ഒഴിവാക്കുന്നതിനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി.നം. 33 തീയ്യതി 27.01.2020 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

## 1-27 അങ്കണവാടികളുടെ നിർമ്മാണം -തുക ഡെപ്പോസിറ്റ് ചെയ്തു-പദ്ധതി പൂർത്തീകരിച്ചില്ല.

ഓഡിറ്റ് വർഷം താഴെ പറയുന്ന അങ്കണവാടികളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി ഡയറക്ടറുടെ 18.03.2017 ലെ ICDS.A7-3187/16നമ്പർ ഉത്തരവ് പ്രകാരം ഒരു അങ്കണവാടി നിർമ്മാണത്തിന് 14.5 ലക്ഷം രൂപയാണ് യൂണിറ്റ് കോസ്റ്റ് . വകയിരുത്തിയ അങ്കണവാടികളുടെ നിർമ്മാണത്തിന്റെ 60% തുക സാമൂഹ്യനീതിവകുപ്പും 40 % തുക

നഗരസഭയുമാണ് വഹിക്കേണ്ടത്. 5 അങ്കണവാടികളുടെ നിർമ്മാണത്തിനുള്ള 40% തുകയാണ് ഡെപ്പോസിറ്റ് ചെയ്തത്.

അങ്കണവാടികളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. ചെട്ടിമൂല
2. വളാഞ്ചേരി
3. കൈപ്പഞ്ചേരി
4. വെള്ളപ്പാട്ട്
5. പുകലമാളം

പ്രോജക്ട് നമ്പർ-585/19

പ്രോജക്ട്-അങ്കണവാടികൾക്ക് പി.ഡബ്ല്യു.ഡിയിൽ വിഹിതം അടക്കൽ

നിർവഹണം-സെക്രട്ടറി

ചെലവഴിച്ച തുക-₹29,00,000/-

ട്രഷറി ബിൽ നമ്പർ 53/23.03.19-₹16,34,000/-(Finance Commission)

ട്രഷറി ബിൽ നമ്പർ 54/23.03.19-₹5,00,000/-(Devt Fund)

വൌച്ചർ നമ്പർ 124/22.03.19 -₹7,66,000/-(Own Fund)

തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ എഗ്രിമെന്റ് വെച്ചിട്ടില്ല.അങ്കണവാടികളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ഫയലിൽ വെച്ചിട്ടില്ല.അങ്കണവാടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങളും പദ്ധതിയുടെ പൂർത്തീകരണവിവരങ്ങളും ഓഡിറ്റിന് ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറി.നം. 15 /18-19തീയതി 23.01.2020 പ്രകാരം ആവശ്യപ്പെട്ടതിന് സെക്രട്ടറി നൽകിയ മറുപടിയിൽ പി.ഡബ്ല്യു.ഡിയിൽ നിന്ന് പൂർത്തീകരണവിവരങ്ങൾ ആവശ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്.തുടർനടപടികൾ അറിയിക്കേണ്ടതാണ്. 29,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 മാലിന്യസംസ്കരണപ്ലാന്റ് യാഥാർത്ഥ്യമായിട്ടില്ല.

നഗരസഭയിലെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കരുവള്ളിക്കുന്നിൽ പ്രവർത്തിച്ചിരുന്ന മാലിന്യസംസ്കരണ പ്ലാന്റ് നിലവിൽ പൊളിച്ചുമാറ്റിയതായും പുതിയ പ്ലാന്റ് ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചതായും കണ്ടു. നഗരസഭയുടെ 20.09.2016 ലെ 3 നമ്പർ തീരുമാനപ്രകാരം മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ DIDASK ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഒരു പുതിയ പ്രോജക്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. പൂർണ്ണമായും ജർമ്മൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഈ പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതിലൂടെ മാലിന്യസംസ്കരണം കൂടാതെ വൈദ്യുതി ഉൽപ്പാദനവും ജൈവവള ഉൽപ്പാദനവും ലക്ഷ്യമിടുന്നു. ഏകദേശം 163.34 ലക്ഷം രൂപയാണ് പ്ലാന്റ് സ്ഥാപനത്തിന് ചെലവ്. മലിനീകരണ നിയന്ത്രണബോർഡിന്റെയും ശുചിത്വമിഷന്റെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതുപ്രകാരം പ്ലാന്റ് സ്ഥാപിക്കാൻ 30.12.2016 DIDASK ബയോ എനർജി പ്രൈവറ്റ് ലിമിറ്റഡും നഗരസഭയും കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിന് 21.01.2017 ലെ സ.ഉ.(സാ.ധാ)176/2017 ത.സ്വ.ഭ.വ. പ്രകാരം സർക്കാർ അനുമതിയും ലഭ്യമായിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം 30.12.16 ന് സ്ഥലം കമ്പനിക്ക് കൈമാറി. എന്നാൽ പ്ലാന്റ് എന്ന് പ്രവർത്തനക്ഷമമാകും എന്നത് സംബന്ധിച്ച വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തികാണുന്നില്ല.

നഗരസഭ പ്രോജക്ട് നടപ്പാക്കുന്നതിനെതിരെ പരിസരവാസികൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ (CC 123/2018) ,ഹൈക്കോടതി നിയോഗിച്ച കമ്മീഷൻ 14.07.18 ൽ സ്ഥലം സന്ദർശിച്ച് ,നിർമ്മാണത്തിലിരിക്കുന്ന പ്ലാന്റ് പൂർത്തിയാക്കുന്ന മുറക്ക് നഗരസഭയുടെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കാനാകും എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.കൂടാതെ താലൂക്ക് ലീഗൽ സർവീസ് അതോറിറ്റിയിലും കേരള സംസ്ഥാന പട്ടികജാതി-പട്ടികഗോത്ര വർഗ്ഗ കമ്മീഷനിലും പരിസരവാസികൾ സമർപ്പിച്ച പരാതികളും തീർപ്പാക്കിയതായി കാണുന്നു.

കമ്പനിയുമായി നടത്തിയ ചർച്ചയിൽ ട്രഞ്ചിംഗ് ഗ്രൌണ്ടിന് ചുറ്റുമതിൽ നിർമ്മിച്ച് മണ്ണ് നിറച്ച് കൈമാറാൻ തീരുമാനമെടുത്തു. ഓഗസ്റ്റ് 2018 ലെ വെള്ളപ്പൊക്കകെടുതികൾ മൂലവും ബഹു.ഹൈക്കോടതി കേസ് മൂലവും ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിക്കാൻ വൈകി. 2019 മാർച്ചിൽ നഗരസഭ പൂർത്തിയാക്കേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കുകയും 06.04.19 ന് പി.എച്ച്.1-7811/19 കത്ത് പ്രകാരം കമ്പനിയെ വിവരം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

1994 -ലെ കേരളമുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 30(1) പ്രകാരമുള്ള നഗരസഭയുടെ അനിവാര്യചുമതലയിൽപ്പെട്ട ഖരമാലിന്യ സംസ്കരണത്തിന് ഇത്തരമൊരു പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതിയും മറ്റ് അനുവാദങ്ങളും ലഭ്യമായിട്ടും എഗ്രിമെന്റ് വെച്ച പ്രോജക്ട് നാളിതുവരെ പ്രാവർത്തികമാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.ഇത് സംബന്ധിച്ച് ന്ലകിയ ഓഡിറ്റ് എൻക്വയറി.നം./18-19തീയതി 25.01.2020 ക്ക് മറുപടി നൽകിയിട്ടില്ല. പദ്ധതിയുടെ തുടർവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ രേഖകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ ഉള്ളതായി കണ്ടു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

എ) ക്യാഷ് ബുക്ക്

നഗരസഭയിൽ നിന്നും ലഭിക്കുന്നതും വിനിയോഗിക്കുന്നതുമായ തുകകളുടെ വിവരങ്ങൾ വെറ്റിനറി സർജൻ സൂക്ഷിക്കുന്ന ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ക്യാഷ് ബുക്കിൽ വിവരങ്ങൾ ചേർത്ത് പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) മരുന്ന് - സ്റ്റോക്ക്

പ്രൊജക്ട് നം.12/19 പ്രകാരം 3,00,000/-രൂപ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും, ചെക്ക് നം.2483162/18.3.19 പ്രകാരം നല്കുകയും മരുന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്ന് വിതരണ, വിനിയോഗ വിവരങ്ങൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഇഷ്യൂഘട്ടത്തിൽ കൈപ്പറ്റുന്നയാൾ ഒപ്പ് രേഖപ്പെടുത്തുന്നില്ല. രേഖകൾ യഥാവിധം പൂർത്തീകരിച്ച് സൂക്ഷിക്കാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സി) വനിതകൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ കോഴിവളർത്തൽ പദ്ധതി - വിവരങ്ങൾ ഇല്ല.

പ്രൊജക്ട് നം.341/19 പ്രകാരം വനിതകൾക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ കുടുംബശ്രീ മുഖാന്തിരം കോഴി വളർത്തൽ പദ്ധതിക്കായി ട്രഷറി ബിൽ നം.1/18-19/26.9.18 പ്രകാരം 3,03,972/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിശദവിവരങ്ങൾ ഫയലിൽ ഇല്ല. മാത്രമല്ല കോഴികളെ ഏതെല്ലാം ഗ്രൂപ്പുകൾക്കാണ് നല്കിയതെന്നും അവർ ഇപ്പോഴും ഗ്രൂപ്പടിസ്ഥാനത്തിൽ കോഴിവളർത്തൽ നടത്തുന്നുണ്ടോ എന്ന്

മോണിറ്ററിംഗ് സമിതി പരിശോധിക്കുന്നില്ല (രേഖകളില്ല). അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12 /2018-19/ 23.1.2020 ) മറുപടി നല്കിയിട്ടില്ല.

## 1-30 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ - രേഖകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ

പദ്ധതി ഫയലുകൾ തൃപ്തികരമായി സൂക്ഷിക്കുന്നില്ല. പ്രൊജക്ടിൽ/ഫയലുകളിൽ ഫണ്ട് വിനിയോഗത്തിന്റെ ഇനം,തരം എന്നിവ രേഖപ്പെടുത്തുന്നില്ല. അതിനാൽ തുകകൾ നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് മതിയായ തോതിൽ മാത്രമാണ് വിനിയോഗിക്കു- ന്നത് എന്നുറപ്പാക്കാൻ കഴിയുന്നില്ല.

ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽ പദ്ധതികളുടെ വിശദവിവരങ്ങൾ, ഫണ്ട് വിനിയോഗത്തിന്റെ തോത് എന്നിവയൊന്നും രേഖപ്പെടുത്തുന്നില്ല. പദ്ധതിയുടെ പേരും അടങ്കൽ തുകയും മാത്രമാണ് രേഖപ്പെടുത്തുന്നതായി കാണുന്നുള്ളൂ. പദ്ധതികളുടെ നിർവ്വഹണ ഘട്ടങ്ങൾ വിലയിരുന്നില്ല. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നത് സംബന്ധിച്ച് ചർച്ചകളോ പരാമർശങ്ങളോ കാണുന്നില്ല.

എ) പ്രൊജക്ട് നം. 571/19 . വയോമിത്രം പദ്ധതിയ്ക്കായി മരുന്ന് വാങ്ങിയത് -

ഈ പദ്ധതിക്കായി ചെക്ക് നം 10005880/23.3.19 പ്രകാരം 39602/- രൂപ ചെലവഴിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരിയിലെ കാരുണ്യ ഫാർമസിയിൽ നിന്നും ഇൻവോയ്സ് നം.46360/18.3.19 പ്രകാരം വാങ്ങിയ മരുന്നിന്റെ വിലയാണിത് എന്നാണ് ഓഡിറ്റിൽ വിശദീകരിച്ചത്.എന്നാൽ ഫയലിലുള്ള മേൽ ഇൻവോയ്സിൽ 79602/- രൂപയുടെ മരുന്നുകളാണ് വാങ്ങിയത് . ബാക്കി തുക എങ്ങനെയാണ് നല്കിയതെന്ന വിവരം ഫയലിൽ ഇല്ല. എന്നാൽ വാങ്ങിയ മരുന്നുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. രേഖകളും ഫയലുകളും പൂർത്തീകരിക്കാതെ സൂക്ഷിക്കുന്ന സാഹചര്യം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ബി) പ്രൊജക്ട് നം.115/19 – ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്.

ചെക്ക് നം 10005884/29.3.19 പ്രകാരം 44275/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്ടിലോ ഫണ്ട് വിനിയോഗത്തിന്റെ ഇനം,തരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരി- ക്കുന്നതിൽ ആയതിനുള്ള മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ - ടെണ്ടർ/ക്വട്ടേഷൻ നടപടികൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം തുടങ്ങിയവ - പാലിക്കുന്നതായി കാണുന്നില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകളിൽ ഒന്നിലും ജി.എസ്.ടി. രജിസ്ട്രേഷൻ വിവരങ്ങൾ ഇല്ല. പ്രവർത്തനങ്ങളുടെ ഭാഗമായി ഹെൽത്ത് കാർഡ് നല്കിയവരുടെ ലിസ്റ്റ് ലഭ്യമല്ല. ഹെൽത്ത് കാർഡിന്റെ പ്രസക്തി എന്താണെന്നും , ഹെൽത്ത് കാർഡുടമയ്ക്ക് അതുകൊണ്ട് ലഭിക്കുന്ന നേട്ടം/സൗകര്യം എന്താണെന്നും പ്രൊജക്ടിൽ വ്യക്തമാക്കിയിട്ടില്ല. ഹെൽത്ത് കാർഡുടമയ്ക്ക് , തുടർന്ന് ചികിത്സാ സൗകര്യം ലഭ്യമാണോ എന്നും, ഉണ്ടെങ്കിൽ അവ എവിടെ ലഭ്യമാകുന്നുവെന്നും വ്യക്തമല്ല. ഹെൽത്ത് കാർഡ് മുഖേന ഈ തൊഴിലാളികൾക്ക് ചികിത്സാ/മറ്റ് സേവനങ്ങൾ നല്കുന്നുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണം.

സി) പ്രൊജക്ട് നം. 109/19 ട്രൈബൽ ആന്റിനേറ്റൽ കെയർ

ചെക്ക് നം 2483167/25.3.19 പ്രകാരം 7850/- രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരായ വനിതകൾക്ക് ആന്റിനേറ്റൽ കെയറിന്റെ ഭാഗമായി വാഹന സൗകര്യം ഏർപ്പെടുത്തിയ ഇനത്തിൽ വിനു എന്നയാൾക്ക് നല്കിയതാണ് ഈ തുക. പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ആരോഗ്യവകുപ്പിൽ നിന്നും സമാന പ്രവർത്തനങ്ങൾ നടത്തുന്നതിനാൽ അവിടെ ഈ പേമെന്റ് നടത്തിയിട്ടില്ല എന്ന് സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് ലഭ്യമാക്കണമെന്നവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19 /2018-19/ 24.1.2020) മറുപടിയൊന്നും നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ ഉപഖണ്ഡിക (ബി), (സി) എന്നിവ പ്രകാരമുള്ള തുകകൾ(44275 + 7850 =) 52125/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-31 നെൽകർഷകർക്ക് നെൽകൃഷിസബ്സിഡി-

നഗരസഭാപരിധിയിലെ നെൽകർഷകർക്ക് നെൽകൃഷിസബ്സിഡി നൽകുന്നതിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ നിർവഹണം കൃഷി ഓഫീസർ ആണ്.സ.ഉ(എം.എസ്).80/2017/ ത.സ്വ.ഭ.വ തിയ്യതി 03.04.17 മാർഗ്ഗരേഖ പ്രകാരം ഹെക്ടറിന് ₹17,000 യും പരമാവധി ₹30,000 യും അനുവദിക്കാവുന്നതാണ്. എന്നാൽ പദ്ധതി തുകയുടെ അപര്യാപ്തത കണക്കിലെടുത്ത് ലഭ്യമായ തുകയിൽ നിന്നും ശരാശരി തുക കണക്കാക്കിയാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുള്ളത്.തൻവർഷം നഗരസഭ ഈ പദ്ധതിക്കുവേണ്ടി ₹2897520 ചെലവഴിച്ചിട്ടുണ്ട്. നഗരസഭയിൽ നിന്നും നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവ് | ബിൽനം./ തിയ്യതി |
|---|---|---|---|---|
| 1 | S-46/19 നെൽകതിർ നെൽകൃഷി കൂലിച്ചെലവ് സബ്സിഡി (ജനറൽ) | ₹20,00,000 (ജനറൽ 15,00,00, തനത് 500000) | ₹1883000 | 1). 11/18-19/ 6.2.19 ₹3,39,910/- 2). 5/18-19/ 23.11.18- ₹316564/- 3). 4/18-19/ 23.11.18- ₹843526/- 4)ചെക്ക് നം 2483181/ 03/03/19 ₹383000 |
| 2 | S-52/19 നെൽകതിർ നെൽകൃഷി കൂലിച്ചെലവ് സബ്സിഡി (എസ്.സി) | ₹453520 | ₹453520 | 1).9/18-19/ 31.12.18– ₹453520/- |
| 3 | S-57/19 നെൽകതിർ നെൽകൃഷി കൂലിച്ചെലവ് | ₹ 561000 | ₹561000 | 1)3/18-19/ 23.11.18- ₹429670/- 2) 17/18-19/9.4.19- |

| | | | | |
|---|---|---|---|---|
| | സബ്സിഡി। (എസ്.ടി) | | | ₹86960/- 2) 7/18-19/31.12.20-₹44370/- |
| | ആകെ | | ₹28,97,520 | |

മേൽ വിവരിച്ചപ്രകാരം 373 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത കർഷകരുടെ വിവിധ ബാങ്ക് അക്കൗണ്ടിലേക്ക് ആനുപാതിക തുക നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് വരവ് വന്നത് സംബന്ധിച്ച് ഹാജരാക്കിയ രേഖകൾ പരിശോധിച്ചു. 18 കർഷകരുടെ ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായതിനാൽ പണം [24,300/- രൂപ] ക്രെഡിറ്റ് ആയിട്ടില്ല. 18 കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ പണം[ 24,300/- രൂപ ]ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-32 അങ്കണവാടികളിലേക്കുള്ള പോഷകാഹാര പദ്ധതി- അപാകതകൾ

എ)മാവേലി സ്റ്റോറിലെ വിലയേക്കാൾ അധിക നിരക്കിന് സാധനങ്ങൾ വാങ്ങി.

ബത്തേരി മുൻസിപ്പാലിറ്റിയിലെ അങ്കണവാടികൾക്ക് ആവശ്യമായ പോഷകാഹാരങ്ങൾ താഴെ പറയുന്ന പ്രോജക്ടുകൾ മുഖേന വാങ്ങി നൽകിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | അങ്കണവാടി പോഷകാഹാര വിതരണം(ജനറൽ) | അങ്കണവാടി പോഷകാഹാര വിതരണം (എസ്.റ്റി) |
|---|---|---|
| പ്രോജക്ട് നമ്പർ | S0104/19 | S0074/19 |
| അടങ്കൽ | ₹ 741956/- (വികസനം-ജനറൽ) ₹ 1396244/- (കേന്ദ്ര വിഹിതം) | ₹ 2500000/- (വികസനം-ടി.എസ്.പി) |
| ബിൽ നമ്പർ & തുക | 5/18-19/28.06.18 – 133543/-7/18-19/30.06.18 –184264/- 8/18-19/22.08.18 – 221345/- 17/18-19/31.10.18 – 67199/- 24/18-19/16.03.19 – 42413/- 27/18-19/19.03.19 – 9974/- ചെക്ക് നം. 3138/19.11.18 – 979040/- ചെക്ക് നം. 3142/03/12/2018 – 3,99,876/- | 1/18-19/27.05.18 – 1427692/-2/18-19/21.05.18 – 68888/- 4/18-19/16.06.18 – 83389/- 6/18-19/28.06.18 – 789089/- 9/18-19/22.08.18 – 53007/- 25/18-19/20.03.19 – 77935/- - |
| ആകെ | 20,37,654/- | 25,00,000 |
| | | |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ ബില്ലുകൾ പ്രകാരം അങ്കണവാടികൾക്ക് ആവശ്യമായ പോഷകാഹാരങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്. അനുപൂരക പോഷകാഹാരങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണെങ്കിലും ആയതിനുള്ള വിലകൾ അതാത് സമയത്ത് മാവേലി സ്റ്റോറിലുള്ള തുകയേക്കാൾ അധിക വില നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായുള്ള ഈ പദ്ധതി പ്രകാരം സാധനങ്ങൾ വാങ്ങിയത് വയനാട് ജില്ല ഹോൾസെയിൽ കോപ്പറേറ്റീവ് കൺസ്യൂമേർസ് സ്റ്റോർ കൽപ്പറ്റ, വയനാട് ജില്ല ഡ്രൈവേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി, കൽപ്പറ്റ എന്നീ സ്ഥാപനങ്ങളിൽനിന്നുമാണ്. ഹാജരാക്കിയ രേഖകൾ പ്രകാരം വാങ്ങിയ വെളിച്ചെണ്ണ മാവേലി സ്റ്റോറിലുള്ള വിലയേക്കാൾ അധികരിച്ചാണ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം./ തീയതി | ഇൻവോയിസ് നം./ തീയതി | ഇനം | വാങ്ങിയ അളവ് (കെ.ജി) | വാങ്ങിയ നിരക്ക് | ആകെ വില | സപ്ലൈകോ വില | ആകെ നൽകാവുന്ന വില | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|---|
| 1 | 1/18-19/27.05.18 | 151/ 23.01.18 | വെളിച്ചെണ്ണ | 920 | 249 | 229080 | 237.16 | 218187 | 10893 |
| | | | രാഗി | 336 | 46 | 15456 | 32 | 10752 | 4704 |
| 2 | 6/18-19/28.06.18 | 261/ 03.05.18 | രാഗി | 357 | 58 | 20706 | 30 | 10710 | 9996 |
| | | | ചെറുപയർ | 210 | 72 | 15120 | 68 | 14280 | 840 |
| | | | സാമ്പാർ പൊടി 100g | 84 | 29 | 2436 | 21.39 | 1797 | 639 |
| 3 | 5/18-19/28.06.18 | 23/ 06.06.18 | വെളിച്ചെണ്ണ | 125 | 225 | 28125 | 221.48 | 27685 | 440 |
| | | | ചെറുപയർ | 375 | 73 | 27375 | 69 | 25875 | 1500 |
| | | | മുളകു പൊടി 100g | 84 | 16.5 | 1386 | 11.16 | 937 | 449 |
| | | | മഞ്ഞൾ പൊടി 100g | 46 | 19.5 | 897 | 13.02 | 599 | 298 |
| | | | സാമ്പാർ പൊടി 100g | 210 | 29 | 6090 | 21.39 | 4492 | 1598 |
| 4 | 24/18-19/16.03.19 ചെക്ക് നം. 2483165/ 23.03.19 | 796/ 29.12.18 | വെളിച്ചെണ്ണ | 990 | 200 | 198000 | 170.52 | 168815 | 29185 |
| | | | രാഗി | 118 | 58 | 6844 | 34.5 | 4071 | 2773 |
| 5 | ചെക്ക് നം. 2483138/ 19.11.18 | 551/ 29.08.18 | വെളിച്ചെണ്ണ | 655 | 222 | 145410 | 207.76 | 136083 | 9327 |
| | | 514/ 29.10.18 | വെളിച്ചെണ്ണ | 513 | 217.5 | 111578 | 192.08 | 98537 | 13041 |
| | | | ഉഴുന്ന് | 203 | 64.5 | 13094 | 60 | 12180 | 914 |
| ആകെ | | | | | | | | | 86597/- |

കൂടാതെ അങ്കണവാടികൾക്ക് വേണ്ടി വാങ്ങിയ വെല്ലം , നുറുക്ക് ഗോതമ്പ്, മുത്താറി, അവിൽ, പുളി മുതലായവയുടെ വില മാവേലി സ്റ്റോറിലുള്ള വിലയേക്കാൾ കുറവാണ്

എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (നം. 9/ 22.01.2020) നൽകിയ മറുപടിയിൽ നുറുക്ക് ഗോതമ്പിന് മാവേലി സ്റ്റോറിലേക്കാളും കുറഞ്ഞ വിലയാണ് ഈടാക്കിയിരിക്കുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. സർക്കാർ ഉത്തരവിന് വിരുകദ്ധമായി മാവേലി സ്റ്റോറിലേക്കാളും കൂടിയ നിരക്കിന് പട്ടികയിൽ സൂചിപ്പിച്ച സാധനങ്ങൾ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്.

(ബി) ട്രഷറിയിൽ നിന്നും പിൻവലിച്ച തുക തിരികെ ട്രഷറിയിലേക്ക് അടവാക്കി – നഗരസഭയ്ക്ക് ഫണ്ട് നഷ്ടമാകുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | അങ്കണവാടി പോഷകാഹാര വിതരണം(ജനറൽ) |
| പ്രോജക്റ്റ് നമ്പർ | S0104/19 |
| അടങ്കൽ | ₹ 741956/- (വികസനഫണ്ട്-ജനറൽ)<br>₹ 1396244/- (കേന്ദ്ര വിഹിതം) |
| ബിൽ നമ്പർ & തുക | 5/18-19/28.06.18 – 133543/-, 7/18-19/30.06.18 –184264/- 8/18-19/22.08.18 – 221345/-, 17/18-19/31.10.18 – 67199/- 24/18-19/16.03.19 – 42413/-, 27/18-19/19.03.19 – 9974/- ചെക്ക് നം. 3138/19.11.18 – 979040/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മുൻസിപ്പാലിറ്റിയിലെ അങ്കണവാടികൾക്ക് ആവശ്യമായ പോഷകാഹാരങ്ങൾ വാങ്ങുന്നതിനുള്ള ചെലവുകൾ നടത്തിയിട്ടുണ്ട്. അതിൽ, ബിൽ നമ്പർ 7/30.06.18 പ്രകാരം പിൻവലിച്ച് മൈത്രി ന്യൂട്രിമിക്സിന്റെ അക്കൗണ്ടിലേക്ക് നൽകിയ 184264/- രൂപ, 03.07.18-ന് ചെലാൻ നം. K100348080420 പ്രകാരം ട്രഷറിയിലേക്ക് അടവാക്കിയിട്ടുണ്ട്.

വികസന ഫണ്ടിന്റെ(ജനറൽ) അപ്രോപ്രിയേഷൻ രജിസ്റ്റർ പ്രകാരം 29/06.2018-ന് 184264/- രൂപ അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിക്കായി (പ്രോജക്റ്റ് നം.104/19) ഐ.സി.ഡി.എസ് സൂപ്പർവൈസർ, ശ്രീമതി. സാലി.ഇ.വി പിൻവലിച്ചിട്ടുണ്ട്. 2018-19 എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം അങ്കണവാടി പോഷകാഹാര വിതരണം-ജനറൽ (പ്രോജക്റ്റ് നം.104/19) എന്ന പ്രോജക്റ്റിന്റെ വികസന ഫണ്ടിന്റെ ചെലവ് 6,58,738/- രൂപയാണ്. എന്നാൽ, 4,74,474/- രൂപയുടെ ചെലവിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കിയിരിക്കുന്നത്. ബാക്കി 184264/- രൂപ ട്രഷറിയിലേക്ക് തിരിച്ചടച്ചിരിക്കുകയാണ്. എന്നാൽ, തിരികെ അടവാക്കിയ 184264/- രൂപ മുൻസിപ്പാലിറ്റിയുടെ വികസന ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതായി കാണുന്നില്ല. 184264/- രൂപ നഷ്ടപ്പെടുത്തിയതിനും, തുക ട്രഷറിയിലേക്ക് ഭരണസമിതി അംഗീകാരം ഇല്ലാതെ തിരികെ അടവാക്കിയതിനും, രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം.18/ 24.01.2020) നൽകിയ മറുപടിയിൽ മൈത്രി ന്യൂട്രിമിക്സ് മേയ് മാസത്തെ ബില്ലിന് പകരം ഏപ്രിൽ മാസത്തെ ബില്ല് നൽകിയതിനാലാണ് സംഭവിച്ചിരിക്കുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. ഏത് മാസത്തെ ബില്ലാണ് എന്ന് നിർവ്വഹണോദ്യോഗസ്ഥ പരിശോധിക്കുന്നില്ല എന്നാണ് മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. മേൽ അപാകത ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽ പെടുത്തുന്നു.

## 1-33 ലൈഫ്- ജനറൽ പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണം - മുൻ ഭവന പദ്ധതിയിൽ പൂർത്തീകരിച്ച ഘട്ടങ്ങൾക്കും ആനുപാതിക വർദ്ധനവ് അനുവദിച്ചതിനാൽ അധികച്ചെലവ്.

പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തികരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലെ (ജി.ഒ.(എം.എസ്.) നം.196/2017/തസ്വഭാവ തീയതി 11.10.2017) ഖണ്ഡിക നം. VI - പ്രകാരം പണി തീരാത്ത വീടുകളുടെ പൂർത്തികരണത്തിന് ഏത് ഭവനപദ്ധതിയിൽ ആരംഭിച്ചതാണെങ്കിലും നിലവിൽ യൂണിറ്റ് കോസ്റ്റ് നാല് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. പരിഗണനയിൽ ഉള്ള വീടിന് പഴയ സ്കീമിൽ ഏതു ഘട്ടം വരെ ധനസഹായം നൽകിയിട്ടുണ്ടോ ബാക്കിയുള്ള ഘട്ടങ്ങളുടെ പൂർത്തികരണത്തിന് പുതിയ യൂണിറ്റ് കോസ്റ്റ് അനുസരിച്ചുള്ള ആനുപാതിക വർദ്ധനവ് വരുത്തി തുക അനുവദിക്കാവുന്നതാണ്.

മാർഗ്ഗനിർദ്ദേശത്തിലെ അനുബന്ധം 1, പട്ടിക 2 -പ്രകാരം പൂർത്തികരിക്കാത്ത വീടിന് ഘട്ടം തിരിച്ച് നൽകേണ്ട തുകയുടെ ശതമാന കണക്ക് നൽകിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

| പഴയ സ്കീമിൽ ധനസഹായം കൈപ്പറ്റിയിട്ടുള്ള പ്രകാരമുള്ള നിർമ്മാണ ഘട്ടം | പൂർത്തീകരണ ശതമാനം | ബാക്കി നൽകാവുന്ന ധനസഹായം |
|---|---|---|
| ബെയ്സ്മെന്റ് വരെ | 10% | 360000 |
| ലിന്റിൽ നിരപ്പ് വരെ | 50% | 200000 |
| മേൽക്കൂര നിരപ്പ് | 55% | 180000 |
| മേൽക്കൂര വരെ | 80% | 80000 |

തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ 25.04.2018 ലെ 336/ഡി.ബി.1/18/തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് നൽകിയിട്ടുള്ള ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ആയത് അനുസരിച്ച് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള ധനസഹായം ഈ തുകയുടെ എത്ര ശതമാണെന്ന് കണക്കാക്കി ഇപ്പോഴത്തെ ലൈഫ് നിരക്കായ 4 ലക്ഷം രൂപയിൽ നിന്ന് ഈ അനുപാതത്തിന് തുല്യമായ തുക കുറച്ച് ബാക്കി തുക ഓരോ ഘട്ടത്തിന്റെയും നിർമ്മാണത്തിന് നൽകാവുന്നതാണ്.

ഉദാ: 2011-12 -ൽ യൂണിറ്റ് നിരക്ക് ഒരുലക്ഷം രൂപയായിരുന്നപ്പോൾ ഗുണഭോക്താവ് ₹30000/- കൈപ്പറ്റിയിട്ടിണ്ടെങ്കിൽ, യൂണിറ്റ് നിരക്ക് ഒരുലക്ഷം രൂപയിൽ നിന്നും മൂന്ന് ലക്ഷം രൂപയിലേക്ക് മാറ്റുക ഗുണഭോക്താവന് നൽകിയിട്ടുള്ള ധനസഹായമായ ₹30,000/- മൂന്ന് ലക്ഷം രൂപയുടെ എത്ര ശതമാനമാണെന്ന് കണക്കാക്കുക.

30,000/3,00,000) X 100 = 10%

ഇപ്പോഴത്തെ ലൈഫ് മിഷൻ യൂണിറ്റ് നിരക്ക് - 4 ലക്ഷം ബാക്കി ലഭ്യമാകുന്ന തുക 4,00,000 X 90% = ₹3,60,000/-.

മേൽ പറഞ്ഞ തുകയാണ് പ്രസ്തുത ഗുണഭോക്താവിന് വീടിന്റെ പൂർത്തികരണത്തിനുള്ള എല്ലാ ഘട്ടങ്ങൾക്കുമായി ലഭിക്കുക. എന്നാൽ ഗുണഭോക്താവ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ 50% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയെങ്കിൽ (ലിന്റൽ നിരപ്പ് വരെ) പൂർത്തിയാക്കാൻ ബാക്കിയുള്ള 50% നിർമ്മാണ പ്രവൃത്തികൾക്ക്, മേൽ പറഞ്ഞ തുകയുടെ 50% അതായത് 1,80,000/- രൂപ ലഭിക്കുന്നതിനാണ് ഗുണഭോക്താവിന് അർഹതയുണ്ടായിരിക്കുക. എന്നാൽ മാർഗ്ഗരേഖ അനുസരിച്ച് 50% പൂർത്തിയാക്കിയ വീടിന് ബാക്കി നൽകാവുന്ന തുക ₹2,00,000 ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ ഗുണഭോക്താവിന് ബാക്കി നൽകാവുന്ന പരമാവധി തുക ₹2,00,000 രൂപയാണ്.

നഗരസഭയിലെ ഇ.എം.എസ്. പദ്ധതിയിലും, സൗഭാഗ്യ പദ്ധതിയിലും, ലക്ഷം വീട് പദ്ധതിയിലും പ്ലാൻ ഭവന നിർമ്മാണം പദ്ധതിയിലും ഉൾപ്പെട്ട പൊതു വിഭാഗത്തിലുള്ള പൂർത്തികരിക്കാത്ത ഭവനങ്ങളുടെ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് മേൽപറഞ്ഞ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മുൻപുള്ള പദ്ധതി പ്രകാരം പൂർത്തികരിച്ച ഘട്ടത്തിന് ധനസഹായം കൈപ്പറ്റിയിട്ടുള്ളതും ലൈഫ് പദ്ധതിയുടെ ഗുണഭോക്താവായി ഉൾപ്പെടുത്തുന്നതിനുള്ള പരിശോധനയിൽ പൂർത്തികരിച്ചിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ ഘട്ടങ്ങൾക്ക് വീണ്ടും ലൈഫ് പദ്ധതി പ്രകാരം ആനുപാതിക ധനസഹായം നൽകിയിട്ടുണ്ട്.

പൊതു വിഭാഗത്തിലെ ഗുണഭോക്താക്കർക്ക് മേൽപറഞ്ഞ രീതിയിൽ അധിക ധനസഹായം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ലൈഫ് ഐ.ഡി. നം. | മുൻ ഭവന നിർമ്മാണ പദ്ധതി പ്രകാരം പൂർത്തിയാക്കിയ ഘട്ടം | മുൻ ഭവന നിർമ്മാണ പ്രകാരം കൈപ്പറ്റിയ തുക | എല്ലാ ഘട്ടങ്ങൾക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുക | മുമ്പ് പൂർത്തിയാക്കിയ ഘട്ടത്തിന്റെ തുക കഴിച്ച് നൽകാവുന്ന തുക | നാളിതുവരെ നൽകിയ തുക (ചെക്ക് നമ്പർ, തീയതി, തുക) | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | സുനിൽ കുമാർ, കുന്നുംപാറക്കൽ വീട്, പള്ളിക്കണ്ടി. 38951 (ജനറൽ) | തറ പൂർത്തിയായി (ഭവന നിർമ്മാണത്തിന്റെ 10% പൂർത്തികരിച്ചു) | 52500/- (ചെക്ക് നം. 301834/ 06.08.10 – 22500/-, 317403/ 20.02.11 – 30000/-) (ഇ.എം.സ് 2011-12) | ₹ 330000 (52500/ 300000 = 17.5%; നൽകവുന്നത് 400000 X 82.5 =330000) | ₹297000/- (എല്ലാ ഘട്ടങ്ങൾക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 90% തുക.) | ₹370000/-( 122161/ 11.05.18 – 37000/-, 22175/ 21.08.18 – 148000/-, 22176/31.08.18 – 145000/-, 22178/07.11.18 – 45000/-) | ₹73000/- |
| 2 | ജയദേവൻ, ചെമ്പക ശ്ശേരി, കുപ്പാടി (ജനറൽ) | ഭിത്തി പൂർത്തിയായി (ഭവന നിർമ്മാണത്തിന്റെ 55% പൂർത്തികരിച്ചു) | 67500/-(ചെക്ക് നം. 285853/ 05.05.10 – 22500/-, 167748/ – 30000/-, 13588/03.09.13 – 15000/-) | ₹ 310000/- (67500/ 300000 = 22.5%; നൽകാവുന്നത് 400000 X 77.5 = 310000) | ₹139500/-(എല്ലാ ഘട്ടങ്ങൾക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 45% തുക.) | ₹210000/- ( ചെക്ക് നം 122161/ 11.05.18 – 105000/-, 22181/04.12.18 – 105000/-) | ₹70500/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | (ഇ.എം.സ് 2011-12) | | | | |
| 3 | എം.ജി. കുട്ടിരാമൻ, പുത്തൻപുര, കുപ്പാടി. 39107 (ജനറൽ) | തറ പൂർത്തി യായി (ഭവന നിർമ്മാണ ത്തിന്റെ 10% പൂർത്തികരിച്ചു) | 52500/-(ചെക്ക് നം. 301347/012.07.10 – 22500/-, 167069/20.12.10 – 30000/-) (ഇ.എം.സ് 2011-12) | ₹ 330000 (52500/ 300000 = 17.5%; നൽകവുന്നത് 400000 X 82.5 =330000) | ₹297000/- (എല്ലാ ഘട്ടങ്ങൾ ക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 90% തുക.) | ₹330000/- ( ചെക്ക് നം 122161/11.05.18 – 50000/-, 22169/26.06.18 – 115000/-, 22172/27.07.18 – 132000/-, 22180/08.11.18 - 33000/-) | ₹33000/- |
| 4 | എ.ആർ. രാജശേഖരൻ, ആയിരം നാഴിയിൽ, കുപ്പാടി. 39114 (ജനറൽ) | ഭിത്തി പൂർത്തിയായി (ഭവന നിർമ്മാണ ത്തിന്റെ 55% പൂർത്തികരിച്ചു) | 67500/- (ചെക്ക് നം. 301385/ 24.07.10 – 22500/-, 167082/ 10.12.10 – 30000/-, 3459/31.03.16 – 15000/-) (ഇ.എംഎസ് 2010-11) | ₹ 310000/- (67500/ 300000 = 22.5%; നൽകാവുന്നത് 400000 X 77.5 = 310000) | ₹139500/- (എല്ലാ ഘട്ടങ്ങൾ ക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 45% തുക.) | ₹196000/- ( ചെക്ക് നം 122161/11.05.18 – 98000/-, 22181/04.12.18 – 98000/-) | 56500/- |
| 5 | സുലൈഖ മഠത്തിൽ, പൂമല. 38886 (ജനറൽ) | ഭിത്തി പൂർത്തിയായി (ഭവന നിർമ്മാണ ത്തിന്റെ 55% പൂർത്തികരിച്ചു) | 67500/- (ചെക്ക് നം. 167812/11.02.10 – 22500/-, 11145/29.06.11 – 30000/-, 8452/ – 15000/-) (ഇ.എംഎസ് 2010-11) | ₹ 310000/- (67500/ 300000 = 22.5%; നൽകാവുന്നത് 400000 X 77.5 = 310000) | ₹139500/- (എല്ലാ ഘട്ടങ്ങൾ ക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 45% തുക.) | ₹279000/- ( ചെക്ക് നം 122161/11.05.18 – 31000/-, 22169/22.06.18 – 124000/-, 122174/10.08.18 – 124000/-). പണി പൂർത്തിയായി ട്ടുണ്ടെങ്കിലും ഫണ്ട് അപര്യാപ്തത മൂലം അവസാന ഗഡു (31000/-) നൽകിയിട്ടില്ല. | 139500/- |
| 6 | പ്രീത, ചിറയത്ത്, പുതുച്ചോല, കുപ്പാടി. 39060 (എസ്.സി) | ഭിത്തി പൂർത്തിയായി (ഭവന നിർമ്മാണ ത്തിന്റെ 55% പൂർത്തികരിച്ചു) | 67500/- (ചെക്ക് നം. 167826/09.02.11 – 22500/-, 10208/04.05.11 – 30000/-, 8431/ – 15000/-) (ഇ.എംഎസ് 2010-11) | ₹ 310000/- (67500/ 300000 = 22.5%; നൽകാവുന്നത് 400000 X 77.5 = 310000) | ₹139500/-(എല്ലാ ഘട്ടങ്ങൾ ക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 45% തുക.) | ₹279000/- ( ചെക്ക് നം 122161/11.05.18 – 31000/-, 22169/22.06.18 124000/-, 122174/10.08.2018 – 124000/- പണി പൂർത്തിയായി ട്ടുണ്ടെങ്കിലും ഫണ്ട് അപര്യാപ്തത മൂലം അവസാന ഗഡു (31000/-) നൽകിയിട്ടില്ല. | 139500/- |
| 7 | ദേവകി, മേലേപുറത്ത്, മണിച്ചിറ. (എസ്.സി) | ഭിത്തി പൂർത്തിയായി (ഭവന നിർമ്മാണ ത്തിന്റെ 55% പൂർത്തികരിച്ചു) | 85000/-(ചെക്ക് നം. 167826/09.02.11 30000/-, 11186/06.07.11 40000/-, 8451/26.10.15 15000/-) (ഇ.എംഎസ് 2010-11) | ₹ 286400/- (85000/ 300000 = 28.3%; നൽകാവുന്നത് 400000 X 71.6 = 286400) | ₹128880/-(എല്ലാ ഘട്ടങ്ങൾ ക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 45% തുക.) | ₹183000/- ( ചെക്ക് നം 122161/18.05.18 – 18300/-, 122168/21.06.18 – 73200/-, ബിൽ നം. 51/18-19/19.03.19 നം. - 91500). | 54120/- |
| 8 | റംല അബ്ദുൾ ഗഫൂർ, മാട്ടാൻതൊ ടിയിൽ, പട്ടരുപടി 39298 (ജനറൽ) | ഭിത്തി പൂർത്തിയായി (ഭവന നിർമ്മാണ ത്തിന്റെ 55% പൂർത്തികരിച്ചു) | 170000/- (ചെക്ക് നം. 4241/17.09.14 30000/-, 6548/23.03.15 60000/-, 6597/28.07.15 50000/-, 8377/29.03.17 30000/-) (സൗഭാഗ്യ 2014-15. യൂണിറ്റ് കോസ്റ്റ് 200000/-) | ₹ 173200 (170000/ 300000 = 56.6%; നൽകാവുന്നത് 400000 X 43.3% =173200) | ₹77940/- (എല്ലാ ഘട്ടങ്ങൾക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 45% തുക.) | ₹136000/-( 122161/11.05.18 – 86000/-, 22175/21.08.18 – 50000/- ) പണി പൂർത്തിയാകാ ത്തതിനാൽ അവസാന ഗഡു 36000/- നൽകിയിട്ടില്ല. | ₹95260/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | ഷീജ രാജീവൻ, വള്ളിയിൽ വീട്, മുലങ്കാവ് (ജനറൽ) | ഭിത്തി പൂർത്തിയായി (ഭവന നിർമ്മാണ ത്തിന്റെ 55% പൂർത്തികരിച്ചു) | 180000/- (ചെക്ക് നം. 6530/20.03.15 30000/-, 8356/23.03.16 50000/-, 8379/29.03.17 50000/-, 8384/31.03.17 50000/-) (സൗഭാഗ്യ 2015-16. യൂണിറ്റ് കോസ്റ്റ് 200000/-) | ₹ 160000 (180000/ 300000 = 60%; നൽകാവുന്നത് 400000 X 40% =160000) | ₹72000/- (എല്ലാ ഘട്ടങ്ങൾക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 45% തുക.) | ₹60000/-( 22173/17.05.18 – 60000/- ) പണി പൂർത്തിയാകാ ത്തതിനാൽ ബാക്കി തുക 100000/- നൽകിയിട്ടില്ല. | - |
| 10 | ശാന്ത ഗോപാലൻ, പുത്തനൂർ, ചെതലയം (ജനറൽ) | ഭിത്തി പൂർത്തിയായി (ഭവന നിർമ്മാണ ത്തിന്റെ 55% പൂർത്തികരിച്ചു) | 130000/- (ചെക്ക് നം. 4208/26.08.14 30000/-, 5056/02.12.14 60000/-, 5914/03.02.15 40000/-) (സൗഭാഗ്യ 2014-15. യൂണിറ്റ് കോസ്റ്റ് 200000/-) | ₹ 226800 (130000/ 300000 = 43.3%; നൽകാവുന്നത് 400000 X 56.7% =226800) | ₹102060/- (എല്ലാ ഘട്ടങ്ങൾ ക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 45% തുക.) | ₹228000/- (22164/ 24.05.18 – 34200/-, 22178/26.09.18 – 193800/- ) | ₹125400/- |
| 11 | ഷൈന കെ.എസ്, കാലാച്ചിറ, മണിച്ചിറ (ജനറൽ) | ഭിത്തി പൂർത്തിയായി (ഭവന നിർമ്മാണ ത്തിന്റെ 55% പൂർത്തികരിച്ചു) | 180000/- (ചെക്ക് നം. 5040/21.11.14 30000/-, 8370/25.02.17 50000/-, 8372/06.03.17 60000/-, 8376/29.03.17 40000/-) (സൗഭാഗ്യ 2014-15. യൂണിറ്റ് കോസ്റ്റ് 200000/-) | ₹ 160000 (180000/ 300000 = 60%; നൽകാവുന്നത് 400000 X 40% =160000) | ₹72000/- (എല്ലാ ഘട്ടങ്ങൾക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 45% തുക.) | ₹183000/- ( 22161/ 11.05.18 – 91500/-, 22172/28.07.18 – 45750/-, 22176/31.08.18 – 20000/-, 22181/04.12.18 – 25750/- ) | 111000/- |
| 12 | നജ്മത്ത് ദാവൂദ്, അങ്കത്തിൽ വീട്, ബത്തേരി. | ഭിത്തി ലിന്റൽ പൂർത്തിയായി (ഭവന നിർമ്മാണ ത്തിന്റെ 50% പൂർത്തികരിച്ചു) | 140000/- (ചെക്ക് നം. 5043/27.11.14 30000/-, 6563/18.04.15 30000/-, 6574/07.08.15 50000/-, 8363/01.10.16 – 30000/-) (സൗഭാഗ്യ 2014-15. യൂണിറ്റ് കോസ്റ്റ് 200000/-) | ₹ 213200/- (140000/ 300000 = 46.6%; നൽകാവുന്നത് 400000 X 53.3% =213200/-) | ₹106600/- (എല്ലാ ഘട്ടങ്ങൾ ക്കുമായി ലൈഫ് പദ്ധതിയിൽ നൽകാവുന്ന തുകയുടെ 50% തുക.) | ₹212000/- (22161/ 11.05.18 – 50000/-, 22165/ 06.06.18 – 100000/-,22178/26.09.18 – 62000/-) | 105400/- |

ഓഡിറ്റ് എൻക്വയറിക്ക് (നം. 27/25.01.2020) മറുപടി നൽകിയിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട വിശദീകരണവും രേഖകളും നൽകേണ്ടതാണ്.

## 1-34 ലൈഫ് ഭവന പദ്ധതി - ആരംഭഘട്ടത്തിലെ സ്റ്റേജ് വ്യക്തമാകുന്നില്ല.

നിലവിലുള്ള ഭവന നിർമ്മാണ പദ്ധതിയിലെ പൂർത്തിയാകാത്ത ഭവനങ്ങൾ ലൈഫിലേക്ക് മാറ്റുമ്പോൾ വീടുകൾ സന്ദർശിച്ച് ഗുണഭോക്താക്കളുടെ പങ്കാളിത്തം കൂടി ഉറപ്പു വരുത്തി ഓരോ വീടിനും ആവശ്യമായ മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

എന്നാൽ, ഇക്കാര്യത്തിൽ മതിയായ പരിശോധന നടത്തിയ രേഖകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി (എസ്.ടി) | ലൈഫ് ഭവന പദ്ധതി (എസ്.സി) | ലൈഫ് ഭവന പദ്ധതി (ജനറൽ) |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0042/19 | S0143/19 | പ്രോജക്ട് രൂപീകരിച്ചിട്ടില്ല. |
| അടങ്കൽ | ₹5873602/- (വികസനഫണ്ട് - ടി.എസ്.പി) | ₹1323900/- (വികസനഫണ്ട് - എസ്.സി.പി) | പ്ലാൻ ഫണ്ട് ഉൾപ്പെടുത്തിയിട്ടില്ല. |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |

നിലവിലുള്ള ഭവന നിർമ്മാണ പദ്ധതിയിലെ പൂർത്തിയാകാത്ത ഭവനങ്ങൾ ലൈഫിലേക്ക് മാറ്റുമ്പോൾ റ്റി.പി.റ്റി.എ അംഗങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപന അസിസ്റ്റന്റ് എഞ്ചിനീയർ / പബ്ലിക് വർക്ക് ഓവർസിയർ, അയ്യങ്കാളി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അക്രഡിറ്റഡ് എഞ്ചിനീയർ, വാർഡ് തല കർമ്മ സമിതി അംഗങ്ങൾ എന്നിവർ സംയുക്തമായി പൂർത്തീകരിക്കാത്ത വീടുകൾ സന്ദർശിച്ച് ഗുണഭോക്താക്കളുടെ പങ്കാളിത്തം കൂടി ഉറപ്പു വരുത്തി ഓരോ വീടിനും മൈക്രോ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ഓരോ വീടിന്റെയും മൈക്രോ പ്ലാൻ തയ്യാറാക്കിയ ശേഷം ആയത് ക്രോഡീകരിച്ച് വാർഡ് തല പ്ലാൻ തയ്യാറാക്കേണ്ടതാണ്. ( സ.ഉ. (എം.എസ്) നം. 196/2017/തസ്വഭവ/11.10.2017) എന്നാൽ, സു. ബത്തേരി നഗരസഭയിൽ, മൈക്രോ പ്ലാൻ തയ്യാറാക്കുകയോ , കർമ്മ സമിതി പരിശോധിക്കുകയോ ചെയ്തിട്ടില്ല. റ്റി.പി.റ്റി.എ റിപ്പോർട്ടുകളോ, ഏത് സ്റ്റേജിൽ നിർമ്മാണം തുടങ്ങാമെന്ന, അസി. എഞ്ചിനീയറുടെയോ വാർഡ്/നഗരസഭ തല കർമ്മ സമിതി റിപ്പോർട്ടുകൾ തുടങ്ങിയവ ഫയലുകളിൽ ഇല്ല. നിലവിലുള്ള ഭവന നിർമ്മാണ പദ്ധതിയിൽ നിന്നും ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയപ്പോഴുള്ള സ്റ്റേജ് ഏതാണെന്ന് വ്യക്തമാക്കുന്ന ഫോട്ടോകൾ ഫയലുകളിൽ വെച്ചിട്ടില്ല. സൗഭാഗ്യ/ഇ.എം.എസ്/ലക്ഷം വീട് തുടങ്ങിയ മുൻ ഭവന നിർമ്മാണ രജിസ്റ്ററുകളിലും സ്റ്റേജുകൾ രേഖപ്പെടുത്തിയിട്ടില്ല. ലൈഫ് പദ്ധതിയുടെ അപേക്ഷ, നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ട്, സ്റ്റേജ് സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഇല്ല. സ്റ്റേജ് സർട്ടിഫിക്കറ്റിന്റെയും, ഫോട്ടോകളുടെയും, റിപ്പോർട്ടുകളുടെയും അഭാവത്താൽ വീടുകൾ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലേക്ക് ഉൾപ്പെടുത്തിയപ്പോഴുള്ള അവസ്ഥ വ്യക്തമായി പരിശോധിക്കുവാൻ ഓഡിറ്റിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | മുൻ ഭവന നിർമ്മാണം വർഷം | മുൻപ് കൈപ്പറ്റിയ തുക | ലൈഫിൽ നൽകിയ തുക |
|---|---|---|---|---|
| 1 | സിറിൾ ജോർജ്ജ് ആലുംമൂട് പുത്തൻ | ഇ.എം.എസ് 2010-11 | 67500 | 85950/- |

| | | | | |
|---|---|---|---|---|
| | വീട്ടിൽ ബത്തേരി (ജനറൽ) | | | |
| 2 | രാധിക സഹദേവൻ, ഇല്ലിമുറ്റം വീട് പള്ളിക്കണ്ടി (ജനറൽ) | ഇ.എം.എസ് 2010-11 | 52500/- | 297000/- |
| 3 | ജോസ് മാത്യു കല്ലു പുരക്കകത്ത് വീട് ബീനാച്ചി (ജനറൽ) | ഇ.എം.എസ് 2010-11 | 62500/- | 284000/- |
| 4 | ഷക്കീല.ടി.പി, തായ്യാടൻ വീട് ബത്തേരി (ജനറൽ) | ഇ.എം.എസ് 2010-11 | 22500/- | 347800/- |
| 5 | ഷീബ സാബു, കണ്ണൻതട്ടയിൽ, കൈപ്പഞ്ചേരി (ജനറൽ) | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | 258000/- |
| 6 | രേഖ സുനിൽ, പുറ്റേൻകുന്ന്, കുപ്പാടി (ജനറൽ) | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | 330000/- |
| 7 | സുഭാഷിണി, മണ്ഡപത്തിങ്കൽ വീട്, മണിച്ചിറ. (ജനറൽ) | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | 285000/- |
| 8 | പാർവ്വതി, പനങ്കാവ് കുളം, ബീനാച്ചി. (ജനറൽ) | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | 166550/- |
| 9 | ശ്രീജ, കണക്കൻചേരി വീട്, കുപ്പാടി. (ജനറൽ) | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | 333000/- |
| 10 | സുരേഷ് കരിമ്പറമ്പിൽ, കുപ്പാടി. (എസ്.സി) | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | 345600/- |
| 11 | ഗീത ചിന്നിക്കലടി, പഴുപ്പത്തൂർ (ജനറൽ) | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | പഴയ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | 340000/- |
| 11 | ചക്ളി വെളിയൻ, ഈരംകൊല്ലി. (എസ്.റ്റി) | ഇ.എം.എസ് 2010-11 | 100000/- | 204000/- |
| 12 | ചിക്കുണൻ, ഈരംകൊല്ലി. (എസ്.റ്റി) | ഇ.എം.എസ് 2010-11 | 100000/- | 198000/- |

ഓഡിറ്റ് എൻക്വയറിക്ക് (നം.36 / 27.01.2020) മറുപടി നൽകിയിട്ടില്ല. ആരംഭ ഘട്ടത്തിലെ സ്റ്റേജ് വ്യക്തമാക്കാതെ എപ്രകാരമാണ് ലൈഫിൽ ഉൾപ്പെടുത്തി തുക നൽകി എന്നത് സംബന്ധിച്ച വിശദീകരണവും രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-35 ലൈഫ് ഭവന പദ്ധതി - ഫേസ് 1 – വീടുകൾ പൂർത്തീകരിട്ടില്ല.

ഇ.എം.എസ്/സൗഭാഗ്യ/ലക്ഷം വീട് ഭവന പദ്ധതിയിലെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ലൈഫ് ഭവന പദ്ധതി (എസ്.ടി) | ലൈഫ് ഭവന പദ്ധതി (എസ്.സി) | ലൈഫ് ഭവന പദ്ധതി(ജനറൽ) |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0042/19 | S0143/19 | പ്രോജക്ട് രൂപീകരിച്ചിട്ടില്ല. |
| അടങ്കൽ | ₹5873602/- (വികസനഫണ്ട് - ടി.എസ്.പി) | ₹1323900/- (വികസന ഫണ്ട് - എസ്.സി.പി) | പ്ലാൻ ഫണ്ട് ഉൾപ്പെടുത്തി യിട്ടില്ല. |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |

എന്നാൽ, താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഇതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര് | വിഭാഗം | മുൻ ഭവന പദ്ധതിയിൽ നൽകിയ തുക | ലൈഫ് ഭവന പദ്ധതിയിൽ നൽകിയ തുക/ ചെക്ക് നമ്പർ | ലൈഫ് കരാർ നം/ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | പ്രകാശൻ, കുന്നേൽപറമ്പിൽ, തിരുനെല്ലി. | ജനറൽ | 52500/- (ഇ.എം.എസ് 2010-11) | 297000/- (60000/-ചെക്ക് നം. 22161/11.05.18, 105000/- ചെക്ക് നം. 22169/07.06.18, 132000/-ചെക്ക് നം. 2172/06.9.18) | 04.04.2018 | ലിന്റൽ പൂർത്തിയായി. |
| 2 | പ്രേമൻ.എം.കെ കുന്നംപറമ്പിൽ പള്ളിക്കണ്ടി. | ജനറൽ | 52500/- (ഇ.എം.എസ് 2010-11) | 265000/- (50000/- ചെക്ക് നം. 22163/1.05.18, 115000/- ചെക്ക് നം. 22173/27.07.18, 100000/-ചെക്ക് നം. 22181/27.07.18) | 25.05.18 | ലിന്റൽ പൊക്കം ഭിത്തി പൂർത്തിയായി. |
| 3 | ശ്രീന കെ.പി ചിറയത്ത് പള്ളിക്കണ്ടി | ജനറൽ | 22500/- (ഇ.എം. എസ്2010-11) | 325000/- (37000/- ചെക്ക് നം. 22163/15.05.18, 148000/- ചെക്ക് നം. 21172/28.07.18, | 8.03.18 | ഭിത്തി മുഴുവൻ പൂർത്തിയായി |

| | | | | | | |
|---|---|---|---|---|---|---|
| | | | | 100000/-ചെക്ക് നം. 122180/06.9.18, 40000/-ചെക്ക് നം. 122182/ ) | | |
| 4 | കൃഷ്ണ കുമാരി തേക്കിൻ പറമ്പിൽ പള്ളിക്കണ്ടി | ജനറൽ | 22500/- (ഇ.എം. എസ്2010-11) | 336000/- (37000/- ചെക്ക് നം. 22161/11.05.18, 148000/-ചെക്ക് നം. 21172/28.07.18, 111000/- ചെക്ക് നം. 122179/25.10.18, 40000/-ചെക്ക് നം. 22181/ 04.02.18) | 28.03.18 | ഭിത്തി മുഴുവൻ പൂർത്തിയായി |
| 5 | മോഹൻദാസ് പാലക്കപുരയിൽ മുള്ളൻകുന്ന് | ജനറൽ | 22500/- (ഇ.എം. എസ്2010-11) | 55500/-(ചെക്ക് നം. 22164/24.05.18) | 23.05.2018 | വീടു പണി തുടങ്ങിയിട്ടില്ല. |
| 6 | ഷീജ രാജീവൻ, വള്ളിയിൽ വീട്, മുലങ്കാവ്. | ജനറൽ | 180000/- (സൗഭാഗ്യ 2015-16) | 60000/-(ചെക്ക് നം. 22163/17.05.18) | 27.03.2018 | വീടു പണി തുടങ്ങിയിട്ടില്ല. |
| 7 | ശ്രീദേവി.ബി, ബിന്ദു വിലാസം, കുപ്പാടി. | ജനറൽ | 30000/- (സൗഭാഗ്യ 2015-16) | 250000/- (50000/- ചെക്ക് നം. 22161/11.05.18, 100000/-ചെക്ക് നം. 22177/06.09.18, 100000/-ചെക്ക് നം. 22179/25.10.18) | 28.03.18 | ഭിത്തി മുഴുവൻ പൂർത്തിയായി |
| 8 | റംല അബ്ദുൾ ഗഫൂർ, മാട്ടാൻ തൊടിയിൽ, പട്ടരുപടി | ജനറൽ | 170000/- (സൗഭാഗ്യ 2015-16) | 136000/- (86000/- ചെക്ക് നം. 22161/11.05.18, 50000/-ചെക്ക് നം. 22180/07.11.18) | 27.03.18 | ഭിത്തി മുഴുവൻ പൂർത്തിയായി |
| 9 | ത്രേസ്യക്കുട്ടി, താഴത്തേൽ, മുലങ്കാവ്. | ജനറൽ | 30000/- (സൗഭാഗ്യ 2015-16) | 320000/- (36000/- ചെക്ക് നം. 22161/11.05.18, 144000/-ചെക്ക് നം. 22176/31.08.18, 140000/- ചെക്ക് നം. 7702/07.11.18) | 11.05.18 | ഭിത്തി മുഴുവൻ പൂർത്തിയായി |
| 10 | ജമീല മുതുക്കുറ്റി വീട് പുതുവയൽ | ജനറൽ | 22500/- (ഇ.എം.എസ് 2010-11) | 37000/-(ചെക്ക് നം. 22171/12.07.18) | 21.05.2018 | വീടു പണി തുടങ്ങിയിട്ടില്ല. |
| 11 | ഷീന കല്ലുവിള, പഴുപ്പത്തൂർ | എസ്.സി | 70000/- (ഇ.എം. എസ്2010-11) | 36000/- (ചെക്ക് നം. 22163/15.05.18) | 28.03.18 | വീടു പണി തുടങ്ങിയിട്ടില്ല. |

തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ (നം. 667/ഡി.ബി.1/2018/ തസ്വഭവ തീ. 07.11.2018) പ്രകാരം പൂർത്തിയാകാത്ത വീട് പൂർത്തിയാക്കാൻ ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതിയുടെ കീഴിൽ വീണ്ടും ഒരു ഗഡു കൂടി ധനസഹായം വാങ്ങുകയും വീടു പണി പൂർത്തിയാക്കാതിരിക്കുകയും ചെയ്താൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതും മേലിൽ ഒരു സർക്കാർ ഭവന പദ്ധതിയിലും അവരെ പരിഗണിക്കാതിരിക്കുകയും ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം. 37 / 27.01.2020) മറുപടി നൽകിയിട്ടില്ല. വീടുകൾ പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-36 ഇ ടെണ്ടർ വിളിക്കാതെ സാധനങ്ങൾ നേരിട്ട് വാങ്ങി - തടസ്സം 23,12,623/-രൂ

പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ വിവധ പദ്ധതികളിൽ ഇ-ടെണ്ടറോ/ടെണ്ടറോ

വിളിക്കാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ പേര് | ഇൻവോയിസ് നമ്പർ | ഇനങ്ങൾ | ബിൽ നമ്പർ/ തുക | ചെലവ് തുക |
|---|---|---|---|---|---|
| 1 | S0065/19, സ്പെഷ്യൽ സ്കൂളുകൾക്ക് അടുക്കള പാത്രം | PKDBC/ 0000099/ 08.10.18 | അടുക്കള പാത്രങ്ങൾ | 2/18-19/25.10.18 | 150000/- |
| 2 | S0089/19<br>4,5 ക്ലാസ്സുകളിലേക്ക് , ലാപ്ടോപ്പ്, എൽ.സി.ഡി പ്രോജക്ടർ, വാൾസ്ക്രീൻ | PKDBC/ 0000100/ 08.10.18<br>PKDBC/ 0000101/ 08.10.18 | ലാപ്പ്ടോപ്പ് - 23<br>HDMI കേബിൾ-23(876415/-)<br>പ്രോജക്ടർ - 23<br>LCD സ്ക്രീൻ - 15 (823585) | 1/18-19/16.10.18 | 1700000/- |
| 3 | S0068/19<br>സ്കൂളുകൾക്ക് ലാബ് ഉപകരണങ്ങൾ, കെമിക്കൽസ്. | PKDBC/ 0000273/ 19.02.19 | ലാബ് ഉപകരണങ്ങൾ, റീഏജന്റ്സ്. | 7/18-19/19.03.19 | 200000/- |
| 4 | S0082/19<br>കൂപ്പാടി സ്കൂൾ തിങ്കവന്ത് | PKDBC/ 0000383/ 21.03.19 | ഓഫീസ് ഉപകരണങ്ങൾ | 12/18-19/23.03.19 | 262623/- |
| ആകെ | | | | | 23,12,623/- |

ഇനം നമ്പർ 2-ന് ഇ-ടെണ്ടർ വിളിക്കേണ്ടതാണ്. എന്നാൽ, മേൽ വാങ്ങലുകൾക്ക് ഇ-ടെണ്ടറോ ഓപ്പൺ ടെണ്ടറോ വിളിട്ടിട്ടില്ല. പ്രോക്യർമെന്റ് കമ്മിറ്റി അംഗീകാരം ഇല്ലാതെയാണ് നിർവ്വഹണം നടപ്പാക്കിയിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/ 22.01.2020) നൽകിയ മറുപടിയിൽ സർക്കാർ ഏജൻസിയിൽ നിന്നും വാങ്ങി എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ കാരണം ആകെ ചെലവ് തുക 23,12,623/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-37 പൊതുമരാമത്ത് ഫയലുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസി. എഞ്ചിനീയർ 2018-19 ൽ നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ

ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകളുടെ വിവരം താഴെ കൊടുക്കുന്നു.

1) അസി.എഞ്ചിനീയറുടെ പേരിൽ സു.ബത്തേരി സർവ്വീസ് സഹകരണ ബാങ്ക് ടൗൺ ശാഖയിലുള്ള അക്കൗണ്ടിൽ (നം.SB005001002689) 31.03.18 ൽ ₹4603242/- നീക്കിബാക്കിയുണ്ട്. ക്യാഷ്ബുക്കിൽ 31.03.18 ൽ കാണിച്ചിട്ടുള്ള നീക്കിബാക്കി ₹7103533 ആണ്. കാഷ് ബുക്കിൽ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

അസി.എഞ്ചിനീയറുടെ പേരിൽ യൂണിയൻ ബാങ്ക് സു.ബത്തേരി ശാഖയിലുള്ള അക്കൗണ്ടിൽ (നം.507702010026527) 31.03.19 ൽ ₹6439068/- നീക്കിബാക്കിയുണ്ട്. ക്യാഷ്ബുക്കിൽ 31.03.19 ൽ കാണിച്ചിട്ടുള്ള നീക്കിബാക്കി ₹8739183 ആണ്.

കാഷ് ബുക്കിൽ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. നീക്കിയിരിപ്പ് തുക ഏതാണെന്ന് കണ്ടെത്തി അതാത് വകുപ്പുകളിലേക്ക് ഒടുക്കേണ്ടതാണ്.

2) തൻവർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സൃഷ്ടിച്ച ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല.

3) പദ്ധതി മാർഗ്ഗ രേഖ [ജി.ഒ.(എം.എസ്)നം. 79/2017/തസ്വഭവ, 03.04.2017] അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്കിവിറ്റി ഭൂപടം തയ്യാറാക്കാൻ പദ്ധതി നടപ്പിലാക്കേണ്ടതാണ്. റോഡ് രജിസ്റ്റർ, റോഡ് കണക്റ്റിവിറ്റി ഭൂപടം എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4) 2018-19 വർഷത്തിൽ ടെണ്ടർ ഫോറം സ്റ്റോക് രജിസ്റ്ററും വിൽപ്പന രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഓരോ പ്രവൃത്തിക്കും എത്ര ടെണ്ടർ ഫോറങ്ങൾ വിറ്റിട്ടുണ്ടെന്നും എത്ര ടെണ്ടർ ഫോറങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും, മുനിസിപ്പാലിറ്റിയിൽ നിന്നും ടെണ്ടർ ഫോറം വാങ്ങിയിട്ടുള്ള എല്ലാ കരാറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും സമർപ്പിച്ച ടെണ്ടർ ഫോറങ്ങൾ എല്ലാം ടെണ്ടർ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോ എന്നും ആയവ പ്രകാരം മുൻസിപ്പാലിറ്റിക്ക് നഷ്ടമുണ്ടായിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. മുൻസിപ്പാലിറ്റിയുടെ മുദ്ര പതിക്കാത്തതും ക്രമ നമ്പർ ഇല്ലാത്തതുമായ ടെണ്ടർ ഫോറങ്ങളിലാണ് പല പ്രവൃത്തികളുടെയും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. അതിനാൽ ടെണ്ടർ ഫോറങ്ങൾ ഈ മുൻസിപ്പാലിറ്റിയിൽ നിന്നു തന്നെ വാങ്ങിയവയാണെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

5) തൻവർഷം കരാറുകാർ മുഖേന നടപ്പാക്കിയ ടാറിംഗ് വർക്കുകളുടെ ഫയലുകളിൽ ബിറ്റുമെൻ വാങ്ങിയതിന്റെ ഒറിജിനൽ ബില്ലുകൾ സൂക്ഷിച്ചിട്ടില്ല. സർക്കുലർ നമ്പർ.ഡി.ബി.3-6512(സി)2013/സി.ഇ/ത.സ്വ.ഭ.വ/03.11.2016 പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഒറിജിനൽ ബിൽ പ്രവൃത്തിഫയലിൽ സൂക്ഷിക്കേണ്ടതാണ്.സർക്കാർ നിർദ്ദേശം പാലിക്കപ്പെടാത്തത് ഗുരുതരവീഴ്ചയാണ്.

6) സബ്സിഡി മാർഗ്ഗരേഖ (ജി.ഒ(എം.എസ്) 80/2017 ത.സ്വ.ഭ.വ/03.04.2017 )പ്രകാരം കുടിവെള്ള പ്രോജക്ടുകളുടെ നിർമ്മാണം പൂർത്തിയായ ശേഷം പ്രോജക്ടുകളുടെ തുടർ നടത്തിപ്പും അറ്റകുറ്റ പണികളുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ, 2018-19- ൽ നടപ്പിലാക്കിയ മുഴുവൻ കുടിവെള്ള പദ്ധതികളുടെയും തുടർ നടത്തിപ്പും അറ്റകുറ്റ പണികളുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് രേഖാമൂലം ഏൽപ്പിച്ച് കൊടുക്കുകയോ നിരീക്ഷിക്കുകയോ ചെയ്തിട്ടില്ല. വിശദീകരണം രേഖകൾ സഹിതം നൽകേണ്ടതാണ്

## 1-38 ഇ ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിച്ച തുക

## മുൻസിപ്പാലിറ്റിയിൽ അടവാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ 2018-19 സാമ്പത്തിക വർഷത്തിൽ ചുവടെ വിവരിച്ച പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിച്ച തുക മുൻസിപ്പാലിറ്റിയിൽ അടവാക്കിയിട്ടില്ല. കൂടാതെ ജി.എസ്.ടി ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് അടവാക്കിയതായും കാണുന്നില്ല. ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക അസി. എഞ്ചിനീയറുടെ പേരിൽ സുൽത്താൻ ബത്തേരി എസ്.ബി.ഐ ശാഖയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിലാണ് (നം. 67375473916) നിക്ഷേപിച്ചിട്ടുണ്ട് . ടെണ്ടർ ഫീ,ജി.എസ്.ടി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | അടങ്കൽ (₹) | ടെണ്ടർ ഫോറം വില(₹) | ജി.എസ്.റ്റി (₹) | ആകെ ടെണ്ടർ | ആകെ ടെണ്ടർ ഫോറം വില(₹) | ആകെ ജി. എസ്.റ്റി (₹) |
|---|---|---|---|---|---|---|---|
| 1 | 140/18 | 865000 | 1730 | 208 | 2 | 3460 | 416 |
| 2 | 207/18 | 1500000 | 2500 | 300 | 2 | 5000 | 600 |
| 3 | 221/18 | 750000 | 1500 | 180 | 2 | 3000 | 360 |
| 4 | 315/19 | 600000 | 1200 | 144 | 3 | 3600 | 432 |
| 5 | 303/19 | 800000 | 1600 | 192 | 2 | 3200 | 384 |
| 6 | 576/19 | 3000000 | 2500 | 300 | 3 | 7500 | 900 |
| 7 | 290/19 | 1200000 | 2400 | 288 | 2 | 4800 | 576 |
| 8 | 54/19 | 1500000 | 2500 | 300 | 1 | 2500 | 300 |
| 9 | 171/19 | 1300000 | 2500 | 300 | 1 | 2500 | 300 |
| 10 | 188/19 | 4000000 | 2500 | 300 | 2 | 5000 | 600 |
| 11 | 194/19 | 2510000 | 2500 | 300 | 1 | 2500 | 300 |
| 12 | 268/19 | 750000 | 1500 | 180 | 2 | 3000 | 360 |
| 13 | 300/19 | 1650000 | 2500 | 300 | 1 | 2500 | 300 |
| ആകെ | | | | | | ₹48560 | ₹5828/ |

കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കേണ്ട ജി.എസ്.ടിയും, നഗരസഭക്ക് അർഹതപ്പെട്ട ടെണ്ടർ ഫീയും യഥാ സമയം അടവ് വരുത്താത്തേണ്ടതാണ്. എത്രയും പെട്ടെന്ന് മേൽ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അടവു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-39 ടാർ ഉപയോഗിക്കാതെ അവശേഷിക്കുന്നു.

അസി. എഞ്ചിനീയറുടെ 2016-2017 സാമ്പത്തിക വർഷത്തെ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം HPCL- ൽ നിന്നും വാങ്ങിയ 614 ബാരൽ ടാറിൽ (S-65 VG-30) 21 ബാരൽ ബാക്കിയുണ്ട്. 2016-17- ൽ ബാക്കിയുള്ള 21 ബാരൽ ടാർ ഒരു പ്രവർത്തിക്കും നാളിതുവരെ ഉപയോഗിച്ചിട്ടില്ല. ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2017-2018, 2018-2019,2019-20 സാമ്പത്തിക വർഷങ്ങളിൽ അസി. എഞ്ചിനീയർ ടാർ വാങ്ങി നൽകിയിട്ടില്ല. ഉപയോഗിക്കാത്ത ടാർ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ഉപയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല

സുൽത്താൻ ബത്തേരി നഗരസഭ 2018-19 സാമ്പത്തിക വർഷം വിവിധ കുഴൽകിണർ നിർമ്മാണ പ്രവൃത്തികൾക്കായി ഭൂജല വകുപ്പ് ജില്ലാ ഓഫീസർക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നം | ചെലവ് തുക | വൗച്ചർ നം., / ബിൽ നം തീയതി |
|---|---|---|---|
| 1 | ജിഎൽപി എസ് കൈപ്പഞ്ചേരി കുഴൽകിണർ നിർമ്മാണം 35/2019 | 117650 (CFC) | 247/ 18-19/16.3.19 |
| 2 | ആറാം ഡിവിഷൻ വിവിധ കുഴൽകിണർ നിർമ്മാണം 34/2019 | 182820 (CFC) | 246/ 18-19/16.3.19 |
| 3 | കരിമ്പുവയൽ മിച്ച ഭൂമി കുഴൽകിണർ നിർമ്മാണം 37/2019 | 123980 (CFC) | 225/ 18-19/8.3.19 |
| 4 | ദർശന റോഡ് കുഴൽകിണർ നിർമ്മാണം 33/2019 | 25960 (CFC) | 175/ 18-19/25.1.19 |
| 5 | വടച്ചിറ മോഹൻ, ശോഭന വീടിന് സമീപം കുഴൽകിണർ നിർമ്മാണം 332/2019 | 40200 (general) | 149/ 18-19/11.12.18 |
| | ആകെ | 490610 | |

വിനിയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്. 4,90,610/- രൂപ ചെലവഴിച്ചത് തടസ്സത്തിൽ വയ്ക്കുന്നു.

## 1-41 ജലസേചന /കുടിവെള്ള പ്രവൃത്തി-ഗുണഭോക്തൃ വിഹിതം ഈടാക്കാത്തത്

ജലസേചന /കുടിവെള്ള പ്രവൃത്തി-ഗുണഭോക്തൃ വിഹിതം ഈടാക്കാത്തത്

സുൽത്താൻ ബത്തേരി നഗരസഭ 2018-19 ൽ നടപ്പാക്കിയ ജലസേചന /കുടിവെള്ള പ്രവൃത്തികളിൽ (ജനറൽ) അടങ്കലിൽ ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്) ഉൽപ്പെടുത്തിയിരുന്നു. ഭൂരിപക്ഷം പ്രവൃത്തികളിലും ഒന്നുകിൽ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുകയോ അല്ലെങ്കിൽ ബില്ലിൽ ഗുണഭോക്തൃവിഹിതം കുറക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ചില പ്രവൃത്തികളിൽ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടക്കുകയോ അല്ലെങ്കിൽ ബില്ലിൽ ഗുണഭോക്തൃവിഹിതം കുറക്കുകയോ ചെയ്തിട്ടില്ല. ഖണ്ഡിക 3-1 കാണുക.

## 1-42 കുടിവെള്ള പദ്ധതി പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ എല്ലാ ഇനങ്ങളും പൂർത്തിയാക്കാത്തതിനാൽ കുടിവെള്ള പദ്ധതിഉപയോഗപ്രദമല്ല.

അസി. എഞ്ചിനീയർ 2018-19 ൽ നടപ്പാക്കിയ ചില കുടിവെള്ള പദ്ധതി പ്രവൃത്തികളിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ എല്ലാ ഇനങ്ങളും പൂർത്തിയാക്കാത്തതിനാൽ കുടിവെള്ള പദ്ധതി ഉപയോഗപ്രദമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം,പേര്, അടങ്കൽ,ചെലവ് | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ | എം ബുക്ക് പ്രകാരം പൂർത്തീകരിച്ച ഇനങ്ങൾ |
|---|---|---|---|
| 1 | 315/17 ദൊട്ടപ്പൻകുളം എസ് റ്റി കോളനി കുടിവെള്ള പദ്ധതി<br>അടങ്കൽ 600000(TSP)<br>ചെലവ് 436870(vr 299/18-19/27.3.19)<br>എം ബുക്ക് 172/18-19 | 1.പമ്പ് ഹൌസ്<br>2.വാട്ടർ ടാങ്ക്<br>3.പൈപ്പ് ലൈൻ<br>4.ഇലക്ട്രിക് മോട്ടോർ<br>5.കുഴൽകിണർ | 1.വാട്ടർ ടാങ്ക്<br>2.പൈപ്പ് ലൈൻ |
| 2 | 610/18 കുറ്റൻപാളി കോളനി കുടിവെള്ള പദ്ധതി<br>അടങ്കൽ 350000(TSP)<br>ചെലവ് 185454(vr 248/18-19/19.3.19) | 1.പമ്പ് ഹൌസ്<br>2.വാട്ടർ ടാങ്ക്<br>3.പൈപ്പ് ലൈൻ<br>4.ഇലക്ട്രിക് മോട്ടോർ<br>5.കുഴൽകിണർ | 1.പമ്പ് ഹൌസ്<br>2.വാട്ടർ ടാങ്ക്<br>3.ഇലക്ട്രിക് മോട്ടോർ<br>4.കുഴൽകിണർ |

| | | | |
|---|---|---|---|
| | കരാറുകാരൻ വിശ്വനാഥൻ VR<br>എം ബുക്ക് 160/18-19 | | |

വിശദീകരണം രേഖകൾ സഹിതം നൽകേണ്ടതാണ്

## 1-43 ആധുനിക മത്സ്യ മാർക്കറ്റ് പ്രവർത്തന ക്ഷമമായില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചുങ്കത്തെ വസ്തുവിൽ നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെയും കേരള കോസ്റ്റൽ ഏരിയഡവലെപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ മേൽനോട്ടത്തിലും മൂന്ന് കോടി ചെലവിൽ നിർമ്മിച്ച മത്സ്യമാർക്കറ്റ് നഗരസഭയ്ക്ക് കൈമാറിയിട്ടുള്ളതും 06.02.2015 ന് ഉദ്ഘാടനം നടത്തിയിട്ടുള്ളതുമാണ്. 5.59 ച.മീ മുതൽ 5.85 ച.മീ വരെ ഏരിയ ഉള്ള 8 കട മുറികളും 6.25 ച.മീ മുതൽ 7.84ച.മീ ഏരിയയുള്ള 29 സ്റ്റാളുകളും , ഒരു കോൾഡ് സ്റ്റോറേജ് സംവിധാനവുമാണ് ആധുനിക മത്സ്യമാർക്കറ്റിൽ ഉള്ളത്.

കൗൺസിൽ തീരുമാന പ്രകാരം (22/12/2017 ലെ 4(1)-ാം നമ്പർ തീരുമാനം ) ആധുനിക മത്സ്യ മാർക്കറ്റിലെ അടിസ്ഥാനവാടകയായി സ്റ്റാളുകൾക്ക് 5000/- രൂപയും , റൂമുകൾക്ക് 10000/- രൂപയും നിശ്ചയിച്ച് പുതിയ മാർക്കറ്റിലെ മുറികളും സ്റ്റാളുകളും പരസ്യ ലേലം നടത്തുന്നതിനായി 23.12.2017 ൽ ശ്രമിച്ചുവെങ്കിലും നിലവിലെ മാർക്കറ്റുകളിലെ കച്ചവടക്കാർ പ്രതിരോധിച്ചതിനാൽ തുറന്ന ലേലം നടത്താൻ സാധിച്ചില്ല. നഗരസഭ തുടർന്ന് നിലവിലുള്ള മാർക്കറ്റുകളിലെ കച്ചവടക്കാരെ പുതുതായി നിർമ്മിച്ച മത്സ്യമാർക്കറ്റിൽ പുരധിവസിപ്പിക്കുന്നതിന് തീരുമാനിക്കുകയും 27.10.18 -ന് പുരധിവാസ ലേലം നടത്തുകയും ചെയ്തു. (ഭരണ സമിതി തീരുമാനം നം.01/31.08.18). പുനരധിവാസ ലേലത്തിൽ ആകെയുള്ള 7 മുറികൾ ₹10,300/-മുതൽ ₹10,500/- വരെയുള്ള തുകയ്ക്ക് ലേലം കൊണ്ടു . . 1 മുതൽ 8 വരെയും, 14,15 -ാം നമ്പർ സ്റ്റാളുകളും 5300/- രൂപയ്ക്കും(2018-19ൽ നടന്ന പുനരധിവാസ ലേലം) അവശേഷിച്ച ഒരു കടമുറിയും 12 സ്റ്റാളുകളും 2019 മാർച്ച്, 2019 ഏപ്രിൽ, 2019 ജൂൺ എന്നീ മാസങ്ങളിൽ നടന്ന പരസ്യലേലത്തിൽ ലേലം കൊണ്ടിട്ടുണ്ട്. ലേലം ചെയ്ത 29 സ്റ്റാളുകളിൽ 22 സ്റ്റാളുകൾ ലേലത്തിൽ പോയിട്ടുണ്ട് . സംവരണം ചെയ്ത സ്ററാളുകളായ 10,20,29 എന്നിവയും സ്റ്റാൾ നം 18,19 എന്നിവയും നാളിതു വരെയുള്ള പരസ്യ ലേലത്തിൽ ഉൾപ്പെടുത്താത്ത സ്റ്റാൾ നം. 24,25 എന്നിവയും നിലവിൽ ലേലം കൊള്ളതെ അവശേഷിക്കുന്നു.

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പ്രാദേശിക പരിശോധനയിൽ നിലവിൽ പ്രസ്തുത കെട്ടിടത്തിൽ മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു. 29 സ്റ്റാളുകളിൽ മുൻഭാഗത്തുള്ള 8 എണ്ണം ഷട്ടറിട്ട 5 കടമുറികളായും, ഷട്ടറിടാത്ത ഒരു ചെറിയ മുറിയായും തരം മാറ്റിയിട്ടുണ്ട്. സ്റ്റാളിൽ കോൾഡ് സ്റ്റോറേജ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. അനുബന്ധമായി പണിത മാലിന്യ സംസ്ക്കരണ സംവിധാനം തുരുമ്പ് പിടിച്ച് കാട് മൂടി കിടക്കുന്ന അവസ്ഥയിലാണ്. വൈദ്യുതി മീറ്റർ സംവിധാനം പൊട്ടി പൊളിഞ്ഞിട്ടുണ്ട്. അനുബന്ധമായി പണിത ടോയ്ലെറ്റ് വൃത്തിഹീനമായി കിടപ്പുണ്ട്. മാർക്കറ്റിന്റെ മുറ്റം കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തിയായതായും , നിലവിലെ കെട്ടിടങ്ങൾക്ക് എതിർഭാഗത്തായി 5 കടമുറികളുടെ നിർമ്മാണം നടക്കുന്നതായും കണ്ടു.

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1)<u>സ്റ്റാളുകൾ കടമുറികളായി തരം മാറ്റിയിട്ടും വാടകയിൽ വർദ്ധനവ് വരുത്തിയില്ല.</u>

ചുങ്കം മാർക്കറ്റ് നവീകരണം എന്ന പ്രോജക്ടിൽ നിലവിലെ ചുമർ പൊളിച്ച് മാറ്റി ചുമർ കെട്ടി ടൈൽ ഇടുന്നതിനും , കെട്ടിടത്തിന്റെ മുൻഭാഗത്ത് ട്രസ്സ് വർക്ക് ചെയ്യുന്നതിനും , വരാന്ത യിൽ ടൈൽ ഇടുന്നതിനും , കെട്ടിടം പെയിന്റിംഗിനുമായി 2017 – 18 ൽ 5 ലക്ഷം രൂപ വകയിരുത്തുകയും , 15.12.2017 , 15.02.2018 എന്നീ തീയതികളിൽ ടെണ്ടർ , റീ ടെണ്ടർ നടത്തുകയും 496855.16 രൂപയ്ക്ക് ടെണ്ടർ ഉറപ്പിച്ച് കരാറിലേർപ്പെട്ടു( AE/ SBY / 123/ 18-19 തീയതി. 15.03.2018 ). മെഷർമെന്റ് ബുക്കിൽ ടി പ്രവൃത്തി 20.05.2019 ൽ പൂർത്തിയായി എന്നാണ് കാണുന്നത് .

നഗരസഭയിൽ 27.10.2018 ന് നടത്തിയ പുനരധിവാസ ലേലത്തിൽ മാർക്കറ്റിന്റെ മുൻഭാഗത്തുള്ള 8 സ്റ്റാളുകൾ താഴെ പറയുന്ന തരത്തിൽ ലേലം കൊണ്ട് എഗ്രിമെന്റ് വെച്ചു .

| സ്റ്റാൾ നം | ഏരിയ | വാടകക്കാരന്റെ പേര് | വാടക |
|---|---|---|---|
| 181(1) | 7.63 ച.മീ | നിസാർ കൂടത്താൾ | 5300 |
| 181(2) | 6.72 ച.മീ | നിസാർ കൂടത്താൾ | 5300 |
| 181(3) | 6.72 ച.മീ | സിദ്ധീഖ് ടി.വി | 5300 |
| 181(4) | 6.72 ച.മീ | സിദ്ധീഖ് ടി.വി | 5300 |
| 181(5) | 6.72 ച.മീ | അസീസ് | 5300 |
| 181(6) | 6.72 ച.മീ | അസീസ് | 5300 |
| 181(7) | 6.72 ച.മീ | മമ്മു.കെ | 5300 |
| 181(8) | 7.83 ച.മീ | സലീം എ.കെ | 5300 |

മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന സ്റ്റാളുകളാണ് ഷട്ടറിട്ട 5 കടമുറികളായും , ഷട്ടറിട്ട ഒരു മുറിയായും തരം മാറ്റിയിട്ടുള്ളത് ( യഥാക്രമം 9.16 ച.മീ , 10.37 ച.മീ, 9.14 ച.മീ , 10 ച.മീ ,9.14 ച.മീ ,4.35 ച.മീ വിസ്തീർണ്ണം). പുനരധിവാസ ലേലം നടക്കുന്നതും സ്റ്റാളുകളായി ലേലം ചെയ്തതും സ്റ്റാളുകൾ കട മുറികളായി തരം മാറ്റുന്ന പ്രവൃത്തി നടക്കുന്ന വേളയിൽ തന്നെയാണ് 8 സ്റ്റാളുകൾ 5 കടമുറികളായി തരം മാറ്റപ്പെട്ടതിനാൽ നിലവിൽ ഈ റൂമുകൾ ആരുടെ കൈവശമാണെന്ന് വ്യക്തമല്ല. തരം മാറ്റപ്പെട്ട മുറികൾക്ക് ഈടാക്കേണ്ട വാടകയെത്രയാണെന്ന് വ്യക്തമല്ല.

<u>2)വാടക വർദ്ധിപ്പിച്ചില്ല</u>

കൗൺസിലിന്റെ 19.03.2019 ലെ 10-ാം തീരുമാന പ്രകാരം 2019-20 ൽ കോട്ടക്കുന്ന്,മാനിക്കുനി മാർക്കറ്റ് ഒഴികെ ബാക്കി എല്ലാ വാടക കെട്ടിടങ്ങളുടെയും വാടക 5% വർദ്ധപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ ആധുനിക മത്സ്യ മാർക്കറ്റിൽ കച്ചവടക്കാരുമായുള്ള കരാർ പുതുക്കിയിട്ടില്ല. 2018-19 ലെ എഗ്രിമെന്റിൽ വ്യവസ്ഥകൾ എഴുതി ചേർക്കുകയോ , സെക്രട്ടറി ഒപ്പു വെക്കുകയോ ചെയ്തിട്ടില്ല. 27.10.2018 ന് ലേലം കൊണ്ട കച്ചവടക്കാർ ഒപ്പിട്ട എഗ്രിമെന്റിൽ ഭരണസമിതി തീരുമാനം പ്രകാരം ലേലം കൊണ്ട തീയതിൽ മുതൽ ഒരു വർഷത്തിന് ശേഷം വാടകയിൽ 5% വർദ്ധനവ് വരുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കൗൺസിൽ തീരുമാനം ഹാജരാക്കിയിട്ടില്ല.

<u>3) രണ്ട് സ്റ്റാളുകൾ പരസ്യ ലേലത്തിൽ നാളിതു വരെ ഉൾപ്പെടുത്തിയിട്ടില്ല.</u>

ആധുനിക മത്സ്യ മാർക്കറ്റിലെ 180-ാം നമ്പർ കട മുറിയും , സ്റ്റാളിലെ 181(10), 181(20), 181(3) എന്നീ സ്റ്റാളുകളും പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്തിട്ടുള്ളവയാണ്. സ്റ്റാൾ നമ്പർ 24, 25 എന്നിവ 2019 മാർച്ച്, 2019 ഏപ്രിൽ, 2019 ജൂൺ എന്നീ തീയതികളിൽ നടന്ന പരസ്യ ലേലങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

മത്സ്യ മാർക്കറ്റിൽ ഇന്റർലോക്ക് ചെയ്ത മുറ്റം പൊട്ടി പൊളിഞ്ഞതിനാൽ കച്ചവടം നടത്താൻ സാധിക്കാത്തതിനാൽ നിലവിൽ പഴയ മാർക്കറ്റിലാണ് കച്ചവടം നടത്തുന്നത്.

2019–20 ൽ ആധുനിക മത്സ്യ മാർക്കറ്റിൽ കച്ചവടം നടത്തുന്നതിനാണ് തീരുമാനിച്ചിരുന്നത് . ആയതിനാൽ തന്നെ പഴയ മാർക്കറ്റിലെ മുറികൾ അടച്ചിട്ടിരിക്കുന്ന അവസ്ഥയിലാണ്. നിലവിൽ ആധുനിക മത്സ്യ മാർക്കറ്റിലും , പഴയ മാർക്കറ്റിലും കച്ചവടം നടക്കാത്ത അവസ്ഥിയിലാണ്. ഇത് നഗരസഭയ്ക്ക് വാടകയിനത്തിൽ വൻ നഷ്ടം ഉണ്ടാക്കുന്നു. മരാമത്ത് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കി മാർക്കറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

കടമുറിയാക്കി മാറ്റിയതിന് ശേഷം വാടകയിനത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, നിലവിൽ കടമുറികളുടെ കൈവശക്കാരുടെ വിശദാംശങ്ങളും, വാടക വർദ്ധിപ്പിക്കാത്തിന് കാരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-44 തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകങ്ങൾ

നഗരസഭ തനതുഫണ്ടിൽ നിന്നും തെരുവുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 2,04,984/- രൂപ വീതം അടച്ചിട്ടുണ്ട്. 07/2016 ൽ സംയുക്തപരിശോധന നടത്തിയതിൽ പ്രവർത്തനക്ഷമമായി കണ്ടെത്തിയ 312 ടാപ്പുകൾക്കാണ് 09/2016 മുതൽ വെള്ളക്കരം അടക്കുന്നത്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾപ്രകാരം വാട്ടർ അതോറിറ്റിയുടെ ഓരോ മാസത്തെ ബില്ലിലും വലിയ തുകകൾ കുടിശ്ശികയും പിഴയും ആയി കാണിച്ചിട്ടുണ്ട്. എന്നാൽ ഈ കുടിശ്ശികയും പിഴയും ഏത് കാലയളവിലെയാണെന്നുള്ളതിന് യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 03/2019 ലെ ബില്ലിൽ കുടിശ്ശിക 89,91,120/- രൂപയും പിഴ 1,48,202/- രൂപയും കാണുന്നു.

ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ 4/18 -ലെ ബിൽ ഓഗസ്റ്റ് മാസത്തെ ബില്ലിനോടൊപ്പം അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ 4/2018ലെ വെള്ളക്കരം അടച്ചതായി കാണുന്നില്ല.

2018-19 വർഷത്തെ വികസനഫണ്ടിൽ നിന്നും 2,09,930/- രൂപ വെള്ളക്കരം കുടിശ്ശികയായി കുറവ് വരുത്തിയിട്ടുണ്ട്. ഈ തുകയും ഏത് കാലയളവിലെ കുടിശ്ശികയാണെന്ന് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

കുടിശ്ശിക ക്രമീകരിക്കുന്നതിനും ടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് സംയുക്തപരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 13 /18-19 തീയതി 23.01.2020 ക്ക് മറുപടി നൽകിയിട്ടില്ല.

## 1-45 തെരുവുനായനിയന്ത്രണം- A.B.C.പ്രോജക്ട് -തുക ഡെപ്പോസിറ്റ് ചെയ്തത് വിനിയോഗവിവരങ്ങൾ ലഭ്യമല്ല.

ഓഡിറ്റ് വർഷം തെരുവുനായ നിയന്ത്രണത്തിനുള്ള A.B.C.പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ടി 2,50,000/- രൂപ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ പേരിൽ ഡെപ്പോസിറ്റ്

ചെയ്തിട്ടുണ്ട്.എന്നാൽ ഈ തുക വിനിയോഗിച്ചത് സംബന്ധിച്ച യാതൊരു വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ-75/19

പ്രോജക്ട്-A.B.C പ്രോജക്ട്.

നിർവഹണം-സെക്രട്ടറി

ചെലവഴിച്ച തുക-₹2,50,000/-

ട്രഷറി ബിൽ നമ്പർ 43/15.02.19-₹53519(Devt Fund)

വൌച്ചർ നമ്പർ 923/16.03.19 -₹196481(Own Fund)

തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ എഗ്രിമെന്റ് വെച്ചിട്ടില്ല.നഗരസഭാപരിധിയിൽ ഈ തുക വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ,ഫണ്ട് വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻകയറി.നം. 14 /18-19തീയതി 23.01.2020 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ കുടുംബശ്രീക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കാത്ത സാഹചര്യത്തിൽ 2,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-46 വാഹനത്തിൽ ഇന്ധനം നിറക്കുന്നതിലും ലോഗ് ബുക്ക് സൂക്ഷിക്കുന്നതിലും അപാകങ്ങൾ.

സുൽത്താൻബത്തേരി നഗരസഭയുടെ ഉടമസ്ഥതയിൽ ഉള്ള കെ.എൽ.73A 4782 (Scorpio) വണ്ടിയുടെ logbook പരിശോധിച്ചതിൽ 10.04.18 മുതൽ 24.07.18 വരെയുള്ള കാലത്തെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല എന്ന് കണ്ടു.10.04.18ന് ഡീസൽ മുൻബാക്കി 16.01 ലിറ്ററും, കിലോമീറ്റർ റീഡിംഗ് 37076 -ഉം ആണ്. 2 4.07.18 ന് ഡീസൽ നീക്കിബാക്കി 0 ലിറ്ററും,കിലോമീറ്റർ റീഡിംഗ് 43245 -ഉം ആണ്. 31.08.17 ന് നടത്തിയ ഇന്ധനക്ഷമതാപരിശോധന സാക്ഷ്യപത്രപ്രകാരം 11 km/litre ആണ് ഇന്ധനക്ഷമത.

ഈ കാലയളവിൽ നിറച്ച ഇന്ധനത്തിന് നൽകിയതുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | നിറച്ച ഇന്ധനം | ചെലവഴിച്ച തുക | വൌച്ചർ നമ്പർ |
|---|---|---|---|
| 11.4.18 | 30 | 9486 | 162/5/18/28.5.18 |
| 19.4.18 | 54 | | |
| 26.4.18 | 50 | | |
| 4.5.18 | 46 | 16777.21 | 299/5/18/28.7.18 |
| 10.5.18 | 50 | | |
| 16.5.18 | 31 | | |
| 20.5.18 | 47 | | |
| 28.5.18 | 57 | | |
| 17.5.18 | 41.78 | 3000 | 51800732/13.6.18 |
| 08.06.18 | 48 | 6838 | 299/5/18/28.7.18 |
| | | | |

| | | | |
|---|---|---|---|
| 20.06.18 | 46 | | |
| 01.07.18 | 20 | 7892 | 409/01.09.18 |
| 4.7.18 | 46 | | |
| 15.7.18 | 43 | | |
| ആകെ | 609.78 | | |

37076 മുതൽ 43245 കിലോമീറ്റർ വരെ 6169 കിലോമീറ്റർ ഓടുന്നതിന് വേണ്ട ഡീസൽ 560.8 ലിറ്റർ ആണ്. മുൻബാക്കിയുൾപ്പെടെ ചെലവ് 625.78 ലിറ്റർ ആണ് ഉപയോഗം കാണിച്ചിരിക്കുന്നത്. ഈ കാലയളവിൽ ലോഗ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകളോ സാക്ഷ്യപ്പെടുത്തലോ ഇല്ല. 65 ലിറ്റർ ഡീസൽ കൂടുതൽ ഉപയോഗിച്ചതായി കാണുന്നു. വാഹന ഉപയോഗം, ഇന്ധനം നിറക്കൽ എന്നിവ സംബന്ധിച്ച് മേൽപരിശോധനകളും വ്യക്തമായ രേഖപ്പെടുത്തലുകളും നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി.നം. 3/18-19തീയതി 22.01.2020 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ജലസേചന/കുടിവെള്ള പ്രവൃത്തി-ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

സുൽത്താൻ ബത്തേരി നഗരസഭ 2018-19 ൽ നടപ്പാക്കിയ ജലസേചന /കുടിവെള്ള പ്രവൃത്തികളിൽ (ജനറൽ) അടങ്കലിൽ ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടക്കുന്നത്) ഉൾപ്പെടുത്തിയിരുന്നു. ഭൂരിപക്ഷം പ്രവൃത്തികളിലും ഒന്നുകിൽ 10% ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കുകയോ അല്ലെങ്കിൽ ബില്ലിൽ ഗുണഭോക്തൃ വിഹിതം കുറക്കുകയോ ചെയ്തിട്ടുണ്ട്. എന്നാൽ ചില പ്രവൃത്തികളിൽ ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടക്കുകയോ അല്ലെങ്കിൽ ബില്ലിൽ ഗുണഭോക്തൃ വിഹിതം കുറക്കുകയോ ചെയ്തിട്ടില്ല.വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, പ്രോജക്ടനം | ചെലവ് തുക | വൗച്ചർ നം., / ബിൽ നം തീയതി | ആനുപാതികമായി ഇൗടാക്കേണ്ട ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|
| 1 | ചെക്ക് ഡാം നിർമ്മാണം കട്ടയാട് 135/17-18<br>അടങ്കൽ – തനത് ഫണ്ട് 200000<br>ഗുണഭോക്തൃവിഹിതം 20000<br>(സ്ഥാപനത്തിൽ അടക്കുന്നത) | 179818 | 20/18-19/7.4.18 | 17,982 |

| | | | | |
|---|---|---|---|---|
| | ആകെ 220000 | | | |
| 2 | ബീനാച്ചി കുടിവെള്ള നവീകരണം (സോമന്റെ വീടിന് സമീപം) 289/18<br>അടങ്കൽ – തനത് ഫണ്ട് 150000<br>ഗുണഭോക്തൃവിഹിതം 15000<br>(സ്ഥാപനത്തിൽ അടക്കുന്നത്)<br>ആകെ 165000/- | 94463 | 42/18-19/21.7.18 | 9,446 |
| 3 | മൈതാനി കുന്നത്ത് ബേബിയുടെ വീടിന് സമീപം കിണർ ആഴം കൂട്ടൽ 260/18<br>അടങ്കൽ – തനത് ഫണ്ട് 50,000<br>ഗുണഭോക്തൃവിഹിതം 5,000<br>(സ്ഥാപനത്തിൽ അടക്കുന്നത്)<br>ആകെ 65,000 | 36564 | 66/18-19/17.8.18 | 3,656 |
| | ആകെ | | | 31,084 |

ഗുണഭോക്തൃവിഹിതം ഇനത്തിൽ ഈടാക്കാത്ത 31,084/- രൂപ ഉത്തരവാദിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 3,10,84/- രൂപ ചെലവഴിച്ചത് നിരാകരിക്കുന്നു.

## 3-2 മന്ദംകൊല്ലി ചപ്പക്കൊല്ലി റോഡ് റീടാറിംഗ് -അനാവശ്യനിയമനടപടികൾ മൂലം നഗരസഭക്ക് നഷ്ടം

നഗരസഭ 2015-16 വർഷം നടപ്പാക്കിയ മന്ദംകൊല്ലി ചപ്പക്കൊല്ലി റോഡ് റീടാറിംഗ് പ്രവൃത്തി നടത്തിപ്പിൽ നിർവഹണോദ്യോഗസ്ഥന്റെ അശ്രദ്ധ മൂലം നഗരസഭ അനാവശ്യനിയമനടപടികൾ നേരിടുന്നതിനും കേസ് നടത്തിപ്പിന് തുക ചെലവഴിക്കേണ്ടി വരുകയും ചെയ്തു.

കേസ് നമ്പർ.WPC-39762/2017,ബഹു.കേരള ഹൈക്കോടതി

2015-16 വർഷം 614/16 നമ്പർ പ്രോജക്ട് ആയി മന്ദംകൊല്ലി ചപ്പക്കൊല്ലി റോഡ് റീടാറിംഗ് പദ്ധതി നടപ്പാക്കിയിരുന്നു.11.01.16 ന് AE/SBY/216/15-16 ആയി എഗ്രിമെന്റ് വെച്ച പ്രവൃത്തി 02.01.16 ന് തുടങ്ങി 21.03.16 ന് പൂർത്തീകരിച്ചതാണ്. ശ്രീ.ഗോപാലകൃഷ്ണൻ കൺവീനറായി നടപ്പാക്കിയതായിരുന്നു ഈ പ്രവൃത്തി.എന്നാൽ കൺവീനർക്ക് തുക അനുവദിക്കാതിരിക്കുകയും കൺവീനർ WPC-39762/2017 നമ്പറായി ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 08.08.18 ന് കേസ് വിധിയാവുകയും വൌച്ചർ നമ്പർ-319/18-19/28.03.19 പ്രകാരം ബിൽ തുക കൺവീനർക്ക് നൽകുകയും ചെയ്തു.

കേസ് നടത്തിപ്പ് ഫീസ് ആയി വൌച്ചർ നമ്പർ 620/15.11.18 പ്രകാരം 15,000/- രൂപ അഡ്വക്കേറ്റ് ജയകുമാർ നമ്പൂതിരിക്ക് നൽകിയിട്ടുണ്ട്.

വാർഷിക പദ്ധതിയിൽ ഈ പ്രോജക്ട് ഉൾപ്പെടുത്താൻ വിട്ടുപോയതിനാലാണ് കൺവീനർക്ക് തുക നൽകാൻ കഴിയാതിരുന്നത് എന്നും അതാണ് ഈ കേസിന് ഇടയാക്കിയതെന്നുമാണ് അസി.എഞ്ചിനീയർ 23/06/2016 തീയതിയിലെ കത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ഈ പദ്ധതി യഥാർത്ഥത്തിൽ നടപ്പാക്കിയ സമയത്തോ,എഗ്രിമെന്റ് വെച്ച സമയത്തോ,പൂർത്തീകരണവേളയിലോ പ്രോജക്ട് വാർഷിക പദ്ധതിയിയിൽ ഉൾപ്പെട്ടില്ല എന്ന് നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിച്ചിട്ടില്ലയെന്നത് ഗുരുതരമായ വീഴ്ചയാണ്.

നിർവഹണോദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നുള്ള ഈ വീഴ്ചയാണ് പിന്നീട് നഗരസഭ ആവശ്യമില്ലാതെ നിയമനിയമ നടപടികളിലൂടെ കടന്നുപോയതിനും കോടതിച്ചെലവുകൾ ആയി തുക ചെലവഴിക്കുന്നതിനും കാരണമായത്. കേസ് നടത്തിപ്പ് ഫീസിനത്തിൽ ചെലവഴിച്ച 15,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക അന്നത്തെ നിർവഹണോദ്യോഗസ്ഥനായിരുന്ന അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 28/18-19/25.01.2020 ക്ക് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 30/07/2019 | കെ.എസ്.എ. (ഡബ്ല്യൂ.വൈ.ഡി.) എം2-649/19/22/08/2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നം, പേര് | പ്രോജക്ട് | ബിൽ / വൗച്ചർ നം.തീയതി | ചെലവ് / നൽകിയ തുക |
|---|---|---|---|---|
| 1 | 21/19 | സർവജന ശ്മശാനം-കൈപ്പഞ്ചേരി റോഡ് കെ.ഡബ്ല്യൂ.എ. പൈപ്പ് ലൈൻ നീട്ടൽ | 17/17.09.18 | 135000 |
| 2 | 25/19 | 24-)ഡിവിഷനിൽ കെ.ഡബ്ല്യു. എ. പൈപ്പ് ലൈൻ നീട്ടൽ | 18/17.09.18 | 100000 |

| | | | | |
|---|---|---|---|---|
| 3 | 26/19 | 26-)ാംഡിവിഷനിൽ കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 19/17.09.18 | 160000 |
| 4 | 27/19 | 33-)ാംഡിവിഷനിൽ കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 20/17.09.18 | 400000 |
| 5 | 28/19 | കക്കടം കുന്നിലെ കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 21/17.09.18 | 150000 |
| 6 | 29/19 | 15-)ാംഡിവിഷനിൽ കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 22/17.09.18 | 140000 |
| 7 | 30/19 | 26-)ാം ഡിവിഷനിൽ, മാവാട്ടിക്കുന്ന് കിണർ വഴി കെ.ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 23/17.09.18 | 75000 |
| 8 | 38/19 | വെള്ളപ്പാട്ട് കോളനിയിലേക്ക് കെ. ഡബ്ല്യു.എ. പൈപ്പ് ലൈൻ നീട്ടൽ | 24/17.09.18 | 150000 |
| 9 | 35/2019 | ജിഎൽപി എസ് കൈപ്പഞ്ചേരി കുഴൽകിണർ നിർമ്മാണം | 247/ 18-19/16.3.19 | 117650 |
| 10 | 34/2019 | ആറാം ഡിവിഷൻ വിവിധ കുഴൽകിണർ നിർമ്മാണം | 246/ 18-19/16.3.19 | 182820 |
| 11 | 37/2019 | കരിമ്പുവയൽ മിച്ച ഭൂമി കുഴൽകിണർ നിർമ്മാണം | 225/ 18-19/8.3.19 | 123980 |
| 12 | 33/2019 | ദർശന റോഡ് കുഴൽകിണർ നിർമ്മാണം | 175/ 18-19/25.1.19 | 25960 |
| 13 | 332/2019 | വടച്ചിറ മോഹൻ, ശോഭന വീടിന് സമീപം കുഴൽകിണർ നിർമ്മാണം | 149/ 18-19/11.12.18 | 40200 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സൗഭാഗ്യ ഭവന നിർമ്മാണം | WB/PDS/203/RHS/2013-14 | 20,000000 | 12434626 | 1100000 | 0 | 12773706 |
| ഇ.എം.എസ് ഭവനനിർമ്മാണം | സ.ഉ.(എം.എസ്) 83/ തസ്വഭവ/11.03.2013 | 34867800/- | 6706620 | 310000 | 0 | 6396620 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 551286 |
| തൻവർഷം നിക്ഷേപിച്ച തുക | 69139 (Interest) |
| ആകെ | 620425 |
| തന്നാണ്ടിൽ പിൻവലിച്ച തുക | Nil |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 620425 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, സു. ബത്തേരി FD No. 7692230 | 31.07.13 | 1 വർഷം | 620425/- | - |
| ആകെ | | | | 620425/- | - |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| 2018-19 | | 2800 | ടി.വി. അദ്രുറഹിമാൻ | 118140400004, 12-06-2018 |
| 2018-19 | | 1995 | ടി.വി. അദ്രുറഹിമാൻ | 118140400005, 12-06-2018 |
| 2018-19 | | 1308 | രവി.സി | 118140103997, 19-06-2018 |
| 2018-19 | | 1350 | മണി.എസ് | 118140103393, 6-06-2018 |

ക്രമ നമ്പർ 1,2 മാത്രമാണ് ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിനുള്ള റിക്കവറി ആയി രേഖപ്പെടുത്തിയിരിക്കുന്നത് (വർഷം/ഖണ്ഡിക നമ്പർ രേഖപ്പെടുത്തിയിട്ടില്ല).

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 97-98 | 68 | 1999-2000 | 77 | രാജീവ് ഗാന്ധി ബൈപ്പാസ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ അധികമായി കരങ്കൽ വാങ്ങി | സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 98-99 | 65 | 2001-02 | 4(2) | വനിതകൾക്കുള്ള പ്രൊജക്ടിൽ പുരുഷന്മാർക്ക് ആനുകൂല്യം നൽകി | --ടി-- |
| 98-99 | 30 | 2001-02 | 4(3) | കമ്മ്യൂണിറ്റിഹാൾ വാടക പഞ്ചായത്തിൽ അടക്കാതെ അപഹരിച്ചു<br>നഷ്ടം 19550/- | --ടി-- |
| 98-99 | 38 | - | 4(4) | ബിൽഡിംഗ് ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ് പഞ്ചായത്തിന് നഷ്ടം 23520 | --ടി-- |
| 99-2000 | 49 | 2002-03 | 5(1) | പൊതുമരാമത്ത് പ്രവൃത്തി അധിക നിരക്ക് നൽകി | --ടി-- |
| 99-2000 | 49 | 2002-03 | 5(2) | വനതകൾക്കുള്ള പ്രൊജക്ടിൽ പുരുഷന്മാർക്ക് ആനുകൂല്യം നൽകി | --ടി-- |
| 2006-07 | 2-6 | 2009-10 | 3(1)2(1) | കെട്ടിട വാടക പിരിവ് അപാകങ്ങൾ | --ടി-- |
| 2006-07 | 2-6 | 2009-10 | 3(1)2(1)A | വാടകക്കാരുമായി കൃത്യമായി കരാറിലേർപ്പെടുന്നില്ല. | --ടി-- |

| | | | | | |
|---|---|---|---|---|---|
| 2006-07 | 2-6 | 2009-10 | 3(1)2(1)B | വാടക കുടിശ്ശിക പിരിച്ചെടുത്തില്ല. | --ടി-- |
| 2006-07 | 2-6 | 2009-10 | 3(1)2(2) | ചട്ട വിരുദ്ധമായി വാടക നൽകി | --ടി-- |
| 2010-11 | | 2012-13 | 4.8.2 | കെ.ടി.ഡി.സി.ഹോട്ടൽ സംബന്ധിച്ച്. | --ടി-- |
| 2012-13 | | 2015-16 | 3(1)3(6) | ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സംബന്ധിച്ച്. | --ടി-- |
| 2015-16 | 2-2 | 2016-17 | - | തറ വിസ്തീർണ്ണത്തിന് ആനുപാതികമായി പെർമിറ്റ് ഫീസ് ഈടാക്കുന്നില്ല -4562637 രൂപയുടെ നഷ്ടം | തുക നഗരസഭ ഒടുക്കു വരുത്തിയിട്ടുണ്ട്. സമിതിയുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2016-17 | 2-7 | 2016-17 | - | റിസോർട്ടുകളിൽ കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിൽ നഗരസഭയ്ക്ക് നഷ്ടം | ഓഡിറ്റ് പരാമർശ പ്രകാരം 90 രൂപ നിരക്കിൽ തുക ഈടാക്കുന്നതിന് കക്ഷിയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. സമിതിയുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 2016-17 | 2-8 | 2017-18 | - | നഗരസഭയിലെ കേദാരം റിസോർട്ടിലെ അനധികൃത നിർമ്മാണം സംബന്ധിച്ച്. | സമിതിയുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹ 27,65,30,691/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹ 28,83,54,056/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ 46,084/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹ 1,19,47,358/- |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 31,084/- | മുനവർ.കെ, അസി. എഞ്ചിനീയർ |
| 3-2 | - | 15,000/- | ജീവൻ, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |

| | | |
|---|---|---|
| 1-23 | 13,10,000/- | അലി അസ്ഹർ.എൻ.കെ, സെക്രട്ടറി |
| 1-24 | 46,32,000/- | അലി അസ്ഹർ.എൻ.കെ, സെക്രട്ടറി |
| 1-27 | 29,00,000/- | അലി അസ്ഹർ.എൻ.കെ, സെക്രട്ടറി |
| 1-30 | 52,125/- | ഡോ.നിധിൻ.എസ്.എൽ,<br>മെഡിക്കൽ ഓഫീസർ, ചെതലയം |
| 1-36 | 23,12,623/- | കെ.കരുണാകരൻ,<br>പ്രിൻസിപ്പാൾ, സർവ്വജന സ്കൂൾ |
| 1-40 | 4,90,610/- | മുനവർ.കെ, അസി. എഞ്ചിനീയർ |
| 1-45 | 2,50,000/- | അലി അസ്ഹർ.എൻ.കെ, സെക്രട്ടറി |
| ആകെ | ₹ 1,19,47,358/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുനവർ.കെ, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>സുൽത്താൻ ബത്തേരി നഗരസഭ | നസ്മ മൻസിൽ,<br>കാപ്പൻകൊല്ലി, മേപ്പാടി |
| ജീവൻ, അസി. എഞ്ചിനീയർ | | |
| അലി അസ്ഹർ.എൻ.കെ, സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി സുൽത്താൻ ബത്തേരി | നായേരി കോമത്ത്, പിണങ്ങോട്, കൽപ്പറ്റ |
| ഡോ.നിധിൻ.എസ്.എൽ, മെഡിക്കൽ ഓഫീസർ, ചെതലയം | മെഡിക്കൽ ഓഫീസർ നെന്മാറ, പാലക്കാട് | ശാസ്താംകൂടത്ത്, പാടിയിൽ.പി.ഒ. ഇരിങ്ങാലകുട, തൃശ്ശൂർ |
| കെ.കരുണാകരൻ, പ്രിൻസിപ്പാൾ, സർവ്വജന സ്കൂൾ | പ്രിൻസിപ്പാൾ, സർവ്വജന സ്കൂൾ, ബത്തേരി | ആലക്കാത്തുമാലിൽ, മൂലങ്കാവ്.പി.ഒ. - വയനാട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86,86-87 | Lf(w)p1-397/2000(6)/24.06.2000 |
| 1987-88,89-90 | Lf(w)p1-397/2000(6)/24.06.2000 |
| 1990-91,91-92 | LF(w)P3-209/98/5.09.17 |
| 1992-93,93-94 | LF(w)P3-280/98/6.6.07/6.11.07 |
| 1994-95,95-96 | LF(w)P3-550/98/6.6.07/6.11.07 |
| 1996-97 | LF(W)p2-104/99/08.10.99 |
| 1997-98 | LF(W)p2-805/99/09.03.01 |
| 1998-99 | LF(W)p1-536/02(1)/15.02.2005 |
| 1999-2000 | LF(W)p1-10/02/28.05.2003 |
| 2000-2001(plan) | LF(W)P4-476/2003/10.08.2004 |
| 2000-2001 | LF(W)P4-472/2004/10.02.2006 |
| 2001-02 | LF(W)P4-85/2006/03.03.2007/11.02.2008 |
| 2002-03 | LF(W)P4-202/2006/14.02.2008/25.03.2008 |
| 2003-04 | LF(W)P4-395/10/16.8.10 |
| 2004-05 | LF(W)P4-784/2009/02.02.11 |
| 2005-06 | LF(W)P4-749/2009/02.12.2009 |
| 2006-07 | LF(W)P4-267/2010/16.11.2010 |
| 2007-08 | LF(W)P4-248/12/24.08.12 |
| 2008-09 | LF(W)P4-247/11/31.12.11 |
| 2009-10 | LF(W)P4-467/12/24.08.12 |
| 2010-11 | LF(W)P4-820/12/21.04.15 |
| 2011-12 | LF(W)P4- 625/13/20.11.2014/13.01.2015 |
| 2012-13 | LF(W)P3-226/15/05.05.16 |
| 2013-14 & 2014-15 | LF(W)P3-681/16/05.05.2016 |
| 2015-16 | കെ.എസ്.എ(ഡബ്ളു.വൈ.ഡി.)എം.2-132/17/24.03.17/18.05.17 |
| 2015-16 (01.11.2015 മുതൽ നഗരസഭ ആയി മാറി) | കെ.എസ്.എ(ഡബ്ളു.വൈ.ഡി.)എം.2-75/17-23/05/2017 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 2-611/17/06/05/2019 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.എം 2-143/19-09.12.2019 |

കുറിപ്പ് -01.11.2015 മുതൽ നഗരസഭയും അതിനുമുൻപ് ഗ്രാമപഞ്ചായത്തും ആയിരുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ(ഇൻ ചാർജ്ജ്)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

## അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.(ഡബ്ല.വൈ.ഡി.) എം.3 –119 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ – 673121

തിയ്യതി : 12.03.2020

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 കേരള മുനിസിപ്പാലിറ്റി നിയമം 295(4), , 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും സുൽത്താൻ ബത്തേരി നഗരസഭയുടെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

..എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

## അനുബന്ധം -2 ന്യൂനതകളുടെ സംഗ്രഹം

**1.** ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരുമാനം 29,54,80,248 രൂപയും

ആകെ ചെലവ് 30,13,30,900 രൂപയും ഡെഫിസിറ്റ് 58,50,652 രൂപയുമാണ്. I-18 ഷെഡ്യൂൾ പ്രകാരം 1,41,79,094 രൂപ ചെലവായി (prior period item) രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഡെഫിസിറ്റ് തുകയിൽ ഉൾപ്പെടുത്തി ആകെ ഡെഫിസിറ്റ് 2,00,29,746 രൂപ എന്ന് കാണിക്കേണ്ടതിന് പകരം വരവാണെന്ന രീതിയിൽ തെറ്റായി കണക്കാക്കിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ 83,28,442 രൂപ 'സർപ്ലസ്' ആയി മാറുകയും ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുകയും ചെയ്തു. ഇങ്ങനെ അക്കൗണ്ടിംഗ് നടത്തിയത് മൂലം വാർഷിക ധനകാര്യ പത്രികയിൽ യഥാർത്ഥത്തിൽ ഉണ്ടാവേണ്ട 'ഡെഫിസിറ്റ്' തുക പ്രതിഫലിപ്പിക്കുന്നില്ല. ഇക്കാരണത്താൽ നഗരസഭയുടെ 2018-19 വാർഷിക ധനകാര്യ പത്രികയിൽ നഗരസഭയുടെ ധനസ്ഥിതി സംബന്ധിച്ച് യഥാർത്ഥ വസ്തുത പ്രതിഫലിപ്പിക്കുന്നില്ല.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി.9 ൽ ഓഡിറ്റ് റിക്കവറി ഹെഡ്ഢിൽ ഉൾപ്പെട്ടിട്ടുള്ള തുകയിൽ 5,262,541 രൂപ വസ്തു നികുതിയിനത്തിൽ തനത് ഫണ്ട് വരുമാനമായി കണക്കാക്കേണ്ടതിന് പകരം ഓഡിറ്റ് റിക്കവറി ഹെഡ്ഢിൽ ഉൾപ്പെടുത്തിയതിനാൽ സ്ഥാപനത്തിൻെറ ഇല്ലാത്ത ബാധ്യതയായി ബാലൻസ് ഷീറ്റിൽ കാണുന്നു.

3.മുൻവർഷത്തെ വാർഷിക ധനകാര്യപത്രികയിൻമേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടില്ല

4. അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

5. താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ പാസ് ബുക്കുകൾ/ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| AFS -Receipt & payment schedule 40(b) പ്രകാരമുള്ള വിവരം | വാർഷിക കണക്ക് പ്രകാരം 31/03/2019 ലെ നീക്കിയിരിപ്പ് |
|---|---|
| SBT online | ₹4,06 |
| Union Bank of India salary Ac | ₹2 |
| Kerala Gramin Bank SSA | ₹6,06,592 |
| SBT Pykka | ₹12,837 |
| WDCB(NULHS) | ₹28,12,315 |
| Union Bank (NREGA) | ₹1,000 |
| WDCB(Housing) | ₹11,68,042 |

6.ഡെപ്പോസിറ്റ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

7.സ്ഥിര ആസ്തികളിൻമേൽ ഡിപ്രീസിയേഷൻ നൽകിയിട്ടില്ല.

8.അഡ്വാൻസ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

9. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

10. തൊഴിൽ നികുതി, വസ്തു നികുതി, കെട്ടിട വാടക, ബിൽഡിംഗ് പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ, ടെണ്ടർ ഫോറം വിൽപ്പന ഡി&ഒ ലൈസൻസ് ഫീസ് എന്നിവയുടെ സംക്ഷിപ്തം എഴുതി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല . കൂടാതെ തൊഴിൽ നികുതി ഈടാക്കേണ്ട കച്ചവട സ്ഥാപനങ്ങളുടെ പത്രികയും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

11.മെയിന്ററനൻസ് ഫണ്ട് (റോഡ് ), വികസനഫണ്ട് (ടി.എസ്.പി) എന്നിവയുടെ വരവ് എ.സി.ആർ,വാർഷിക ധനകാര്യ പത്രിക എന്നിവയിൽ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | AFS പ്രകാരം | ACR പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി.) | ₹1,71,05,566 | ₹1,76,00,454 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | ₹2,09,97,390 | ₹62,52,000 |

12. വാർഷിക ധനകാര്യപത്രികയിൽ I-6 ഷെഡ്യൂളിൽ മൈനസ് വരവുകൾ കാണിച്ചിരിക്കുന്നത് എന്താണെന്ന് വിശദീകരിച്ചിട്ടില്ല.

13. ലൈഫ് മിഷൻ പദ്ധതി പ്രകാരം ലഭിച്ച (KURDFC ) വായ്പ തുക PMAY പദ്ധതിക്ക് ലഭിച്ച വായ്പ തുക (ഹഡ്കൊ) എന്നിവ ബാദ്ധ്യതയായി വാർഷിക കണക്കിൽ കാണിച്ചിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം വരവ് വന്ന ₹12,99,40,000 സംബന്ധിച്ച വിവരം താഴെപ്പറയുന്നു.

| ഇനം | ലഭിച്ച തുക ഫയൽ പ്രകാരം |
|---|---|
| ലൈഫ് മിഷൻ പദ്ധതി | ₹8,92,60,000 |
| പി.എം.എ.വൈ പദ്ധതി | ₹4,06,80,000 |
| ആകെ | ₹12,99,40,000 |

14. വായ്പ രജിസ്റ്റർ പ്രകാരമുള്ള വായ്പയിനത്തിലെ നീക്കിയിരിപ്പ് തുകകളും വാർഷിക ധനകാര്യപത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല. സൗഭാഗ്യ ഭവന പദ്ധതി വായ്പ പലിശയുൾപ്പെടെ 1,24,34,626 രൂപയും ഇ.എം.എസ് ഭവന പദ്ധതി വായ്പ പലിശയുൾപ്പെടെ 4,15,900 രൂപയും 31.03.18 ന് തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്നു.

15.ആസ്തി രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല.

16. B-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. B4 ഷെഡ്യൂളും B-17 ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല.

17. ഇൻകം ആന്റ് എക്സപെൻഡീച്ചർ അക്കൗണ്ട് ഷെഡ്യൂൾ I-18 പ്രകാരം 1,25,14,622 രൂപ വസ്തു നികുതി ചെലവ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് വിശദമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

കൽപ്പറ്റ,
12/03/2020

/